2014 ഏപ്രിൽ 10
വാല്യം 07
ലക്കം 07

ബിലീവേഴ്സ് ജേണൽ

RNI. NO. KERMAL/2008/26530 POSTAL Reg. No. KL/TLA 225/2012 - 14 Annual Subscription Rs.150/- Pages:12

# പണാധിപത്യം ജനാധിപത്യത്തെ വിഴുങ്ങുമ്പോൾ



**പ്രകാശ് പി. കോശി – മുംബൈ**

**ലോ**കത്തിലെ ഏറ്റവും വലിയ ജനാധിപത്യരാജ്യമായ ഇന്ത്യയിലെ ലോക്സഭാ തെരഞ്ഞെടുപ്പിൽ അനധികൃതമായി ഒഴുകുന്ന പണം വില്ലനാകുന്നു. അതുകൊണ്ടായിരിക്കണം മഹാരാഷ്ട്ര നവനിർമാൺ സേന നേതാവ് രാജ് താക്കറെ പൊതുജനങ്ങളോട് ഇങ്ങനെ പറഞ്ഞത്. “കോൺഗ്രസ് നേതാക്കന്മാർ പണം തരികയാണെങ്കിൽ വാങ്ങിച്ചോളൂ. എന്നാൽ അവർക്ക് വോട്ട് കൊടുക്കരുത്”.

പാർട്ടി വ്യത്യാസമില്ലാതെ ഇന്ന് ഇന്ത്യയുടെ പല ഭാഗത്തും വോട്ടിന് വിലയുറപ്പിച്ച് കഴിഞ്ഞു. ഈ ലേഖകൻ താമസിക്കുന്ന പട്ടണത്തിനടുത്ത് ഒരു വോട്ടിന്റെ വില മൂവായിരം രൂപയാണെന്നാണ് പൊതുജന സംസാരം. പൈസയാണ് ഇലക്ഷനെ നിയന്ത്രിക്കുന്നതെങ്കിൽ നാം അഭിമാനിക്കുന്ന ജനാധിപത്യത്തിന്റെ അന്തസത്ത അത് ഇല്ലാതാക്കും.

ദേശീയ മാധ്യമങ്ങളെ ബി. ജെ. പി.യുടെ പ്രധാനമന്ത്രി സ്ഥാനാർത്ഥി വിലക്കെടുത്തിരിക്കുകയാണ് എന്ന് കോൺഗ്രസ് നേതാക്കന്മാരും ആം ആദ്മി പാർട്ടിക്കാരും ആരോപിക്കുന്നു. ഇതിൽ അല്പം എങ്കിലും വാസ്തവം ഉണ്ടെന്ന് തോന്നിപ്പോകുന്നു. കാരണം ദേശീയ മാധ്യമങ്ങളെല്ലാം തന്നെ ഇപ്പോൾ മോദിമയം ആണ്.

കോൺഗ്രസ് ഭരിച്ചാലും ബി. ജെ. പി. ഭരിച്ചാലും ഇന്ത്യയുടെ യഥാർത്ഥ ഭരണാധികാരി റിലയൻസ് ആണെന്നാണ് ആപ്പിന്റെ ആരോപണം നിരാകരിക്കാൻ ഈ രണ്ടു പാർട്ടികളും തുനിഞ്ഞിട്ടില്ല എന്നത് സംശയത്തിന് ഹേതുവാണ്. പ്രകൃതിവാതകത്തിന്റെ പുതിയ വിലയിടൽ, ഇലക്ഷൻ കമ്മീഷൻ തത്കാലം മരവിപ്പിച്ച ഈ നയം, ഇന്ത്യയിലെ വൈദ്യുതി ഊർജ്ജത്തിന്റെയും ചരക്ക് ഗതാഗതത്തിന്റെ വില വളരെ ഗണ്യമായി വർദ്ധിപ്പിക്കും എന്നതിന് സംശയമില്ല. പത്ത് വർഷം ഭരിക്കാൻ അവസരം കൊടുത്ത ജനങ്ങൾക്ക് കോൺഗ്രസ് നേതൃത്വം ഒത്തിരി സമ്മാനങ്ങൾ നൽകിയിട്ടുണ്ട്, 2G, കൽക്കരിപ്പാടം, കോമൺവെൽത്ത് ഗയിംസ് ഇവയൊക്കെ ഉദാഹരണം എന്നാൽ ഇറങ്ങിപ്പോകുന്നതിനു മുമ്പ് ജനങ്ങൾക്ക് കൊടുത്ത അവസാനത്തെ ഇരുട്ടടിയാണ് പുതിയ വാതകവില ഫോർമുല. അടുത്ത ഇലക്ഷനിൽ ഒരു പക്ഷെ ബി. ജെ. പി. അധികാരത്തിൽ വരുമായിരിക്കും. എന്നാൽ ബി. ജെ. പി.യോടുള്ള അമിത താത്പര്യം കൊണ്ടായിരിക്കില്ലത്. കോൺഗ്രസിന്റെ നയവൈകല്യങ്ങളും അഴിമതിയും വിലകയറ്റവും കണ്ടുമടുത്ത ജനങ്ങൾ ഒരു മാറ്റത്തിനുവേണ്ടി ബി. ജെ. പി.യെ തുണയ്ക്കുമായിരിക്കും. നരേന്ദ്രമോദിയെ വെട്ടിനുറുക്കാൻ പറഞ്ഞയാളും കോൺഗ്രസ് നേതാക്കളെ വസ്ത്രാക്ഷേപം നടത്താൻ ആഗ്രഹിക്കുന്നയാളും നിറഞ്ഞുനിൽക്കുന്ന ഇന്ത്യൻ രാഷ്ട്രീയത്തിൽ ക്രിമിനലുകൾക്ക് ഒരു പഞ്ഞവുമില്ല. അടുത്തയിടെ ലോക് ഫൗണ്ടേഷൻ നടത്തിയ സർവ്വേ പ്രകാരം ഇന്ത്യയിലെ 58% വോട്ടർമാരും ക്രിമിനൽ പശ്ചാത്തലമുള്ള സ്ഥാനാർത്ഥികളെ പിന്തുണക്കാൻ തയ്യാറാണ്. തിരിച്ച് ഇവർ ജനങ്ങളെ സഹായിക്കണം എന്ന് മാത്രം. ഇങ്ങനെയു

04

## സോൾ വിന്നേഴ്സ് ഇന്ത്യ വാർഷിക കൺവൻഷന് അനുഗ്രഹസമാപ്തി




**മധ്യപ്രദേശ് (ബേഡ്വാഹ):** സോൾ വിന്നേഴ്സ് ഇന്ത്യാ വാർഷിക കൺവൻഷനും സംയുക്ത ബൈബിൾ സെമിനാരി ഗ്രാജുവേഷനും അനുഗ്രഹ സമാപ്തി. സഭാ ആസ്ഥാനമായ മധ്യപ്രദേശിലെ ബേഡ്വാഹയിലാണ് യോഗങ്ങൾ നടന്നത്.

പാസ്റ്റർ ജോൺസൺ ഏബ്രഹാമിന്റെ അധ്യക്ഷതയിൽ ചേർന്നയോഗത്തിൽ സഭാ പ്രസിഡന്റും ഡയറക്ടറുമായ റവ. കെ. ജി. ഈശോ ഉദ്ഘാടനം ചെയ്തു.

പാസ്റ്റർമാരായ നിതിൻ കുമാർ മസ്സി, ജോൺസൺ ഏബ്രഹാം, ഡി. എസ്., ദുർഗ്ഗ, ഡമർ സിംങ്, കിരൺ കുമാർ, അനിയൻകുഞ്ഞ് കെ. കെ., എൻ. ജെ. ജേക്കബ്, രാജേഷ് ലാൽ, കലുറാം മസ്സി, മിസിസ്സ് പൊന്നമ്മ ജേക്കബ് എന്നിവരും വിവിധ യോഗങ്ങളിൽ അധ്യക്ഷത വഹിച്ചു.

ഡോ. റെ പെഫാം ആയിരുന്നു ഈ പ്രാവശ്യം മുഖ്യപ്രസംഗകൻ. കൂടാതെ പാസ്റ്റർ

09

## ഓസ്ട്രേലിയൻ ഇന്ത്യൻ പെന്തക്കോസ്തൽ കോൺഫറൻസ്





**സിഡ്നി:** മൂന്നു ദിവസം നീണ്ടു നിൽക്കുന്ന നാലാമത് ഓസ്ട്രേലിയൻ ഇന്ത്യൻ പെന്തക്കോസ്തൽ കോൺഫറൻസ് സിഡ്നിയിൽ നടത്തുന്നതിനുള്ള ഒരുക്കങ്ങൾ പൂർത്തിയായതായി ഭാരവാഹികൾ അറിയിച്ചു.

ഏപ്രിൽ മാസം 18–20 വരെ നടക്കുന്ന സമ്മേളനത്തിന് വെന്റ്വർത്ത് വില്ലെയിലെ 2ലെയ്ൻ സ്ട്രീറ്റിലുള്ള റെഡ് ഗം സെന്റർ ആണ് വേദി. ഓസ്ട്രേലിയയിലെ എല്ലാ പ്രദേശങ്ങളിൽ നിന്നും സഭകൾ പങ്കെടുക്കുന്ന കോൺഫറൻസിന്റെ ഉദ്ഘാടനം 18നു നാഷണൽ പ്രസിഡന്റ് പാസ്റ്റർ തോമസ് ജോർജ് നിർവഹിക്കും.

05

## സാക്ഷി



ലോക്സഭാ ഇലക്ഷനിൽ സാക്ഷിയുടെ പാർട്ടിയേതാണ്?

*ജയിക്കുന്ന പാർട്ടി സാക്ഷിയുടെ പാർട്ടി*

## മൗണ്ട് സീയോൻ ബൈബിൾ സെമിനാരി ഗ്രാജുവേഷൻ



എഡ്യൂക്കേഷൻ ഡയറക്ടർ റവ. ജോൺസൺ ഡാനിയേൽ സർട്ടിഫിക്കറ്റുകൾ നൽകുന്നു. റവ. പി. ജി. മാത്യൂസ്, പ്രിൻസിപ്പാൾ റവ. സുജു ജോൺ, പാസ്റ്റേഴ്സ് സണ്ണി പി. ശാമുവേൽ, വിനോദ് ജേക്കബ് തുടങ്ങിയവർ സമീപം.

## ചർച്ച് ഓഫ് ഗോഡ് കേരളാ സ്റ്റേറ്റ് കൗൺസിൽ അപലപിച്ചു

**മുളക്കുഴ:** ബിലീവേഴ്സ് ജേണൽ ചീഫ് എഡിറ്റർ സാംകുട്ടി മാത്യുവിനുനേരെ സ്റ്റേറ്റ് ബോർഡ് മുൻ അംഗങ്ങളായ രണ്ടുപേർ നടത്തിയ വധഭീഷണി അപലപനീയമാണെന്നും സ്റ്റേറ്റ് കൗൺസിൽ ഒന്നടങ്കം അതിനെ അപലപിക്കുന്നുവെന്നും ചർച്ച് ഓഫ് ഗോഡ് കേരളാ സ്റ്റേറ്റ് കൗൺസിൽ മീറ്റിംഗിൽ സ്റ്റേറ്റ് കൗൺസിൽ സെക്രട്ടറി പാസ്റ്റർ പി. സി. ചെറിയാൻ പ്രസ്താവിച്ചു. സ്റ്റേറ്റ് ഓവർസിയർ പാസ്റ്റർ പി. ജെ. ജെയിംസിന്റെ അദ്ധ്യക്ഷതയിൽ നടന്ന കൗൺസിൽ മീറ്റിംഗിൽ ഇത്തരം പ്രവണതകൾ സഭ പ്രോത്സാഹിപ്പിക്കില്ലെന്നും സഭയ്ക്ക് ഇതിൽ യാതൊരുവിധ പങ്കില്ലെന്നും സെക്രട്ടറി പ്രസ്താവിച്ചു. മാധ്യമങ്ങളുമായി നല്ല ബന്ധത്തിൽ പോകുവാനാണ് സഭ ആഗ്രഹിക്കുന്നത് എന്നും ഇത്തരം സംഭവങ്ങൾ ആവർത്തിക്കുവാൻ പാടില്ലെന്നും മാധ്യമപ്രവർത്തകരെ ഭീഷണിപ്പെടുത്തുന്നത് സഭയുടെ നയമല്ലെന്നും സെക്രട്ടറി പറഞ്ഞു.

ബിലീവേഴ്സ് ജേണൽ
പത്രാധിപ സമിതി

രക്ഷാധികാരി
റവ. ജോർജ്ജ് വി. മേക്കാട്ട്
ചെയർമാൻ
രാജൻ ആര്യപ്പള്ളിൽ
വൈസ് ചെയർമാൻ
വിൽസൺ ജോർജ്ജ്
ചീഫ് എഡിറ്റർ
പാസ്റ്റർ സാംകുട്ടി മാത്യു
മാനേജിംഗ് എഡിറ്റർ
എം.വി. ഫിലിപ്പ്
ഗൾഫ് എഡിറ്റർ
പാസ്റ്റർ ബിജു ജോയി
കോർഡിനേറ്റർ
പാസ്റ്റർ കെ. ജെ. മാത്യു
മലബാർ കോർഡിനേറ്റർ
പാസ്റ്റർ സജി നെടുങ്കണ്ടം

ബിലീവേഴ്സ് ജേണൽ
വാർഷിക വരിസംഖ്യ
ഇന്ത്യയിൽ: 150 രൂപ
യു.എസ്.എ. & കാനഡ: $ 40
യു.കെ: £ 20
ഗൾഫ് രാജ്യങ്ങൾ: 1500 രൂപ

വരിസംഖ്യ അയയ്ക്കേണ്ട വിലാസം
ബിലീവേഴ്സ് ജേണൽ
P.O.Box:31
Manjadi .P.O.,
Thiruvalla - 689 105
Kerala, India

Mob: 9447368795 (INDIA)

E- mail
beljourn@gmail.com

Website
www.beljourn.com
www.beljourn.in

അറിയിപ്പ്
ബിലീവേഴ്സ് ജേണലിൽ വരുന്ന ലേഖനങ്ങളിലെയും പതിവു പംക്തികളിലെയും ആശയങ്ങളുടെയും അഭിപ്രായങ്ങളുടെയും ഉത്തരവാദിത്വം എഴുത്തുകാർക്കുമാത്രമാണ്.
പത്രാധിപർ

# ഇലക്ഷൻ കാലത്ത് പക്ഷംപിടിത്തം പാടില്ല




ഭാരതം ഒരു പൊതു തെരഞ്ഞെടുപ്പിന്റെ ലഹരിയിലാണ്. ചില സംസ്ഥാന നിയമസഭകളിലേക്കും തെരഞ്ഞെടുപ്പു നടക്കുന്നുണ്ടെങ്കിലും ലോക്സഭാ ഇലക്ഷനാണ് എല്ലാവരും ഉറ്റുനോക്കുന്നത്. ഈ പത്രം വായനക്കാരുടെ കൈകളിലെത്തുമ്പോഴേക്കും കേരളത്തിൽ വോട്ടിംഗ് കഴിഞ്ഞിരിക്കും. വോട്ടിംഗിനുശേഷം തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് ഒരു എഡിറ്റോറിയൽ എഴുതേണ്ട എന്ത് ആവശ്യമെന്ന് സംശയിക്കുന്നവരുണ്ടാകും. എന്നാൽ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് ചില വാർത്തകളും ചില പെന്തക്കോസ്ത് നേതാക്കന്മാർ നടത്തിയ തറ രാഷ്ട്രീയക്കളികളുമാണ് ഇതെഴുതാൻ പ്രേരണ നൽകിയത്.

കേരളത്തിൽ പ്രധാനമായും രണ്ട് മുന്നണികൾ തമ്മിലാണ് മത്സരം നടക്കുന്നത്. ഒന്നോ രണ്ടോ ഇടത്ത് ബി. ജെ. പി.യും ശക്തമായി രംഗത്തുണ്ട്.

ഫേസ്ബുക്കിൽ തിരുവനന്തപുരംകാരനായ ഒരുപദേശി ഒരു സ്ഥാനാർത്ഥിയോടൊപ്പം നിൽക്കുന്ന ഫോട്ടോ പ്രദർശിപ്പിച്ചിരിക്കുന്നത് കണ്ടു. തന്റെ പത്രത്തിൽ വിദഗ്ദമായി നടത്തിയ വോട്ടുപിടുത്തവും. ദൈവമക്കൾ ആരാധിക്കുന്ന ഇടത്ത് ആരാധനയ്ക്കിടക്ക് സ്ഥാനാർത്ഥികളെ പരിചയപ്പെടുത്തുന്ന ധാരാളം പാസ്റ്റർമാരുണ്ടിവിടെ. ആരാധനയുടെ പാതിയിൽ എത്തുന്ന സ്ഥാനാർത്ഥിയെ ഭവ്യതയോടെ സ്വീകരിച്ച് ആരാധനയ്ക്ക് ബ്രേക്കിട്ടിട്ട് സ്ഥാനാർത്ഥിയെ പരിചയപ്പെടുത്തുകയും സ്ഥാനാർത്ഥിക്ക് വോട്ടു തേടാൻ സമയം നൽകുകയും ചെയ്യും. സ്ഥാനാർത്ഥിക്കായി. അപ്പോൾ തന്നെ പ്രാർത്ഥിക്കുന്ന പാസ്റ്ററുമാരും ഈ കേരളത്തിലുണ്ട്. ഇത്തരം സന്ദർഭങ്ങളിൽ മിടുക്കന്മാരായ സ്ഥാനാർത്ഥികൾ ഹല്ലേല്ലുയ്യായും സ്തോത്രവും തട്ടിവിടുന്നു. നിർദ്ദോഷികളായ പാവം വിശ്വാസികൾ ഇതിൽ വീഴുന്നു. രാഷ്ട്രീയക്കാർ കാട്ടുന്ന ഇത്തരം മെയ് വഴക്കം അവരുടെ കഴിവാണ്. ഹാളിൽ നിന്നിറങ്ങുന്നവർ അച്ചന്റെയടുക്കലും പൂജാരിയുടെയടുക്കലും മുല്ലമാരുടെയടുക്കലും ഇതേ മെയ് വഴക്കം കാട്ടുന്നു. അത് അവരുടെ തന്ത്രം. പെന്തക്കോസ്ത് ആരാധനയുടെ നടുക്ക് രാഷ്ട്രീയക്കാരെ കെട്ടി എഴുന്നള്ളിക്കുന്നവർ മറക്കുന്നത് സർവ്വശക്തനായ ദൈവത്തിന്റെ മഹത്വത്തെയാണ്. ഏതെങ്കിലും സമുദായസഭകളിൽ ഇത്തരം പ്രവർത്തികൾ അനുവദിക്കുമോ? ഇടതായാലും വലതായാലും എല്ലാവരും പെന്തക്കോസ്ത് സമൂഹത്തിനെ വേണ്ട നിലയിൽ പരിഗണിക്കുന്നവരല്ല എന്നതാണ് യാഥാർത്ഥ്യം. ഇലക്ഷൻ സമയത്ത് കാണിക്കുന്ന സ്നേഹം സഭകൾ നേരിട്ടിട്ടുള്ള പീഡനസമയത്ത് ഇക്കൂട്ടർ കാട്ടാറില്ല. ചില രാഷ്ട്രീയക്കാർ ഇതിന് അപവാദമാണെന്ന സത്യം അംഗീകരിക്കുന്നു.

നമ്മൾ സമൂഹത്തിൽ ക്രിസ്തുവിന്റെ സുവിശേഷത്തിനു സാക്ഷ്യം വഹിക്കേണ്ടവരാണ്. ഇവിടെ രാഷ്ട്രീയപാർട്ടികളുടെ പക്ഷം പിടിക്കേണ്ടവരല്ല. നമ്മുടെ സമൂഹത്തിൽ സംഭവിക്കുന്നതിനെക്കുറിച്ച് ബോധവാന്മാരാണ് ഇവിടുത്തെ വിശ്വാസികളും ശുശ്രൂഷകരും. തങ്ങളുടെ വോട്ടവകാശം എങ്ങനെ വിനിയോഗിക്കണം എന്നതിനെക്കുറിച്ച് അവർ ബോധവാന്മാരുമാണ്. അവരുടെ വ്യക്തിത്വം അവർ ആർക്കും അടിയറവെച്ചിട്ടുമില്ല. ഇവരെ ഇതിൽ സ്വാധീനിക്കാൻ കെല്പുള്ള പെന്തക്കോസ്തു നേതാക്കന്മാർ ഇവിടില്ല എന്നതാണ് യാഥാർത്ഥ്യം. സത്യം ഇതായിരിക്കെ യേശുവിനെ ഒറ്റിക്കൊടുത്ത യൂദയെപ്പോലെ 30 വെള്ളിക്കാശിനായി പെന്തക്കോസ്ത് ശുശ്രൂഷകരെയും വിശ്വാസികളെയും തൂക്കിവിൽക്കാൻ ശ്രമിക്കുന്നവർക്ക് യൂദയുടെ ഗതി ഉണ്ടാകാതിരിക്കുവാൻ സൂക്ഷിക്കുക. കിട്ടുന്ന നക്കാപ്പിച്ചക്കുവേണ്ടി രാഷ്ട്രീയക്കാരുടെ പക്ഷം പിടിച്ചെഴുതുന്നവരും തങ്ങളുടെ കൈയിൽ വോട്ടുണ്ടെന്ന് വീമ്പു പറയുന്ന ഉപദേശിമാരും മറക്കുന്ന ഒന്നുണ്ട്. നിങ്ങളുടെ ദൗത്യം ഇതല്ല. രാഷ്ട്രീയത്തിൽ പക്ഷം പിടിച്ച് ചില്ലറ നേട്ടങ്ങളുണ്ടാക്കുമ്പോൾ മറുപക്ഷത്തുള്ളവരോട് സുവിശേഷം പറയുവാൻനിങ്ങൾക്ക് പ്രാഗത്ഭ്യം ഉണ്ടാകുമോ? എല്ലാവരുടെ ഉള്ളിലും രാഷ്ട്രീയ അവബോധം ഉണ്ട്. ഒരു പെന്തക്കോസ്തുപദേശിയോ ഒരു പെന്തക്കോസ്തു പത്രമോ ഒരിക്കലും ഒരു പക്ഷത്തിനുവേണ്ടി രാഷ്ട്രീയത്തിലിടപ്പെടുന്നത് പെന്തക്കോസ്ത് മൂല്യങ്ങൾക്കും ധാർമ്മികതയ്ക്കും യോജിച്ചതല്ല. നമ്മുടെ കടമ ദൈവഹിത പ്രകാരമുള്ളവർ തെരഞ്ഞെടുക്കപ്പെടുവാൻ പ്രാർത്ഥിക്കുക എന്നതാണ്. ഒപ്പം മനസാക്ഷിക്കു യോഗ്യമായി തങ്ങളുടെ വോട്ടവകാശം വിനിയോഗിക്കുക. അതിനപ്പുറം ഒരു കടന്നു കയറ്റത്തിന് പത്രക്കാരെയും നേതാക്കന്മാരെയും അനുവദിച്ചുകൂടാ. ഇവിടെ ചിലർ നടത്തിയ നാടകങ്ങൾ ഏതു പക്ഷത്തിനു വേണ്ടിയാണെങ്കിലും തരംതാണുപോയി എന്നു പറയാതെ വയ്യ.

മാതാപിതാക്കൾ അറിയാൻ

# മക്കൾക്ക് നൽകേണ്ടത്

– തുടർച്ച14 –

(അവധിക്കാലത്ത്)



ബിനു ജോസഫ് വടശ്ശേരിക്കര

കുഞ്ഞുങ്ങൾക്ക് എന്തും നൽകുവാൻ മാതാപിതാക്കൾ തയ്യാറാണ്. എന്നാൽ പലപ്പോഴും ലഭിക്കേണ്ടത് ലഭിക്കുന്നില്ലെന്നതാണ് യാഥാർത്ഥ്യം. പഠനത്തിന്റെ തിരക്കിൽ നിന്ന് കുഞ്ഞുങ്ങൾ സ്വതന്ത്രമാകുന്ന അവധിക്കാലത്ത് ആത്മീക പാഠങ്ങൾ നൽകാനുള്ള വേദിയാകണം. അവധികാലത്ത് ട്യൂഷൻ, കോച്ചിംഗ്, ടൂർ, ബന്ധുവീടു സന്ദർശനം, കമ്പ്യൂട്ടർ പഠനം, നീന്തൽ പരിശീലനം ഇങ്ങനെ വ്യത്യസ്തമായ പദ്ധതികളാണ് കുട്ടികൾക്കും, മാതാപിതാക്കൾക്കും ഉള്ളത്. എന്നാൽ കുഞ്ഞുങ്ങൾക്ക് ആത്മീക വളർച്ച നൽകുന്ന ക്യാമ്പുകൾ, വി. ബി. എസ്സുകൾ, ധ്യാനയോഗങ്ങൾ തുടങ്ങിയവയ്ക്ക് പലപ്പോഴും മാതാപിതാക്കൾ കുട്ടികളെ ഉത്സാഹിപ്പിക്കാറില്ല,....ചിലരുടെ എങ്കിലും ധാരണ; “വി.ബി. എസ്സിനോ സണ്ടേസ്കൂളിനോ പോയിട്ട് എന്താ പ്രയോജനം? വി. ബി. എസ്സ് സർട്ടിഫിക്കറ്റു കൊണ്ട് ജോലിക്കോ പഠിക്കനോ ഒന്നും പ്രയോജനം ഇല്ലല്ലോ”. വളരെ ശരിയായ ഒരു ചിന്താഗതി ആണ്. എന്നാൽ ദൈവഭക്തിയാണ് വലിയ ആദായം- എന്നത് പലതും മറക്കുന്നു;

**ദൈവീകത നഷ്ടമായാൽ**

മക്കളെ ഡോക്ടറും എഞ്ചിനിയറും ആക്കാനുള്ള ബദ്ധപ്പാടിൽ കുഞ്ഞുങ്ങൾക്ക് നഷ്ടമാകുന്നത് ദൈവത്തെയും ദൈവഭക്തിയുമാണ്. പലരും ജീവിതത്തിൽ വലിയവർ ആകുന്നുണ്ടെങ്കിലും ധാർമ്മികതയും(morality)ദൈവീകതയും(godliness) ഇല്ലാത്തവരായി മാറുന്നതിന്റെ കാരണം മാതാപിതാക്കൾ മക്കളെ ദൈവീകതയിലും ആത്മീകതയിലും വളർത്തി എടുക്കുന്നില്ലെന്നതാണ്. വിദ്യാഭ്യാസത്തോടൊപ്പം ദൈവത്തെ നൽകുന്നില്ലെങ്കിൽ മക്കൾ ദൈവം ഇല്ലാത്തവരും മാതാപിതാക്കളെ കരുതാത്തവരും ആയി മാറും.

ദൈവീകത നഷ്ടമാകുന്നതിനാലാണ് കൈകൂലിക്കും കോഴക്കും, അധാർമികതയ്ക്കും പലരും കൂട്ടു നിൽക്കുന്നത്. മറ്റുള്ളവന്റെ കഴുത്ത് അറുത്താലും എന്റെ കീശ നിറയണം എന്ന ചിന്താഗതിയുടെ കാരണവും ദൈവീകതയുടെ നഷ്ടമാണ്.

**തലമുറയിലേക്ക് നൽകേണ്ടത്...**

സ്വത്തും വസ്തുവകകളും തലമുറയ്ക്കായി കൂട്ടിവെക്കുന്നതാണ് ജീവിതം എന്ന് കരുതുന്ന മാതാപിതാക്കൾ ഉണ്ട്. അതുതെറ്റായ ചിന്താഗതിയാണ്. കഴിഞ്ഞ തലമുറയിൽ സ്വത്തുകരുതി മക്കൾക്കു നൽകിയവർക്ക് നഷ്ടമായത് ധാർമ്മികതയുള്ള തലമുറയെയാണ്. മാതാപിതാക്കളെ സ്നേഹിക്കുവാനും കരുതുവാനും അറിയാത്ത ഒരു തലമുറയാണ് ബാക്കി ലഭിച്ചത്. പണം ഉണ്ടെങ്കിൽ എല്ലാം ആയി എന്ന തെറ്റിധാരണ മാറ്റിയിട്ട് പണത്തെക്കാൾ വലുത് ദൈവം ആണെന്ന ബോധ്യം തലമുറയിലേക്ക് പകരണം.

പഴയ തലമുറ മക്കൾക്ക് കൈമുതലായി നൽകിയത് വിശ്വാസവും ദൈവത്തെയുമാണ്. പ്രതിസന്ധികളിൽ നിന്ന് വിടുവിക്കുന്ന ഒരു ദൈവം ഉണ്ടെന്ന ബോധ്യം. ജീവിതത്തിൽ മുമ്പിലേക്ക് ഒരു വഴിയുണ്ടെന്ന വിശ്വാസം. ഇവയാണ് ഇന്നത്തെ തലമുറയ്ക്കും ആവശ്യം.

**അവധിക്കാലത്തെ പരിശീലനം**

അവധികാലം ആഹ്ളാദത്തിന്റെ കാലമാണ് ആത്മീകമായി സന്തോഷിക്കുവാൻ ഇത്തരം അവസരങ്ങൾ വിനിയോഗിക്കണം. സഭകളിലെ ഉണർവുപ്രസംഗങ്ങളും പതിവു ആരാധനകളും കുഞ്ഞുങ്ങളുടെ തലയ്ക്കു മുകളിലൂടെ പോകുമ്പോൾ അവധിക്കാലത്ത് കുഞ്ഞുങ്ങൾക്ക് മാത്രമായി ചില ആത്മീക പരിപ്പാടികൾ തയ്യാർ ചെയ്യണം, അതിനു പങ്കെടുക്കുവാൻ അവരെ പ്രോത്സാഹിപ്പിക്കണം.

**കുഞ്ഞുങ്ങൾക്ക് വേണ്ടത്–**

–> വിബിഎസ്സ് എന്ന വെക്കേഷൻ ബൈബിൾ സ്കൂൾ.

വിബിഎസ്സ് ഒരു അവധിക്കാല പാഠ്യപദ്ധതിയാണ്. കുഞ്ഞുങ്ങൾക്ക് ആഹ്ളാദവും സന്തോഷവും പ്രദാനം ചെയ്യുന്നതോടൊപ്പം ആത്മീക സത്യങ്ങൾ നൽക്കുന്ന ഒന്നാണ് വിബിഎസ്സ്. കേരളത്തിൽ ഏഴു വർഷക്കാലമായി എക്സൽ വിബിഎസ്സിലൂടെ പതിനായിരക്കണക്കിന് കുഞ്ഞുങ്ങളിലേക്ക് ദൈവവചനം നൽകുവാൽ ഞങ്ങളും പരിശ്രമിക്കുന്നു. വിബിഎസ്സുകളിൽ കുഞ്ഞുങ്ങളെ പങ്കെടുപ്പിക്കണം. ദൈവസന്നിധിൽ സന്തോഷിക്കുവാനും പാടാനും ആടാനുമായി കുഞ്ഞുങ്ങൾക്ക് അവസരം ലഭിക്കുന്നു. വിബിഎസ്സുകൾ സഭകൾക്കും കുഞ്ഞുങ്ങൾക്കും ഒരു പുത്തൻനുണർവ്വാണ് നൽക്കുന്നത്. വിബിഎസ്സ് സഭകളിൽ വേണ്ട എന്ന് നിഷ്കർഷിക്കുന്നവർ ഉണ്ട്.

കഴിഞ്ഞ ദിവസത്തിൽ ഒരു പാസ്റ്ററിനോട് വിബിഎസ്സിനെ പറ്റി പറഞ്ഞപ്പോൾ, അദ്ദേഹത്തിന്റെ പ്രതികരണം എന്നെ ഞെട്ടിപ്പിച്ചു. എന്റെ സഭ ദൈവാലയമാണ്, പിള്ളാരെ ചാടിക്കാനും കളിപ്പിക്കാനുമുള്ള സ്ഥലമല്ല അത് വളരെ നല്ല തീരുമാനം എന്ന് എനിക്ക് തോന്നി. കമ്മറ്റികൂടുവാനും തമ്മിലടിക്കുവാനും സഭയിൽ പ്രശ്നമില്ല എന്നാൽ കുഞ്ഞുങ്ങൾ ദൈവവചനം പഠിക്കുന്നതും പാടുന്നതും അനാത്മികമായാണ് ചിലർക്ക് തോന്നുന്നത്. ഇന്ന് നിങ്ങളുടെ സഭകളിൽ കുഞ്ഞുങ്ങൾക്ക് സന്തോഷിക്കുവാൻ കഴിയുന്നില്ലെങ്കിൽ, അവർ നാളെ സഭയിലേക്ക് എത്തുകയില്ല, അവർക്ക് ആനന്ദം പകരുന്ന മറ്റു പലതിലേക്കും തിരിയും... “ദൈവസന്നിധിയിൽ സന്തോഷത്തിന്റെ പരിപൂർണ്ണത ഉണ്ടെന്നത് കുഞ്ഞുങ്ങൾ അറിയണം”. സത്യത്തിൽ ഇന്നത്തെ സഭകളിലേക്ക് യേശു ഉപയോഗിച്ച ചാട്ടവാർ തന്നെ വേണ്ടിവന്നേക്കാം. ഇന്നത്തെ ആവശ്യം ഒരു ശുദ്ധീകരണമാണ്.

നിങ്ങളുടെ ച

08

കാലികം

# മരണനേരത്തും മകനോടുള്ള പ്രബോധനം



സജി നെടുങ്കണ്ടം

ദൈവത്തോട് സമനാകാൻ ശ്രമിച്ച ദൂതൻ ലൂസിഫർ വെട്ട് കൊണ്ട് നിലമ്പതിച്ചതു മുതൽ ദൈവീക പദ്ധതികൾക്ക് തുരങ്കം വെയ്ക്കുന്ന സാത്താനായി പ്രവർത്തനം ആരംഭിച്ചു. ദൈവം സൃഷ്ടിച്ച മനോഹരമായ ഭൂമി പാഴും ശൂന്യവുമായത് അവിടെ പാർത്തിരുന്ന ലൂസിഫർ അവന്റെ സിംഹാസനം ദൈവസിംഹനത്തിനു മീതെ കയറ്റാൻ ശ്രമിച്ചതിലാണ്. അതുകൊണ്ട് അധഃപതനത്തിൽ ആണ്ടുപോയ സാത്താൻ സത്യദൈവത്തിന്റെ പ്രവർത്തികൾക്ക് വിരോധമായി ഇന്നും പ്രവർത്തിക്കുന്നു. ഇന്നത്തെ പല വിശുദ്ധന്മാരുടെയും അധഃപതനത്തിനുകാരണം ദൈവം ഇരുത്തിയ ഇടത്തുനിന്ന് കസേര ഉയർത്തി ദൈവം ഉയർത്തി ഇരുത്തിയവന്റെ മീതെ സ്ഥാപിക്കാൻ ശ്രമിക്കുന്നതാണ്. ആ പ്രവർത്തി കാണുമ്പോൾ തന്നെ പഴയ ഓർമയിൽ അവനെ തട്ടി താഴെയിടാൻ പരമാധികാരി പെട്ടെന്ന് ശ്രമിക്കുന്നു. അതാണ് പലരുടെയും ഇപ്പോഴത്തെ പതനത്തിനു കാരണം. ചിലരാകട്ടെ മരിച്ചാലും തങ്ങൾക്കു കിട്ടിയ പദവി വിടില്ല. ഇനിമരിക്കേണ്ട ഗതികേടെങ്ങാനും വന്നാൽ മുന്നമേ തന്നെ കഴിവോ പ്രാപ്തിയോ നോക്കാതെ സ്വന്തം മകനെ തന്റെ കസേരയിൽ പ്രതിഷ്ഠിക്കുകയും ചെയ്യും. വാർദ്ധക്യരോഗത്താൽ വിശ്രമജീവിതം നയിക്കുന്ന പല പിതാക്കന്മാരെ പണ്ടു വഹിച്ച സെന്റർ പാസ്റ്റർ പദവിയുടെ കീരീടം ഇന്നും ഊരാതെ വീട്ടിൽ ഇരുത്തുന്നു. പലയോഗങ്ങളിലും എടുത്തുകൊണ്ട് വന്ന് ഇരുത്തി 'ഏക്കും പൂക്കും' തിരിച്ചറിയാത്ത ആളിനെ കൊണ്ട് തെറ്റിച്ച് ആശിർവാദം പറയിപ്പിക്കുന്ന രീതി തികച്ചും ലജ്ജകരമാണ്. അപ്പൻ മരിച്ചാലും കട്ടിൽ ഒഴിയാത്ത കസേരകൊതി ലൂസിഫറിന്റേതാണ് എന്നതിന് സംശയം വേണ്ട. ആരോഗ്യം നഷ്ടപ്പെട്ട് രോഗിയായവരെ ദയവു ചെയ്ത് വിശ്രമജീവിതത്തിന് വിടുക. തെറ്റിച്ചും തിരിയാത്തരീതിയിലും ഉള്ള ആശിർവാദം കഷ്ടപ്പെടുത്തി വെറുതെ അവരെ കൊണ്ട് പറയിക്കണോ.?

ദൈവം തരുന്ന പദവിയും സ്ഥാനവും പ്രാർത്ഥനയോടെ മുന്നോട്ട് കൊണ്ടുപോകുക. ദൈവരാജ്യത്തിന്റെ കെട്ടുപ്പണിക്കാണ് ദൈവം വിശുദ്ധന്മാർക്ക് ഉയർച്ചയും പദവിയും നൽകുന്നത്. അതിനായി ദൈവത്തോടും മനുഷ്യരോടും നല്ല മനസാക്ഷി ഉള്ളവരായി സമയം തക്കത്തിൽ ഉപയോഗിക്കുക. നേതാവ് എന്നും അണികളുടെ ഭാഗത്ത് നിൽക്കണം. തനിക്കു ശേഷം നേതൃസ്ഥാനം അലങ്കരിക്കാൻ കഴിവുള്ള പ്രാപ്തന്മാരെ ജനക്കൂട്ടത്തിൽ നിന്നും കണ്ടെത്തി വളർത്തി എടുക്കണം. ഏകാധിപതിയായി വാഴുന്ന രീതി ആത്മീയ നേതൃത്വത്തിന് യോജിച്ചതല്ല. ഒരിക്കൽ ഒരു പാസ്റ്റർ തന്റെ പ്രസംഗത്തിനിടയിൽ പറഞ്ഞത്- തനിക്ക് ഒരു ആൽമരമായി പടർന്ന് പന്തലിക്കുന്നതിനെക്കാൾ ഇഷ്ടം ഒരു വാഴയായി ഒതുങ്ങി നിൽക്കാനാണ്. കാരണം ആൽമരത്തിന്റെ കീഴിൽ ഒരു പുൽച്ചെടിപ്പോലും മുകളിലേക്ക് വളരുകയില്ല. എന്നാൽ വാഴയെ ശ്രദ്ധിക്ക് അനേകം പുതിയ വാഴ വിത്തുകൾ ചുറ്റിനും പൊട്ടിമുളയ്ക്കുന്നു. അവയെല്ലാം തന്റെ കാലശേഷം വലുതായി ഫലവും നൽകുന്നു. കൂടെയുള്ളവരെ വളർത്താത്ത നേതാവിന്റെ നാളയുടെ തൈവെട്ടിനിരത്തുന്ന ശൈലി പെന്തക്കോസ്തിലെ ആർക്കും യോജിച്ചതല്ല. കൂട്ടുവേലക്കാരൻ സെന്റർ പാസ്റ്ററെക്കാൾ നല്ലൊരു പ്രസംഗം നടത്തിയത് സത്യമാണെങ്കിൽ പിന്നെ ആ ശുശ്രൂഷകൻ സെന്ററിൽ ഉള്ള കാലത്തോളം ഒരു അവസരവും അദ്ദേഹത്തിന് കൊടുക്കില്ല. എന്നാൽ പെന്തക്കോസ്തുസമൂഹം ഇത്രകണ്ട് വളരാൻ ഒരു കാരണം അണികളിൽ നിന്ന് കഴിവുള്ളവരെ പിതാക്കന്മാർ വളർത്തി എടുത്ത് പുറത്ത് കൊണ്ടു വന്നു എന്നതാണ്. പിതാക്കന്മാർ കഴിവുള്ള ജൂനിയർ ശുശ്രൂഷകൻമാരെ ഏറ്റു പറയാനും കൺവൻഷനിൽ സാക്ഷ്യത്തിന് അവസരം കൊടുത്തും ഉയരം ഇല്ലാത്ത ബാലന്മാരെ മേശമേൽ നിർത്തി പ്രസംഗിപ്പിച്ചും പുത്തൻ തലമുറയെ നേതൃത്വനിരയിലേക്ക് കരം പിടിച്ച് ഉയർത്തി. എന്നാൽ ഞാനല്ലാതെ ആരും ഈ കസേരയിൽ ഇരിക്കരുത് എന്ന് വാശിപിടിച്ച് അടക്കി ഭരിക്കുന്നവരും ലോക്കൽ തലം മുതൽ ഇങ്ങ് അറ്റം വരെയും പ്രവർത്തിക്കുന്നു. അണികളെ വളർത്തിയാൽ വളർത്തുന്നവർ എന്നും സമൂഹത്തിൽ അംഗികരിക്കപ്പെടും.

യേശുതന്റെ ശുശ്രൂഷയിൽ ശിഷ്യന്മാരെയും സഹകരിപ്പിച്ചിരുന്നു. യേശു ചെയ്തത് അത്ഭുതങ്ങൾക്ക് സഹായകരമായി പ്രവർത്തിച്ച് ശിഷ്യന്മാരുണ്ട്. അവരാരും യേശുവിന് കിട്ടേണ്ട മഹത്വം തട്ടിപ്പറിച്ചല്ല. "ഗുരുവിനോളം ആക്കുന്നതാണ് ശിഷ്യന് നല്ലത്" യേശുവിന്റെ ആദ്യ അത്ഭുതത്തിൽ കൽപ്പാത്രങ്ങളിൽ വെള്ളം നിറയ്ക്കാൻ ചിലരെ ചുമതലപ്പെടുത്തി. പച്ചവെള്ളം വീഞ്ഞാക്കിയ സമയം ആ ശുശ്രൂഷയെ സഹായിച്ച പലരെയും കാണാം. റോമൻ കാരാഗ്രഹത്തിൽ ക്കിടക്കുന്ന പൗലോസിന്റെ അന്ത്യവാക്കുകൾ ഒന്ന് ശ്രദ്ധിക്കാം. താൻ വിശ്വാസത്തിൽ ജനിപ്പിച്ച തിമൊഥിയോസിന് എഴുതിയ ലേഖനത്തിൽ തന്റെ മരണശേഷം ശിഷ്യൻ ചെയ്യേണ്ട കാര്യത്തിൽ ഭൗതികതലങ്ങളെ തൊട്ടുണർത്താൻ പൗലോസ് ശ്രമിക്കുന്നില്ല."വചനം പ്രസംഗിക്കുക സമയത്തിലും അസമയത്തിലും ഒരുങ്ങി നിൽക്കുക. സകലദീർഘലക്ഷമയോടും ഉപദേശത്തോടും കൂടെ ശാസിക്കുക. തർജ്ജനം ചെയ്യുക; പ്രബോധിപ്പിക്കുക". "നീയോ സകലത്തിലും നിർമ്മദനായിരിക്ക കഷ്ടം സഹിക്കുക സുവിശേഷകന്റെ പ്രവർത്തിചെയ്യുക നിന്റെ ശുശ്രൂഷ നിറപടിയായി നിവർത്തിക്കുക"(2തിമോ: 4:2,5). പൗലോസ് എന്ന നേതാവിന് താൻ വളർത്തിയ യുവപോരാളിക്ക് തന്റെ ജീവിതം കൊണ്ട് മാതൃക കാട്ടിയിട്ട് ഭൗതികമല്ല തികച്ചും നിത്യതയുടെ നിലവാരത്തെക്കുറിച്ച് പ്രബോധിപ്പിക്കുന്നു. കാരണം ഓട്ടം തികച്ചവർക്ക് ഇവിടെ കീരീടം ഇല്ല. എന്നാൽ അവിടെ കീരീടം ഉണ്ട്. എനിക്ക് ആ കീരീടം കിട്ടും നിനക്കും കിട്ടണം ആ കീരീടം. പോര നിത്യതയെ ലക്ഷ്യം വയ്ക്കുന്ന ഏവർക്കും ആ കീരീടം കരസ്ഥമാക്കാം. അതാണ് പൗലോസ് എന്ന മാതൃകാ നേതാവിന്റെ ലോകത്തോടുള്ള ആഹ്വാനം.

നോവൽ 4

# കാൽവറിയുടെ ഉയരങ്ങൾ



സുനിൽ വർഗീസ്, ബാംഗ്ലൂർ

ഒതുക്കു കല്ലുകൾ കയറി, മുളങ്കാട്ടിലൂടെ കടന്ന് മലമുകളിൽ നിന്നെവിടെയോ ഒഴുകിവരുന്ന കാട്ടരുവിയുടെ ഓരം ചേർന്നു നടന്നാൽ സ്കൂളിലെത്താം. അല്ലെങ്കിൽ പിന്നെ താഴ്വരയിറങ്ങി, മൺപാതയിലൂടെ വടക്കോട്ട് ഏറെ ദൂരം നടക്കണം.

കാട്ടരുവിയുടെ തെളിമയിലെത്തിയപ്പോൾ, അരുവിയിലേക്ക് ഉന്തി നിൽക്കുന്ന ഒരു പാറപ്പുറത്ത് കയറി ആൽബർട്ട് ഇരുന്നു. വലിയോരു വൃക്ഷത്തിന്റെ തണൽ അതിൽ വീണുകിടപ്പുണ്ടായിരുന്നു. മിക്കപ്പോഴും കുടിലിലോ മറ്റോ ആൽബർട്ടിലേക്ക് വിരസത ആഞ്ഞു വീശുമ്പോൾ ബൈബിളുമായി അയാൾ സ്ഥിരം ഇവിടെ എത്താറുണ്ടായിരുന്നുവല്ലോ.

വല്ലാത്തൊരു കുളിർമ മനസ്സിനെ പൊതിയുന്നു.

ആർദ്രതയുടെ അടിയൊഴുക്കുകൾ...

മെല്ലെ, വളരെ മെല്ലെ ഒരു പാട്ട് ആൽബർട്ടിൽ ഊറിയെത്തി. എന്നോ കാതറിൻ എഴുതിയത്. എത്ര മറന്നു പോയാലും ഈ പാറപ്പുറത്ത് വന്നിരിക്കുമ്പോൾ അയാൾ ആ പാട്ട് ഓർക്കുകയും, ഒറ്റയ്ക്കാണ് ഇരിക്കുന്നതെങ്കിൽ മെല്ലെ മൂളുകയും ചെയ്യുമായിരുന്നു.

എല്ലാം അറിയുന്ന ദൈവമല്ലേ
എന്നേ കരുതുന്ന നാഥനല്ലേ
ആഴത്തിൽ വീണു ഞാൻ കേണീടുമ്പോൾ
എന്നേ താങ്ങുന്ന സ്നേഹമല്ലേ.
വേദന കൊണ്ടു ഞാൻ നീറിടുമ്പോൾ
ആരോരുമില്ലാതെ വിങ്ങീടുമ്പോൾ
ഏകനായി ഉഴറുന്ന എന്നേ കടന്നീ
മരുഭൂമി താണ്ടി നീ പോയീടുമോ...

അപ്പോഴേക്കും കാതറിനെക്കുറിച്ചും ആ പാറയെക്കുറിച്ചും അസുഖകരമായ ഓർമ്മകൾ വന്നു തുടങ്ങിയതോടെ ആൽബർട്ട് എഴുന്നേറ്റു നടന്നു. സ്കൂളിലേക്കുള്ള തിരിവിലെത്തിയപ്പോൾ ആൽബർട്ട് നിന്നു.

മുറ്റമാകെ കരിയിലകൾ നിറഞ്ഞിരിക്കുന്നു.

കഴിഞ്ഞ ഒരാഴ്ചയായി ആരും ഇവിടേക്ക് വന്നില്ലന്നോ...

ആർക്കും മുറ്റം വൃത്തിയാക്കണമെന്നു പോലും...... ദേഷ്യം വരുന്നുണ്ടായിരുന്നയാൾക്ക്.

തടി കൊണ്ടു തീർത്ത ഒരു ചെറിയ ഹോൾ ആയിരുന്നു ആൽബർട്ടിന്റെ സ്കൂൾ. പണ്ട് ആരോ സർവ്വേയ്ക്കും മറ്റും വന്നപ്പോൾ താമസിക്കാനും സാധനങ്ങൾ സൂക്ഷിക്കാനും പണിതതാണത്രേ.

ഒരു മാസം മുൻപാണ്, ഡേവിഡ് കൊണ്ടു വന്ന മെറ്റൽ ബോർഡിൽ SCHOOL എന്നെഴുതി ആ ഹോളിന്റെ മുൻപിലായി ഉറപ്പിച്ചത്. അപ്പോൾ കുട്ടികളിലെ കൗതുകം കാണേണ്ടതായിരുന്നു.

സാറേ, ഈ എസ്സിയെച്ചോ ഓഎൽന്ന് വെച്ചാലെന്താ? ഒരു പെൺകുട്ടിയാണ് ചോദിച്ചത്.

സ്കൂൾ, അതായത് പള്ളിക്കൂടം ആൽബർട്ട് പറഞ്ഞു

പള്ളിക്കൂടംന്ന് പറഞ്ഞാലോ ആരോ ചോദിക്കുന്നു. ആൽബർട്ട് ആണിയടിക്കുന്നത് നിർത്തി തിരിഞ്ഞു.

അതെ, പള്ളിക്കൂടംന്ന് പറഞ്ഞാ, നമ്മൾ അക്ഷരങ്ങളും കഥകളും കണക്കും എബിസിഡിയും ഒക്കെ പഠിക്കുന്ന ഇടം.

ഞങ്ങളെന്തിനാ സാറേ പഠിക്കുന്നേ... അൽബർട്ട് അത് ചോദിച്ച കുട്ടിയുടെ അടുത്തായി മുട്ടിന്മേൽ ഇരുന്നു. എല്ലാവരും അയാളുടെ അടുത്ത് വന്നു കൂടി. ആദ്യം അവരോട് ഒന്നും പറയുവാനായി ആൽബർട്ടിന് കിട്ടിയില്ല.

പിന്നെ ബോർഡ് ഉറപ്പിച്ചതിനു ശേഷം അവരോടൊപ്പം ഹോളിലേക്ക് കയറുമ്പോൾ ആൽബർട്ട് പറഞ്ഞു; നമ്മൾ ഒത്തിരിക്കാര്യങ്ങൾ പഠിക്കുമ്പോൾ നമ്മൾക്ക് ഒത്തിരി നല്ല കാര്യങ്ങൾ ചെയ്യാൻ കഴിയും.നമ്മ്ടെ നീലമുടിക്കും മുണ്ടോട്ടിത്തറയ്ക്കും അപ്പുറത്തുള്ള വലിയ ആളുകൾ അങ്ങനെ വലിയ നല്ല ആളുകളായി മാറിയത് ഇങ്ങനെ പഠിച്ചോണ്ടാ....

വലിയ ആളുകൾ...!

കരിയിലകൾ നിറഞ്ഞ മുറ്റത്ത് നിൽക്കുമ്പോൾ ഒരു നിമിഷം ആൽബർട്ടിന് സകലതിനോടും പുച്ഛം തോന്നി. ചെറിയവന്റെ നോവും അറിവുകേടുകളും തിരിച്ചറിയാൻ മനസ്സു കാട്ടാതെയുള്ള ആ വലിയ ജീവിതത്തിന് എന്ത് മഹത്വമാണ് ഉള്ളത്?

സാറേ.. ഒരു ചെറിയ വിളി.

ആൽബർട്ട് ചുറ്റും പരതി.

അകലെ ഒരു കുട്ടി നിൽക്കുന്നു. അവളുടെ പേരോർക്കാൻ ശ്രമിച്ച് ആൽബർട്ട് പുഞ്ചിരിച്ചു.

പൊടുന്നനെ അവൾ തിരിഞ്ഞോടി.

സാറ് വന്നാർന്നേ നമ്മ്ടെ സാറ് വന്നേ..

അവളിലെ ആഹ്ളാദം ഒരു ചാറൽ മഴയിൽ നിൽക്കുന്നതുപോലെ ആൽബർട്ടിനെ പുളകിതനാക്കി. അവൾ തന്നെ കണ്ടതിൽ ശരിക്കും സന്തോഷിക്കുന്നു. കുഞ്ഞുങ്ങൾ എവിടെയും കുഞ്ഞുങ്ങൾ തന്നെയാണ്. ആ നിഷ്കളങ്കതയും പ്രസന്നതയും കാലദേശങ്ങളെ അതിജീവിക്കുന്നു.

നീലമുടിയിൽ പ്രവർത്തനം സജീവമായപ്പോൾ തോന്നിയ ആഗ്രഹമാണ് ഒരു വിദ്യാലയം! അന്ന് അലഞ്ഞു തിരിയുന്ന കുട്ടികളെ അക്ഷരം പഠിപ്പിക്കാനായി, എഴുത്തിന്റേയും വായനയുടേയും ആനിവാര്യത വിശദീകരിച്ച്, കൂടാതെ നഗരത്തിലെ കാര്യവും മറ്റും സൂചിപ്പിച്ച് വളരെയധികം ബോധവത്കരണം വേണ്ടി വന്നു. അപ്പോൾ കുറച്ചു പേരെങ്കിലും കുട്ടികളെ വിടാമെന്നായി. വളരെ ചെറുപ്പത്തിൽ തന്നെ കുട്ടികളെ വേലയ്ക്കും മറ്റും പറഞ്ഞു വിട്ട് അവരിലൂടെ കഴിയുന്നത്ര പണം സ്വരൂപിക്കാനാണ് മാതാപിതാക്കൾ ശ്രദ്ധചെലുത്തിയിരുന്നത്. ആൽബർട്ട് കുറേ സ്ളേറ്റും പെൻസിലുകളും വാങ്ങി. ഇടിഞ്ഞു കിടന്ന ആ ഹാൾ വൃത്തിയാക്കിയെടുത്തതും തറയിൽ ചള്ള കുഴച്ച് തളിച്ചതും ആൽബർട്ട് തന്നെയാണ്. ആദ്യം പനമ്പായിൽ നിരന്നത് ഏഴു കുട്ടികളാണ്. പിന്നീട് പ്രതീക്ഷയ്ക്ക് വിപരീതമായി കുട്ടികളുടെ എണ്ണം കൂടി.

ആ ആദ്യദിനം ആൽബർട്ട് ഇന്നും ഓർക്കുന്നു. എന്താണ് സംഭവിക്കാൻ പോകുന്നത് എന്ന കൗതുകത്തോടെ മിഴിച്ചിരുന്ന കുട്ടികൾ. ചിലരുടെ മാതാപിതാക്കൾ കുറേ നേരം ഹാളിന്റെ വാതിൽക്കൽ നിൽക്കുന്നുണ്ടായിരുന്നു. ആൽബർട്ടിനെ നോക്കി വിളറിയിരുന്ന കുട്ടികളോട് അയാൾ സാവധാനം പേരുകൾ ചോദിച്ചു. പിന്നീട് ഒരു പാട് കഥകൾ. ഒരാഴ്ച കഥകൾ മാത്രമാണ് അയാൾ പറഞ്ഞത്.

കഥകളിലും കളികളിലും കാര്യങ്ങൾ നിറച്ച് അവരുടെ കഴിവുകളെ കണ്ടെത്തിയ നാളുകൾ.

എജ്മാ, അന്ന് വെച്ചാലെന്താ? വിരലുകൊണ്ട് വായുവിലെഴുതി ഒരു കുട്ടി വിളിച്ചു ചോദിച്ചപ്പോൾ മലയാള ഭാഷയിലെ ആദ്യ അക്ഷരമാണ് അതെന്ന് പറയുവാൻ ആൽബർട്ടിന് തോന്നിയില്ല. പറഞ്ഞാൽ തന്നെ ആർക്കും അത് മനസ്സിലാകുകയില്ലെന്ന് അയാൾക്കറിയാമായിരുന്നു. ആൽബർട്ടിന് പിന്നേയും പരിശ്രമിക്കേണ്ടി വന്നു. അവരുടെ ഒന്നുമില്ലായ്മയിലേക്ക്, നിരന്തരമായ സന്ദേഹങ്ങളിലേക്ക് സ്വന്ത ധിഷണയെ മാറ്റിവെച്ച്, യേശുനാഥൻ ചെയ്തതുപോലെ, ഇറങ്ങി ചെന്ന് ലോകത്തിന്റെ ജ്ഞാനവും അതിന്റെ വ്യാപ്തിയും പ്രദർശിപ്പിക്കുവാൻ. എജ്മാ എന്ന വിളി അരോചകമായി തോന്നിയതോടെയാണ് സാർ എന്ന വാക്കിന്റെ അർത്ഥം വിവരിക്കുന്നത്.

സാറേ...ആരവം കേട്ട് ആൽബർട്ട് ചിന്തകളിൽ നിന്ന് പിടഞ്ഞുണർന്നു. കുറേ കുട്ടികൾ തൊട്ടു മുൻപിൽ നിൽക്കുന്നു. ആ കൊച്ചു പെണ്ണ് മിടുക്കി തന്നെ.

അവരുടെ ഉലഞ്ഞ വേഷവും ഉണങ്ങി പറക്കുന്ന ചെമ്പൻ മുടിയും ആൽബർട്ടിൽ ആത്മവേദനയായി. ഊറകുത്തിയ തടിയുടെ ആയുസ്സ് കിഴിച്ച് മുൻപിൽ പടർന്നുകിടന്ന ചിലന്തിവല പൊട്ടിച്ച് അയാൾ ഹാളിനുള്ളിലേക്ക് കയറി. കൂടെ ചോദ്യങ്ങളും ബഹളങ്ങളുമായി കുട്ടികളും. പെട്ടന്നു തന്നെ പെൺകുട്ടികൾ ഹോൾ വൃത്തിയാക്കുന്ന തിരക്കിലായി. ഭാവിയെക്കുറിച്ചുള്ള ആകുലതയോടെ അയാൾ ബോർഡിനരികിൽ എത്തി. കുട്ടികൾ എല്ലാവരും അപ്പോഴേക്കും ഇരുന്നു കഴിഞ്ഞിരുന്നു.

സാറിന്റെ തലേ അടിച്ചത് ആരാന്നറിയോ? മുറിവ് കരിഞ്ഞോ സാറേ? ഇപ്പഴും വേദനയോണ്ടോ ?ഞാ സാറിനെക്കാണാൻ കുടീ വന്നാരുന്നു ഞാനും വന്നാർന്നു ഞാനും ഞാനും...

ബഹളം കൂടിയതോടെ നാവു കൊണ്ട് ശബ്ദമുണ്ടാക്കി ആൽബർട്ട് രണ്ട് കൈകളും ഉയർത്തി.

ഇന്ന് കുളിക്കാത്തത് ആരൊക്കെയാ?, കുളിച്ചിട്ട് എണ്ണ പുരട്ടാത്തത് ആരൊക്കെയാ?, ഇന്ന് വേദപാഠം കാണാതെ ചൊല്ലാത്തതാരാ?, ഇന്ന് അമ്മേനേം അപ്പേനേം കേക്കാതെ നടന്നതാരാ?

ആൽബർട്ട് ചോദിക്കും തോറും കുറ്റബോധത്തോടെ ചില കുട്ടികൾ എഴുന്നേറ്റ് മുഖം കുനിച്ചു നിന്നു.

യേശു അപ്പായെ കരയിപ്പിച്ചി

09

ലേഖനം

# ഞണ്ടുകളുടെ ഉൽപ്രാപണം



റെജി പോൾ
ഷാർജ

യെശയ്യ 11 :7– ൽ വായിക്കുന്നു: “പശു കരടിയോടുകൂടെ മേയും; അവയുടെ കുട്ടികൾ ഒരുമിച്ചു കിടക്കും; സിംഹം കാള എന്നപോലെ വൈക്കോൽ തിന്നും”. ഈയിടെ അവിശ്വസനീയമായ ഒരു ക്രൈസ്തവ വാർത്ത ചിത്രം കാണാനിടയായി. പ്രസ്തുത ചിത്രത്തിൽ സാക്ഷാൽ സിംഹം പശുവിന്റെ കാലു കഴുകുന്ന സീൻ കണ്ടു ഹർഷ പുളകത്താൽ രോമാഞ്ച കഞ്ചുകമണിഞ്ഞു പോയി. ഒരു വിമാനം നിറയെ യാത്രക്കാരുമായി മധ്യാകാശത്തിൽ വച്ച് ഉടലോടെ അപ്രത്യക്ഷമായി എന്ന വാർത്തയും പിന്നെ ഈ പടവും ചേർത്ത് വായിച്ചപ്പോൾ കർത്താവ് തനിക്കുള്ളവരെ എടുത്തുവെന്നും ഇപ്പോൾ സഹസ്രാബ്ദ വാഴ്ചയുടെ കാലമാണെന്നും ഒരു നിമിഷം വിചാരിച്ചു വിഷണ്ണനായി. പിന്നെ ഈ കാൽകഴുകൽ “വെറും പട” മായിരുന്നെന്നറിഞ്ഞപ്പോൾ ആ വേവലാതി മാറി. മാത്രവുമല്ല വിരലിലെണ്ണാവുന്ന ചുരുക്കം ദൈവഭക്തന്മാരെ ജീവനോടെ നേരിട്ട് കണ്ടപ്പോൾ ഉൾപ്രാപണം കഴിഞ്ഞിട്ടില്ലെന്നുറപ്പായി. ഏതായാലും കുറെ പാൽപ്പായസം കുടിച്ചു കഴിയുമ്പോൾ മടുപ്പ് മാറാൻ ഇടയ്ക്കു നാരങ്ങാക്കറി തൊട്ടു കൂട്ടുന്നത് പോലെ കുറെയധികം കാലുവാരൽ ശുശ്രൂഷയ്ക്ക് ശേഷം വല്ലപ്പോഴുമൊരു കാൽ കഴുകൽ ശുശ്രൂഷയും നല്ലതാണ്. യോഹന്നാന്റെ സുവിശേഷം പതിമൂന്നാം അദ്ധ്യായം 1 മുതൽ 17 വരെ വായനക്കാർക്കോർമ കാണുമെന്ന മുൻവിധിയോടെ ലേഖനം തുടരുന്നു. “ഞാൻ നിങ്ങളുടെ കാലു കഴുകിയത് പോലെ നിങ്ങളും അന്യോന്യം കഴുകേണം” എന്ന ഉപദേശം അവിടെ വ്യക്തമായി കാണുന്നു. കർത്താവിന്റെ മേശയെ സംബന്ധിച്ച് നിങ്ങൾ കൂടി വരുമ്പോൾ ഇതിന്റെ ഓർമ്മയ്ക്കായി ചെയ്‌വീൻ എന്ന കൽപ്പന കൃത്യമായി ചെയ്യുന്ന നാം കാലു കഴുകലിന്റെ കാര്യത്തിൽ പുറകോട്ടു പോയതെന്താണവോ. പിതാക്കന്മാർ സഭകളിൽ ഇത് ചെയ്തിരുന്നു എന്ന് തെളിയിക്കുന്ന രേഖകളുണ്ട്. എന്നാൽ വാക്യങ്ങളെ ഇഴകീറി ശീലിച്ച ചില കുബുദ്ധികൾ ഇതൊരു ordinance ആയി എടുക്കേണ്ടതില്ലെന്നു മേലാളന്മാർക്ക് ആത്മീയ നിയമോപദേശം കൊടുത്തു സഹായിച്ചത് വഴി എല്ലാരും ഇപ്പോൾ തടി തപ്പി നിൽക്കുന്നു. എന്നാൽ ഈ ശുശ്രൂഷ ഒഴിവാക്കിയത് കല്പനയുടെ ദൗർബല്യം കൊണ്ടല്ലെന്നും ആചരിക്കാനുള്ള മടികൊണ്ടാണെന്നും എല്ലാവർക്കുമറിയാം. അല്ലെങ്കിലും കർത്താവിങ്ങനെയാ.... ഓരോന്ന് പറയും.... എത്രയായാലും അന്ത്രോസ് അച്ചായൻ അനിയൻ പത്രോസിന്റെ കാലു കഴുകുമോ? നികുതി വകുപ്പിൽ മാന്യമായ ഉദ്യോഗമുണ്ടായിരുന്ന മത്തായി അത്തിമരചോട്ടിൽ പണിയില്ലാതെ കുത്തിയിരുന്ന നഥനിയേലിന്റെ കാലു കഴുകണോ? കൂട്ടത്തിൽ ആകെ സ്വന്തമായി ഓടിട്ട വീടുള്ളത് ഫിലിപ്പോസിനാണ്. അങ്ങേര് കടപ്പുറത്തെ പുറപ്പോക്കിൽ കഴിയുന്ന മുക്കുവന്റെ കാലേപ്പിടിക്കണോ? ഇടി മക്കൾ ആരുടെയും മുൻപിൽ താഴാനൊ? ഐപ്പീസിക്കാരൻ ഏ ജി ക്കാരന്റെ മുൻപിൽ കുനിയുമോ? ചർച്ച് ഓഫ് ഗോഡുകാരൻ ശാരോന്റെ കാലിൽപിടിക്കുമോ? ഇനി അകത്തേക്ക് വന്നാൽ, സൂപ്രണ്ട് സെക്രട്ടറിയുടെ കാൽ കഴുകാനോ? പ്രസ്ബിറ്റർ ഡിസ്ട്രിക്റ്റിന്റെ മുൻപിൽ താഴാനോ? പത്തേക്കർ റബറുള്ള തോമാച്ചായൻ റബ്ബറു വെട്ടുകാരൻ കുരിയാച്ചന്റെ കാൽക്കൽ ഇരുന്നു കഴുകാനോ? എന്നാൽ പാസ്റ്റർക്കു കാസർകോട്ടേക്ക് സ്ഥലം മാറ്റം ഗ്യാരണ്ടി. സഭയിലെ ശ്രേഷ്ഠദാസൻ ലോട്ടറി വിൽക്കുന്നകുഞ്ഞച്ചന്റെ കാലേതൊടാനോ? ശെ... ലജ്ജാവഹം.... അന്ന് ചുളുവിൽ വലുതാകാൻ സ്വന്തം മാതാശ്രീയുടെ ശുപാർശയുമായി ഇടി മക്കൾ യേശുവിന്റെ അടുക്കൽ വന്നെങ്കിൽ, ഇന്ന് ഡിസ്ട്രിക്റ്റിന്റെ കടിതവും രാഷ്ട്രപിതാവിന്റെ മുഖം പതിച്ച ഒരു കെട്ടും വേണം കൊള്ളാവുന്ന സ്ഥലത്തേക്ക് മാറ്റം കിട്ടാൻ. അന്നേരം ആരുടെ കാലും കഴുകും. “അന്യോന്യം ബഹുമാനിക്കുന്നതിൽ മുന്നിട്ടു കൊൾവിൻ ” എന്ന വാക്യം അന്യോന്യം അപമാനിക്കുന്നതിൽ മുന്നിട്ടു കൊൾവിൻ എന്ന് തെറ്റായി മനസ്സിലാക്കിയതിനു, ശ്രേഷ്ഠ ദാസന്മാരെ കുറ്റം പറയരുത്. അതിനു പകരം അച്ചടിപ്പിശാചിനെ സഭയായി ഭർത്സിക്കുകയും ആട്ടുകയുമൊക്കെ ആവാം. പക്ഷെ ആദിമ സഭയിൽ ഒന്ന് പറഞ്ഞു രണ്ടാം വാക്കിനു വാളെടുത്തു വെട്ടുന്ന പത്രോസ് പരിശുദ്ധാത്മ സ്നാനത്തിനു ശേഷം, “അവൻ നിങ്ങളെ തക്ക സമയത്ത് ഉയർത്തേണ്ടതിന് അവന്റെ ബലമുള്ള കൈകീഴിൽ താണിരിപ്പിൻ” എന്ന കാഴ്ചപ്പാടിലേക്ക് വളർന്നു. കൂടെക്കൂട്ടാത്തവനെയൊക്കെ തീയിറക്കി കൊല്ലാനാഗ്രഹിച്ച യോഹന്നാൻ വീണ്ടും ജനനം പ്രാപിച്ചപ്പോൾ സ്നേഹത്തിന്റെയും സഹിഷ്ണതയുടെയും അപ്പോസ്തലനായി മാറി. ആ ജനുസ്സിൽ പെട്ടവരെല്ലാം, “നീയോ വളരേണം, ഞാനോ കുറയേണം” എന്ന് മന്ത്രിക്കുമ്പോൾ ഇവിടെ കുറേപ്പേരിപ്പോൾ, “നീയൊക്കെ നശിക്കണം.. ഞാൻമാത്രം വളരേണം” എന്ന് ഊണിലും ഉറക്കത്തിലും പിറുപിറുക്കുന്നത്രേ. ചുരുക്കി പറഞ്ഞാൽ മാനസാന്തരവും ജനനവും സംഭവിച്ചപ്പോൾ ശിഷ്യന്മാർക്ക് ലഭിച്ച അഭിഷേകത്താൽ ഇങ്ങനെയൊരു സ്വഭാവഗുണീകരണം അവരിൽ നടന്നെങ്കിൽ നമ്മുടെ തൊപ്പി വെക്കാത്ത ആർച്ച് ബിഷപ്പുമാർക്കു ലഭിച്ച അഭിഷേകം അതിനെക്കാൾ ഇമ്മിണി മുന്തിയതാണോ എന്ന് സംശയമുണ്ട്. കാരണം ഇവർ (അവിവേകം ക്ഷമിക്കണം) അഭിഷേകം പ്രാപിച്ച ശേഷം കാട്ടിക്കൂട്ടുന്നതെല്ലാം ആ മാതിരി വേലകളാണ്. ദേവാലയ ഗോപുരത്തിങ്കൽ ഭിക്ഷ യാചിച്ചവനോട്, ഞങ്ങളെ നോക്കുവിൻ എന്ന ശിഷ്യന്മാർ പറഞ്ഞപ്പോൾ മുടന്തൻ അവരിൽ യേശുവിനെ കണ്ടു. അവിടെ രോഗ സൌഖ്യം നടന്നു. സൌഖ്യം പ്രാപിച്ചവൻ നരിയാണി ഉറച്ചിട്ട് തുള്ളിയും ചാടിയും ആലയത്തിലേക്കു പോയി. ഇന്നാണെങ്കിൽ ഇങ്ങോട്ട് നോക്കാൻ പറഞ്ഞിട്ട് അഭിഷിക്തന്മാരുടെ നോട്ടം അവന്റെ പിച്ചച്ചട്ടിയിലായിരിക്കും. മാത്രവുമല്ല“ അവനെ നോക്കണ്ട,എന്നെ മാത്രം നോക്കിയാ മതി, ഞാനാണ് കൂടിയ പുള്ളി” എന്ന് അവിടെ വച്ച് തന്നെ കടിപിടിയും തുടങ്ങും. അതോടെ, “നിങ്ങടെ കൂട്ടത്തിൽ കുടുന്നതിലും നല്ലത്, തെണ്ടി തിന്നുന്നതാ” എന്ന തിരിച്ചറിവോടെ മുടുന്തൻ വടിയിൽ കുത്തിയെഴുന്നേറ്റു രക്ഷപ്രാപിക്കും.“ നിങ്ങൾ തമ്മിൽ തമ്മിൽ പാര പണിയുമ്പോൾ നിങ്ങൾ എന്റെ ശിഷ്യന്മാരെന്ന് ലോകം അറിയും” എന്ന് ഏതു തർജമയിലാണ് ഉള്ളതെന്ന് എത്ര തപ്പിയിട്ടും കണ്ടെത്താൻ കഴിഞ്ഞില്ല എന്ന പരാജയം ഈയുള്ളവൻ ഏറ്റുപറയുന്നു. നേതാക്കന്മാർ പരസ്പരം എട്ടിന്റെ പണി കൊടുത്തിട്ട് തിരുമുറ്റത്തെ ബൈബിൾ കോളജിലെ അധ്യാപക ശ്രേഷ്ഠർ തന്നെ അവിടെ അടവച്ച് വിരിയിക്കുന്ന കുട്ടിശിങ്കങ്ങളെ നോക്കി, “നിങ്ങൾ തമ്മിൽ തമ്മിലും ഇത് ചെയ്‌വിൻ” എന്ന് പഠിപ്പിച്ചുവിട്ടിട്ടാണോ എന്നറിയില്ല, പുറത്തുവരുന്നവരെല്ലാം ദൈവരാജ്യം കെട്ടിപ്പണിതില്ലെങ്കിലും ഈ വക മത്സര ഇനങ്ങളിൽ ബഹു കേമന്മാർ എന്നാണ് റിപ്പോർട്ട്. സ്വർഗീയ വിരുന്നുകാരുടെ തട്ടിപ്പും പുത്തൻ കൃപക്കാരുടെ ദുരുപദേശവും പൊളിച്ചടുക്കാൻ ഇറങ്ങി പുറപ്പെടുന്നത് നല്ലത് തന്നെ. പക്ഷെ എന്തടിസ്ഥാനത്തിലായാലും തോമസ്സൂട്ടിയും തങ്കുവും തമ്മിലുള്ള ഐക്യവും പരസ്പര ബഹുമാനവും കണ്ടുപഠിച്ചെങ്കിൽ കൊള്ളായിരുന്നു. “രണ്ടുപേർ ഒത്തിട്ടല്ലാതെ ഒരുമിച്ചു നടക്കാൻ കഴിയുമോ” എന്ന വാക്യമെങ്കിലും അവർ തെളിയിച്ചു കാണിച്ചല്ലോ. ഇവിടെയിപ്പോൾ ദൈവരാജ്യത്തിന്റെ കെട്ടുപണിക്കിറങ്ങി പുറപ്പെട്ടിട്ട് കെട്ടിടം പണി മാത്രമേ നടക്കുന്നുള്ളൂ എന്ന് വന്നിരിക്കുന്നു. ദിനകരനെയും കേപിയെയും പരിഹസിച്ചു നടന്നവർ ഇപ്പോൾ എഞ്ചിനീയറിംഗ് കോളജ് പണിയാൻ പുറപ്പെടുമ്പോൾ സഹതാപം. പണ്ടേപ്പോലെ ഭാഷ കലക്കാനൊന്നും സാധ്യതയില്ല. കാരണം സഭായോഗത്തിലെ അന്യഭാഷയും, അത് കഴിഞ്ഞ് കമ്മിറ്റിയിലെ സംസ്കൃതഭാഷയും, പിന്നെ ഇഷ്ടമില്ലാത്തവരെ ഫോണിൽ വിളിച്ചു പറയുന്ന വേറെ ഭാഷയും എല്ലാം കൂടി ഇപ്പോത്തന്നെ ആകെ മൊത്തം കലങ്ങിക്കിടക്കുകയല്ലേ. സമുദ്രവിഭവങ്ങൾ കയറ്റുമതി ചെയ്യുന്ന സ്ഥാപനത്തിന്റെ മാനേജർ, തന്റെ മുതലാളിയെ ഒരു കാര്യം വിളിച്ചറിയിച്ചു”. ഞണ്ട് കയറ്റുമതി ചെയ്യാനുള്ള ടിന്നിന്റെ അടപ്പ് തീർന്നുപോയി” അനുഭവസമ്പത്തുള്ള മുതലാളി അതിനു പരിഹാരം പറഞ്ഞു കൊടുത്തു” ഞണ്ടിന്റെ മാത്രം ടിന്നിന് അടപ്പ് വേണ്ട...അവ തമ്മിൽ തമ്മിൽ എപ്പോഴും കാലിൽ പിടിച്ചുവലിക്കുന്നത് കൊണ്ട് ഒറ്റയെണ്ണം പോലും രക്ഷപ്പെടില്ല”. കർത്താവിന്റെ വരവിൽ എടുക്കപ്പെടാൻ സാധ്യതയുള്ള അപൂർവ്വം മുഖ്യധാരാ നേതാക്കന്മാരെക്കുറിച്ചു കുട്ടിപ്പിശാചുക്കൾ റിപ്പോർട്ട് കൊടുത്തപ്പോൾ ലൂസിഫർ മൊതലാളി പറഞ്ഞതാണ് മേൽ പറഞ്ഞ കമന്റ് എന്നും സംസാരമുണ്ട്, ഏതാനും വിശ്വസിക്കുകയും ചെയ്യുന്നു.

## പാസ്റ്റർ തോമസ് ജോസഫ് സഹശുശ്രൂഷകൻ



**അടൂർ:** ഐ. പി. സി. അടൂർ (വെസ്റ്റ്) സെന്റർ സഹശുശ്രൂഷകനായി പാസ്റ്റർ തോമസ് ജോസഫിനെ നിയമിച്ചു. മാർച്ച് 22ന് കടമ്പനാട് ഐ. പി. സി. ഹാളിൽ പാസ്റ്റർ ബഞ്ചമിൻ വർഗീസിന്റെ അധ്യക്ഷതയിൽ കൂടിയ സമ്മേളനത്തിൽ പാസ്റ്റർ ഫിലിപ്പ് പി. തോമസ്, ഷിബു നെടുവേലിൽ എന്നിവർ പ്രസംഗിച്ചു. പാസ്റ്റർ കെ. സി. തോമസ് അനുഗ്രഹ പ്രാർത്ഥന നടത്തി.

## പാസ്റ്റർ സി. ജെ രാജന്റെ കുടുംബത്തെ സഹായിക്കുക



രോഗബാധിതനായി കഴിഞ്ഞ മാസം നിത്യതയിൽ ചേർക്കപ്പെട്ട പാസ്റ്റർ സി. ജെ രാജന്റെ കുടുംബത്തെ സഹായിക്കുവാൻ അഭ്യർത്ഥിക്കുന്നു. ഉത്സാഹിയും വിശ്വസ്തനുമായ ദൈവഭൃത്യനായിരുന്ന അദ്ദേഹം ബ്രെയിൻ ട്യൂമർ ബാധിതനായതിനെ തുടർന്ന് ചിലവർഷങ്ങൾ ചികിത്സയിലായിരുന്നു. പിന്നീട് കട്ടപ്പനയ്ക്കു സമീപം സുവർണഗിരി എന്ന സ്ഥലത്ത് സഭാശുശ്രൂഷകനായിരുന്നു. ഭാര്യയും വിദ്യാർത്ഥികളായ രണ്ടു കുഞ്ഞുങ്ങളുമുണ്ട്. സംസ്ഥാനതല താലന്തു പരിശോധനയിൽ വിവിധ സമ്മാനങ്ങൾ കരസ്ഥാമാക്കുന്ന ആളാണ് മികച്ച പ്രസംഗകനും ഗായകനുമായ മകൻ ഗോഡ്സൺ.

ആഴ്ചകൾക്കു മുമ്പ് വൈറൽ ഫീവർ ബാധിതനായ പാസ്റ്റർ സി. ജെ രാജൻ രോഗം മൂർച്ഛിച്ച് നിത്യതയിൽ ചേർക്കപ്പെട്ടു. പണിതീരാത്ത വീട്ടിലാണ് തന്റെ കുടുംബം കഴിയുന്നത്. ഇപ്പോൾ ഉപജീവനത്തിന് മറ്റു മാർഗ്ഗങ്ങളില്ലാത്ത ഈ കുടുംബത്തിന് നിങ്ങളാൽ ആവോളം സഹായം ചെയ്യുവാൻ അഭ്യർത്ഥിക്കുന്നു.

വിലാസം
Lalamma Rajan
Chavaramplakkal(H)
Ettichuvadu P.O
Angadi, Ranny- 689675

A /C No 67223303426
SBT , Angadi, Ranny
I F S C CODE
SBTR0000065
PH: 9744382683.

## 01 ഓസ്ട്രേലിയൻ ഇന്ത്യൻ പെന്തക്കോസ്തൽ....

റവ. ഡോ. ജോൺ കെ. മാത്യു (യു. എസ്. എ.), റവ. കെ. ജോയി (ന്യൂഡൽഹി), റവ. എം. കെ. ജോർജ് (കേരളം) എന്നിവരെ കൂടാതെ സ്വദേശത്തും വിദേശത്തുമുള്ള കർത്തൃദാസന്മാരും ദൈവവചനം ശുശ്രൂഷിക്കുന്നതാണ്.

പാസ്റ്റർ വില്ല്യം മല്ലശ്ശേരി ഗാനശുശ്രൂഷകൾക്ക് നേതൃത്വം വഹിക്കും. കോൺഫറൻസിന്റെ ഈ വർഷത്തെ തീം “ഉയർപ്പിന്റെ ശക്തി” എന്നുള്ളതാണ്.

രണ്ടാം ദിവസമായ 19ന് യുവജനങ്ങൾക്കും, വനിതകൾക്കും, കുടുംബങ്ങൾക്കും വേണ്ടി പ്രത്യേക സെഷനുകളും കൂടാതെ യുവജനങ്ങൾക്കു വേണ്ടി ടാലന്റ് പരിശോധനയും ഉണ്ടായിരിക്കും.

സമാപന ദിവസമായ ഞായറാഴ്ച രാവിലെ 8.30ന് ആരംഭിക്കുന്ന സഭായോഗത്തിന് കർതൃമേശ ഉണ്ടായിരിക്കും. ഉച്ചയ്ക്ക് ശേഷം നടക്കുന്ന പൊതുയോഗത്തോടെ ഈ വർഷത്തെ കോൺഫറൻസിനു സമാപനം ആകും.

പാസ്റ്റർ തോമസ് ജോർജ്ജ്, പാസ്റ്റർ മാത്യു തര്യൻ, പാസ്റ്റർ പ്രകാശ് ജേക്കബ്, പാസ്റ്റർ ഒ. വർഗീസ്, ഇവാ. റോയ് മാത്യു, പാസ്റ്റർ ഏലിയാസ് ജോൺ, പാസ്റ്റർ സജിമോൻ സ്കറിയ, പാസ്റ്റർ ഏബ്രഹാം ജോർജ്ജ്, പാസ്റ്റർ ഷാജി സി. മത്തായി, പാസ്റ്റർ സുനിൽ പണിക്കർ, പാസ്റ്റർ ഷിബു വർഗീസ്, ബ്രദർ ബിന്നി സി മാത്യു, ബ്രദർ ജോബിൻ എ. ജെയിംസ് എന്നിവരുടെ നേതൃത്വത്തിൽ വിവിധ കമ്മറ്റികൾ കോൺഫറൻസിന്റെ വിജയത്തിനായി പ്രവർത്തിക്കുന്നു.

രണ്ടാം പ്രാവശ്യമാണ് സിഡ്നിയിൽ ഓസ്ട്രേലിയൻ ഇൻഡ്യൻ പെന്തക്കോസ്തൽ കോൺഫറൻസിന് വേദിയൊരുങ്ങുന്നത്. 2011ൽ ഇവിടെ നടന്ന ആദ്യ കോൺഫറൻസിനു ശേഷം 2012ൽ ബ്രിസ്ബെയിനിലും 2013ൽ മെൽബണിലും കോൺഫറൻസ് നടന്നു.

**കൂടുതൽ വിവരങ്ങൾക്ക്: പാസ്റ്റർ ഏലിയാസ് ജോൺ (പബ്ലിസിറ്റി ബോർഡ് ചെയർമാൻ) +61 423804644**

## 10 ഉപ്പുതൂണുകൾ പെരുകുന്നു:....

ലോകക്കാർ അമ്പരക്കുന്നു....നമ്മെ നോക്കി അവർ ചോദിക്കാം- എല്ലാം വിട്ടിറങ്ങിയ നീ എന്തിനു വീണ്ടും പിന്നിലേക്ക് നോക്കി? തന്റെ പിന്നിൽ നിന്നുകൊണ്ട് പിറകോട്ടു നോക്കി ഉപ്പു തൂണായ മാറിയ ഭാര്യയെ നോക്കാൻ ലോത്ത് പിന്നിലേക്ക് തിരിഞ്ഞുനോക്കി കാണുമോ? സാധ്യതയില്ല..അങ്ങനെ നോക്കിയിരുന്നു എങ്കിൽ ലോത്തും ഒരു പക്ഷെ ഉപ്പുതൂണാകുമായിരുന്നു? പിന്നോട്ട് നോക്കരുത് എന്ന അലംഘനീയമായ കൽപ്പന നിലവിലിരിക്കെ വീണ്ടും പിന്നിലേക്ക് നോക്കി നശിക്കുന്നവർ നശിക്കട്ടെ...അവരെ നോക്കാൻ നാം പുറകിലേക്ക് നോക്കേണ്ട...നമുക്ക് ന്യായവിധിക്കു മുമ്പേ പട്ടണത്തിൽ പ്രവേശിക്കണം...നാശം ഭാവിക്കുന്നതിനു മുമ്പ് സോവരിൽ എത്തണം!! ആദിഭക്തർ ഓട്ടമോടി വിശ്രമിക്കുന്ന ആ നല്ല നാടായിരിക്കട്ടെ എക്കാലത്തെയും നമ്മുടെ ലക്ഷ്യം.!!

# ചർച്ച് ഓഫ് ഗോഡ് ഇൻ ഇൻഡ്യ
# കേരളാ സ്റ്റേറ്റ് എഡ്യൂക്കേഷൻ ഡിപ്പാർട്ടുമെന്റ്



STATE OVERSEER



PR. P. J. JAMES

DIRECTOR



PR. JOHNSON DANIEL

PRINCIPAL



PR. SUJU JOHN



## മൗണ്ട് സീയോൻ ബൈബിൾ സെമിനാരി മുളക്കുഴ

- കേരളത്തിലെ ആദ്യത്തെ വേദപാഠ ശാല
- MA, M.Div,B.Th, G.Th കോഴ്സുകൾ
- പ്രായോഗിക പരിശീലനം
- മികച്ച പഠന സൗകര്യം
- പ്രഗത്ഭരായ അദ്ധ്യാപകർ
- വിദേശരാജ്യങ്ങളിൽ തുടർപഠന സാധ്യത
- ATA കോഴ്സുകൾ

## മൗണ്ട് പാരാൻ ബൈബിൾ കോളേജ് കണ്ണൂർ

മലബാർ സുവിശേഷീകരണത്തിന് പ്രാധാന്യം നൽകിയും തദ്ദേശീയരായ സുവിശേഷകർക്ക് പ്രയോജനപ്രദമായ നിലയിലുമുള്ള ആധുനിക പഠന സൗകര്യങ്ങളോടുകൂടിയ വേദ വിദ്യാലയം. പ്രായോഗിക പരിശീലനം

## ബെഥേൽ ലേഡീസ് ബൈബിൾ കോളേജ്, കുമ്പനാട്,

സഹോദരിമാർക്കായി കേരളത്തിലെ ആദ്യത്തെ വേദപാഠശാല. ദൈവകൃപയും സുവിശേഷവേലയ്ക്കായി വിളിയും സമർപ്പണവുമുള്ള യുവതികൾക്ക് അവസരം. അനുഭവസമ്പന്നരായ അദ്ധ്യാപകരുടെ ക്ലാസ്സുകൾ.

## സവിശേഷതകൾ

" 1927 – ൽ ആരംഭം " ചർച്ച് ഓഫ് ഗോഡിന്റെ അന്തർദേശീയ അംഗീകാരം " A.T.A അഫിലിയേഷൻ " മലബാർ സുവിശേഷീകരണം ലക്ഷ്യമാക്കി കണ്ണൂരിൽ പ്രവർത്തിക്കുന്ന മൗണ്ട് പാരാൻ " കേരളത്തിലെ ആദ്യത്തെ ലേഡീസ് ബൈബിൾ കോളേജായ ബഥേൽ " M.A., M.Div., B.Th., G.Th കോഴ്സുകൾ " ഒരു വർഷം ദൈർഘ്യമുള്ള കൗൺസിലിംഗ് ഡിപ്ലോമ കോഴ്സ് " ഉന്നതനിലവാരമുള്ള പാഠ്യപദ്ധതി " വേദപരിജ്ഞാനവും അനുഭവജ്ഞാനവുമുള്ള സ്വദേശീയരും വിദേശീയരുമായ അദ്ധ്യാപകർ " വിപുലമായ ലൈബ്രറി സൗകര്യം " സുവിശേഷ വേലയിൽ പ്രായോഗിക പരിശീലനം " അർഹരായ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് " ഉന്നത വിജയികൾക്ക് തുടർ പഠനാവസരം " പഠനശേഷം ചർച്ച് ഓഫ് ഗോഡിൽ പ്രവർത്തിക്കാനുള്ള അവസരം

**ചർച്ച് ഓഫ് ഗോഡിന്റെ വേദവിദ്യാലയങ്ങളായ മൗണ്ട് സീയോൻ ബൈബിൾ സെമിനാരി, മുളക്കുഴ; മൗണ്ട് പാരാൻ ബൈബിൾ കോളേജ്, കണ്ണൂർ; ബെഥേൽ ലേഡീസ് ബൈബിൾ കോളേജ്, കുമ്പനാട് എന്നിവിടങ്ങളിൽ പഠിക്കുന്നതിന് ഭാരത സുവിശേഷീകരണത്തിനായി സമർപ്പണവും ദർശനവുമുള്ള യുവതീ–യുവാക്കന്മാരെ ക്ഷണിക്കുന്നു.**

## ഇന്റർവ്യൂ
**22 ഏപ്രിൽ & 20 മെയ്**



*For More Details*

**The Director**
Education Department
Church of God In India, Mulakuzha, Kerala - 689 505
PH: 9447799659, 9349918737, 9446208799
E-mail:mtzionseminary@yahoo.com

# ക്ലീനിക്കൽ പാസ്റ്ററൽ കെയർ & കൗൺസിലിംങ്ങ്

## മുളക്കുഴ മൗണ്ട് സീയോൻ ബൈബിൾ സെമിനാരി

കോഴ്സ്: ഡിപ്ലോമ
പാസ്റ്റേഴ്സിനായി
മലയാളത്തിലും സർട്ടിഫിക്കറ്റ് കോഴ്സ്

കാലാവധി: 1 വർഷം

2014 ജൂൺ ആദ്യവാരം കോഴ്സുകൾ ആരംഭിക്കുന്നു

പാസ്റ്റേഴ്സിനും ബിരുദമുള്ള സഹോദരി സഹോദരന്മാർക്കും പ്രവേശനം. ദിവസേന വന്നു പഠിക്കുവാനുള്ള അവസരവും ഉണ്ട്.

കൂടുതൽ വിവരങ്ങൾക്ക്
പാസ്റ്റർ ജോൺസൺ ഡാനിയേൽ (ഡയറക്ടർ), ഫോൺ 9447799659, Email: jdcogi@yahoo.com




# അമിത സ്വാതന്ത്ര്യം ആപത്ത്

ഭാരതത്തിൽ പോലും ലഭിക്കാത്ത സ്വാതന്ത്ര്യമാണ് ആരാധനയുമായി ബന്ധപ്പെട്ട് യു. എ. ഇ. ലഭ്യമായത്. എന്നാൽ ലഭിച്ച സ്വാതന്ത്ര്യം ദുരുപയോഗം ചെയ്യുന്നവർ ചിലരെങ്കിലും ഇവിടെയുണ്ട് എന്നത് ദുഃഖകരമാണ്. അതിനാൽതന്നെ ചില നിയന്ത്രണങ്ങൾ സന്ദർശകർക്കും ആരാധകർക്കും ഉണ്ടായിരിക്കും. മറ്റൊരു രാജ്യത്ത് നമ്മൾ ആയിരിക്കുമ്പോൾ ആ രാജ്യത്തിന്റെ നിയമങ്ങൾക്കുള്ളിൽ ഒതുങ്ങിനിൽക്കുന്നതാണ് നല്ലത്. എന്നാൽ യു. എ. ഇ.യിൽ ചില നവപെന്തക്കോസ്തുകാരുടെ പ്രവർത്തികൾ കാരണം അല്പമായ പ്രയാസങ്ങൾ ക്രൈസ്തവ സമൂഹത്തിന് നേരിടേണ്ടിവന്നു. ആവേശം അല്ല ആവശ്യം. പരിജ്ഞാനത്തോടും വിവേകത്തോടും ഈ ലോകത്തിൽ വർത്തിക്കുകയാണ് കരണീയം.

50-കളുടെ ആരംഭത്തിൽ തന്നെ മലയാളി സമൂഹത്തിന്റെ കൂട്ടായ്മ യു. എ. ഇ. യിൽ ആരംഭിച്ചതാണ്. 60-കളിൽ പെന്തക്കോസ്ത് കൂട്ടായ്മ ശക്തിപ്പെട്ടു. പാസ്റ്റർ കെ. എം. ശാമുവേൽ, പാസ്റ്റർ എം. സി. ചാക്കോ, പാസ്റ്റർ കെ. എസ്. ചാക്കോ തുടങ്ങിയവരൊക്കെ പെന്തക്കോസ്ത് പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചവരും അതിനെ വളർത്തുവാൻ യത്നിച്ചവരുമാണ്. (1957-ൽ പാസ്റ്റർ റ്റി. റ്റി. ജോസഫിന്റെ നേതൃത്വത്തിൽ ബഹ്റൈനിൽ പെന്തക്കോസ്ത് കൂട്ടായ്മ ആരംഭിച്ചിരുന്നു). ഇവിടുത്തെ ഭരണാധികാരികൾ ക്രൈസ്തവരോട് ബഹുമാനത്തോടും സഹിഷ്ണതയോടുംകൂടിയാണ് വർത്തിക്കുന്നത്. അതിനാൽ തന്നെ വ്യാപകമായി പെന്തക്കോസ്ത് സഭകൾ വളരുവാൻ ഇടയായി. മാത്രമല്ല ആരാധനയ്ക്കായി സ്ഥലം അനുവദിക്കുകയും ആവശ്യമായ ക്രമീകരണങ്ങൾ ചെയ്തതും ഇവിടുത്തെ ഭരണാധികാരികളോട് മതസൗഹാർദ്ദത്തെ കാണിക്കുന്നതാണ്. എന്നാൽ സ്വാതന്ത്ര്യം ചൂഷണം ചെയ്യുന്നതും ലഭിച്ച സ്വാതന്ത്ര്യത്തിന് വിലങ്ങുതടിയാകുന്നതും നമ്മുടെ ആളുകൾ തന്നെയാണ് എന്നത് എത്രയോ ഖേദകരം. മെഗാ ക്രൂസേഡുകളും വ്യാപക പ്രചരണങ്ങളും ആണ് പലപ്പോഴും വിനയായി മാറുന്നത്. സൂക്ഷിച്ചാൽ ദുഃഖിക്കേണ്ട.




# വീണ്ടും ഒരു തെരഞ്ഞെടുപ്പുകാലം

ഭാരതം വീണ്ടും തെരഞ്ഞെടുപ്പിനെ നേരിടുകയാണ്. എല്ലാനിലയിലും ശ്രദ്ധേയമായ ഒരു തെരഞ്ഞെടുപ്പാണ് ഇത്തവണ നടക്കുന്നത്. കോൺഗ്രസും ബി. ജെ. പി.യും മൂന്നാംമുന്നണിയുമെല്ലാം ഭരണത്തിലേറാൻ കിണഞ്ഞുശ്രമിക്കുകയാണ്. മാധ്യമറിപ്പോർട്ടുകൾ ശരിയാകുകയാണെങ്കിൽ മോദിയായിരിക്കും പ്രധാനമന്ത്രി. എന്നാൽ രാഹുൽ ഗാന്ധിയുടെ നേതൃത്വത്തിൽ കോൺഗ്രസ് ഭരണം നിലനിർത്തുമെന്ന് വിശ്വസിക്കുന്നവരും ധാരാളം. എന്താണ് സംഭവിക്കുന്നതെന്ന് അറിയാൻ അമേരിക്കയിലെ ഭാരതീയ സമൂഹം ആകംക്ഷയിലാണെന്ന് പറയാം. മോദി ഭരണത്തിലേറുമെന്ന് അമേരിക്കൻ സർക്കാരും വിശ്വസിക്കുന്നുവെന്ന് തോന്നുന്നു. നരേന്ദ്ര മോദി പ്രധാനമന്ത്രി ആയാൽ എല്ലാവിധ നയതന്ത്രപരിരക്ഷയും നൽകുമെന്നും വിസ അനുവദിക്കുമെന്നുമെല്ലാം ഉള്ള അമേരിക്കയുടെ പ്രസ്താവന ഇതിന്റെ ഭാഗമായികാണാം. ഇന്ത്യയിലെ അമേരിക്കൻ സ്ഥാനാപതിയായ നാൻസി പവലിന്റെ രാജിയും ഇതോടൊപ്പം ചേർത്തു വായിക്കാവുന്നതാണ്.

എന്തുതന്നെയായലും ലോകത്തിലെ ഏറ്റവും വലിയ ജനാധിപത്യ രാജ്യമായ ഭാരതത്തിലെ പൊതു തെരഞ്ഞെടുപ്പ് ലോകത്തിൽ ഒരു അത്ഭുതം തന്നെയാണ്. വ്യത്യസ്ത ജാതി, വർഗ്ഗ, ഭാഷ, സംസ്കാരം, ഭൂപ്രകൃതി ഇവയാൽ സമൃദ്ധമായ ഭാരതത്തിന്റെ ഐക്യതയും അഖണ്ഡതയും നിലനിൽക്കുന്നത് തന്നെ മറ്റു രാജ്യങ്ങൾക്ക് അത്ഭുതമാണ്. കേരളത്തിൽ ഏപ്രിൽ 10ന് തെരഞ്ഞെടുപ്പു നടക്കുമെങ്കിലും മെയ് പകുതിവരെ കാത്തിരിക്കണമെന്നതു മാത്രമാണ് ആകെ അല്പം പ്രയാസമുള്ളത്. എന്തായാലും ഇവിടുത്തെ ഭാരതീയ സമൂഹം പ്രത്യേകിച്ചും മലയാളികൾ കൂടുന്നിടത്തെല്ലാം പൊതുവിലുള്ള ചർച്ചാ വിഷയം ഈ തെരഞ്ഞെടുപ്പുതന്നെയാണ്. നരേന്ദ്ര മോദിയോ രാഹുൽ ഗാന്ധിയോ ആരായിരിക്കും ഭാവി പ്രധാനമന്ത്രി. ആകാംക്ഷ അടങ്ങുന്നില്ല. കാത്തിരിപ്പിന്റെ ഒരു മാസം.

*Please Visit Us*
www.beljourn.com / www.beljourn.in

# ഡോക്ടറേറ്റ് ലഭിച്ചു



**ബാംഗ്ലൂർ:** പാസ്റ്റർ ഏബ്രഹാം മാത്യു വല്ല്യത്തിന് സതേൺ ഏഷ്യാ ബൈബിൾ കോളേജിൽ (Centre for Global Leadership Development) നിന്നും ഡോക്ടറേറ്റ് (D.Min.) ലഭിച്ചു.

"Persecution of Pentecostal Churches in Karnataka State: A Seminar to effectively prepare believers to face the persecution" എന്നതായിരുന്നു തന്റെ ഗവേഷണ വിഷയം. സഭ നേരിടുന്ന ആനുകാലിക വെല്ലുവിളികൾ, ഭരണഘടന അനുശാസിക്കുന്ന നിയമ പരിരക്ഷ എന്നിവയെക്കുറിച്ചുള്ള ബോധവൽക്കരണവും സഭാ ശുശ്രൂഷകൻമാർക്കുള്ള നേതൃത്വ പരിശീലനവും പ്രത്യേക സെമിനാറുകളിലൂടെ നൽകാൻ അദ്ദേഹം ആഗ്രഹിക്കുന്നു.

കഴിഞ്ഞ 30-ഓളം വർഷങ്ങളിലായി സൗദി അറേബ്യ, മാംഗ്ലൂർ, ബാംഗ്ലൂർ എന്നിവിടങ്ങളിൽ അദ്ദേഹം ശുശ്രൂഷിച്ചിട്ടുണ്ട്. നിലവിൽ ഐ.പി.സി. എബനേസർ ചർച്ച് വിവേക്നഗറിൽ സീനിയർ പാസ്റ്ററായി സേവനം അനുഷ്ഠിക്കുന്നു.

# ഡോ.കോര സംസാരിക്കുന്നു



1) പൊറോട്ടക്കും ഇറച്ചിക്കും വേണ്ടി രാഷ്ട്രീയപാർട്ടികൾക്കു മുദ്രാവാക്യം എഴുതിക്കൊടുത്തിരുന്ന ഒരു പത്രാധിപർ ഇപ്പേൾ വീണ്ടും ചില രാഷ്ട്രീയക്കാർക്കുണ്ടേി തന്റെ പത്രത്തിലെഴുതിയത് എന്തിനു വേണ്ടിയായിരിക്കും. **– പ്രകാശ് മുംബൈ**

*ദീപസ്തംഭം മഹാശ്ചര്യം നമുക്കും കിട്ടണം പണം*

2) ചർച്ച് ഓഫ് ഗോഡിൽ തിരുവല്ലക്കാരനായ ബിസിനസുകാരൻ ഒരു നേതാവിന്റെ കെയറോഫിൽ ബിസിനസിനുവേണ്ടി പല വിദേശികളുടെ അടുത്തും എത്തുന്നതു കോര അറിഞ്ഞില്ലേ **– ജേക്കബ് വാളകം**

*അറിഞ്ഞു. ഒരു ഇൻഷുറൻസ് എടുത്തിട്ടുവേണം ഇതൊക്കെ എഴുതാൻ. കുളത്തിലും കരയിലും മാവ് പൂത്ത് നിൽക്കുകയല്ലേ. മഞ്ഞുതുള്ളികൾ വീണ് പൂവ് കരിയാതിരിക്കട്ടെ.*

3) പെയ്ഡ് ന്യൂസ് എന്നാലെന്താ കോരേ? **– ഫിന്നി അടൂർ**

*പൊറോട്ടയായിട്ടും ഇറച്ചിക്കറിയായിട്ടും പണമായിട്ടും കിട്ടുന്നത് വാങ്ങിയിട്ട് കണ്ണടച്ച് തട്ടിവിടുന്നതെല്ലാം അതിൽപെടും ഫിന്നി. അതിനാവശ്യം മനസാക്ഷി മരിച്ചിരിക്കണം എന്നുമാത്രം.*

4) ചർച്ച് ഓഫ് ഗോഡിൽ സ്ഥലംമാറ്റം ലഭിക്കുവാൻ എന്താണ് കോരേ യോഗ്യത വേണ്ടത്? **– മോൻസി കോന്നി**

*മിനിമം 30 ലക്ഷം രൂപയുടെയെങ്കിലും തട്ടിപ്പ് നടത്തിയിരിക്കണം. ഇല്ലെങ്കിൽ സ്ഥലം മാറ്റം നിശ്ചയിക്കുന്ന സമിതിയിൽ സ്ഥലംമാറ്റം പാടേ ഇളക്കിമറിക്കുവാൻ കഴിവുള്ള ഉപസമിതിയുടെ കാലുതടവണം മോൻസീ.*




## മാധ്യമവിചാരം

# ബ്രദറൺകാർ സൂക്ഷിക്കുക ജെ. സി. ദേവ് വരുന്നുണ്ട്



അനിൽ കൊടിത്തോട്ടം
9495733727

**ജെ.** സി. ദേവ് ഒരു കത്തോലിക്കനായിരുന്നു. തൃശൂർ സ്വദേശിയാണ്. കൗമാരയൗവന കാലങ്ങൾ യുക്തിവാദത്തിലും നിരീശ്വരചിന്തയിലും ചിലവഴിച്ചു. കത്തോലിക്ക സെമിനാരിയിൽ കുറെക്കാലം പഠിച്ചതായി അറിവുണ്ട്. പെന്തക്കോസ്ത് വിശ്വാസം സ്വീകരിച്ച് ഐ. പി. സി.യിലും പിന്നീട് മാവേലിക്കരയിൽ ഫിന്നി ജേക്കബിന്റെ സ്വതന്ത്രസഭയിലും ബൈബിൾ കോളജിലും പ്രവർത്തിച്ചു. ചികിത്സ ചെയ്യുന്നത് വിശ്വാസിക്ക് ഭൂഷണമല്ല എന്ന ചില തീവ്ര പെന്തക്കോസ്തൽ നിലപാടുകളോട് വിയോജിച്ച് ബ്രദറൺ സഭയിലെത്തി. ബ്രദറൺ പ്രസ്ഥാനത്തിലെ സഹോദരങ്ങൾ അദ്ദേഹത്തിനു വേണ്ട പിന്തുണകൾ നൽകി. യുക്തിയും വിശ്വാസവും എന്ന മാസികയും നിരവധി കൃതികളും പ്രസിദ്ധം ചെയ്യുന്നതിന് അവരുടെ സാമ്പത്തിക കൂട്ടായ്മയും പ്രോത്സാഹനവും കാരണമായി. ഒരിക്കൽ താൻ പറഞ്ഞുവന്ന അന്യഭാഷയും അനുഭവിച്ച കൃപാവരങ്ങളും തള്ളിപ്പറഞ്ഞെങ്കിലും പെന്തക്കോസ്തരുമായി ആരോഗ്യകരമായ ബന്ധം നിലനിർത്താൻ ദേവ് ശ്രമിച്ചുപോന്നു.

പെന്തക്കോസ്ത് സെമിനാറുകളിലും അപൂർവ്വം കൺവൻഷനുകളിലും ദേവിനെ പെന്തക്കോസ്തുകാർ ക്ഷണിച്ചു. ഗുഡ്ന്യൂസിൽ ചില കോളങ്ങൾ ചെയ്തുപോന്നു. ബ്രദറൺകാരൻ ആയിരിക്കെതന്നെ ലെവി ഫ്രാഗൾ എന്ന പാശ്ചാത്യ യുക്തിവാദിക്കെതിരെ അന്യഭാഷ വേദാനുസാരം ആണെന്ന് തെളിയിച്ചുകൊണ്ട് ഒരു ലേഖനപരമ്പരതന്നെ ദേവ് ഗുഡ്ന്യൂസിൽ എഴുതി പെന്തക്കോസ്തുകാരെയും ബ്രദറുകാരെയും ഞെട്ടിച്ചു. അസംബ്ലീസ് ഓഫ് ഗോഡ് സഭയിലേക്ക് ചേക്കേറാനുള്ള ഒരു ശ്രമത്തിന്റെ ഭാഗമായിരുന്നു അതെന്ന് പിൽക്കാലത്ത് ബോധ്യപ്പെട്ടു പക്ഷെ വിജയിച്ചില്ല. അന്യഭാഷയെയും കൃപാവരങ്ങളെയും നിഷേധിച്ചുകൊണ്ട് ഇറങ്ങുന്ന നിരവധി കൃതികൾക്ക് അവതാരികകളും പ്രവേശികകളും എഴുതി ദേവ് ബ്രദറൺ കൂറ് പ്രഖ്യാപിച്ച് നിലകൊണ്ടു. ഇതിനിടയിൽ അദ്ദേഹത്തിന്റെ വ്യക്തിപരമായ പ്രശ്നങ്ങളാൽ ബ്രദറൺ സഭ വിട്ട് വീണ്ടും ഐ. പി. സിയിൽ ചേർന്നു. മൂന്നു പതിറ്റാണ്ടുകൾ താൻ പെന്തക്കോസ്ത് ഉപദേശങ്ങളെ വിമർശിച്ചുപോന്നതിൽ ക്ഷമാപണം നടത്തി. പ്രമുഖ പെന്തക്കോസ്ത് മാധ്യമങ്ങളിലെല്ലാം ദേവിന്റെ വരവ് ആഘോഷിച്ചു. ഇതിനിടയിൽ ഐ. പി. സി. വിട്ട ദേവ് കല്ലുമല ചർച്ച് ഓഫ് ഗോഡിലും പാമലയിലെ ഫെയ്ത്ത് ലീഡേഴ്സ് ചർച്ചിലും മാറിമാറി അംഗത്വം എടുത്തു. പാമല ചർച്ച് വിട്ട് ഐ. പി. സി.യുടെ കറുകച്ചാൽ സെന്ററിലായിരുന്നു പിന്നീട് ചേർന്നത്. ഇവിടെനിന്നുമാണ് വീണ്ടും ബ്രദറൺ സഭയിലേക്ക് നടന്നടുക്കുന്നത്. അദ്ദേഹത്തിന്റെ കരിയർ ആകമാനം പരിശോധിച്ചാൽ ഇനിയും സഭ മാറാനാണ് സാധ്യത. ഒടുവിൽ കത്തോലിക്കസഭയിൽ തിരിച്ചെത്തുമോയെന്നേ ഇനി അറിയേണ്ടതുള്ളൂ.

ചില പെന്തക്കോസ്ത് മാധ്യമങ്ങളും ടി. എസ്. ബാലനും ശക്തമായി വിമർശിച്ചിട്ടും ജെ. സി. ദേവിനെ പിന്തുണച്ചുപോന്ന ഒരാളായിരുന്നു ഈ ലേഖകൻ. ദേവ് പെന്തക്കോസ്തിലേക്ക് മടങ്ങിയെത്തുംകാലത്ത് ചില പ്രശ്നാധിഷ്ഠിത വിമർശനം ഈ ലേഖകൻ നടത്തിയിട്ടുണ്ട്. പിന്നീട് അദ്ദേഹത്തോട് അടുത്തിടപഴകിയ ലേഖകനു മനസ്സിലായ കാര്യം ദേവ് നിലപാടില്ലാത്ത ആൾ എന്നതായിരുന്നു. അത് തിരിച്ചറിഞ്ഞ അദ്ദേഹത്തോട് നാലുവർഷമായി വിയോജിച്ചുപോരുന്നു. പെന്തക്കോസ്തിൽ തന്നെയാരും അംഗീകരിക്കുന്നില്ല, പ്രോത്സാഹിപ്പിക്കുന്നില്ല, ശുശ്രൂഷയ്ക്ക് അവസരം നൽകുന്നില്ല ഇതൊക്കെയായിരുന്നുദേവിന്റെ ഇപ്പോഴത്തെ ന്യായീകരണം. (അവസരം കിട്ടാതെ വരുമ്പോൾ കളം മാറി പുതിയ തന്ത്രം പുറത്തെടുക്കുന്നതാണ് കരണീയമെന്ന് തോന്നുന്നെങ്കിൽ ആം ആദ്മിയിൽ ഒരു ഊഴം പരീക്ഷിക്കാവുന്നതാണ്). അവ എന്തുമാകട്ടെ. പെന്തക്കോസ്തിൽ എത്തിയ ദേവ് പരിശുദ്ധാത്മയുഗം എന്ന പേരിൽ ഒരു കൃതി പുറത്തിറക്കിയിരുന്നു. അതിൽ ഒരു അദ്ധ്യായം ജാലകത്തിനുവേണ്ടി ഈ ലേഖകൻ ദേവുമായി നടത്തിയ അഭിമുഖമാണ്. ബ്രദറൺ ഉപദേശങ്ങളെ പ്രതിരോധിച്ച് പെന്തക്കോസ്ത് ഉപദേശം സ്ഥാപിക്കുന്ന ആ കൃതിയിൽ എം. എം. സക്കറിയ അടക്കമുള്ള ബ്രദറൺ പ്രഭാഷകരുടെ വാദങ്ങളെ ഖണ്ഡിക്കുന്നുണ്ട്. പൂർണ്ണമായതുവരുമ്പോൾ അംശമായത് നീങ്ങിപ്പോകും എന്ന കൊരിന്ത്യ ലേഖന പരാമർശത്തെ സമ്പൂർണ്ണ ബൈബിളിന്റെ ക്രോഡീകരണത്തോടെ കൃപാവരങ്ങൾ നിന്നുപോയി എന്ന നിലയിൽ വ്യാഖ്യാനിക്കുന്ന ബ്രദറൺ നിലപാടിനെ ആവേശത്തോടെ ദേവ് എതിർക്കുന്നതുകാണാം. കെ. വി. സൈമൺ, മുതൽപേരായ മൺമറഞ്ഞ ബ്രദറൺ നേതൃനിരയുടെ കാഴ്ചപ്പാടുകളെ പാടേ നിഷേധിച്ച് പെന്തക്കോസ്ത് ഉപദേശം സ്ഥാപിക്കുന്ന പരിശുദ്ധാത്മ യുഗം എന്ന ദേവിന്റെ കൃതിക്ക് അവതാരിക എഴുതിയത് കാനം അച്ചനാണ്. ഈ കൃതി പുറത്തിറക്കാൻ ഇടപെട്ട ഒരു ആൾ എന്ന നിലയിൽ ഈ ലേഖകനെയും ജെ. സി. ദേവിനെയും അവഹേളിച്ചു

11

### മാധ്യമവിചാരകന്റെ അറിയിപ്പ്

1) മാർച്ച് 10 ലക്കം പോൾ ഡേവിഡായി, ഡേവിഡ് ജയിലിലായി എന്ന ശീർഷകത്തിൽ തയ്യാറാക്കിയ മാധ്യമവിചാരത്തിൽ സാമച്ചന്റെ സഭപൊട്ടിച്ചെടുത്ത് സഹപാസ്റ്റർ കൊണ്ടുപോയി എന്ന ഒരു പരാമർശമുണ്ടായിരുന്നു. എന്നാൽ പേരുവിളിക്കൽ, വ്യാജപ്രവചനം ഇത്യാദി സാമച്ചൻ നമ്പറുകൾക്ക് പിന്നിലെ കാപട്യം മനസ്സിലാക്കിയ ഒരു പറ്റം ദൈവമക്കൾ ഉപദേശ സത്യങ്ങൾ അനുസരിച്ച് ഒരു പുതിയ കൂടിവരവായി നില കൊള്ളാൻ തീരുമാനിക്കുകയായിരുന്നു എന്ന് അന്വേഷണത്തിൽ നിന്നും അറിയുവാൻ കഴിയുന്നു. മകനെയും പാർശ്വവർത്തികളെയും ചെങ്ങന്നൂരിലെ സഭയിൽ തിരുകി കയറ്റാൻ നടത്തിയ ശ്രമങ്ങളെ അവർ ചെറുക്കുകയും സഭയിൽ വല്ലതും തടയുന്ന വൻസ്രാവുകളെ മാത്രം മതിയെന്ന സാമച്ചൻ ശൈലിയെ പ്രതിരോധിക്കുകയും ചെയ്തുകൊണ്ട് അവർ സത്യം ചെയ്തിട്ട് ചേതം വന്നാലും മാറാത്തവരായി നിലകൊണ്ടു എന്നതിൽ അഭിനന്ദിക്കുന്നു.

2) എത്യോപ്യൻ ഷൂതന്റെ ആകാര സവിശേഷതകൾകൊണ്ട് ശ്രദ്ധേയനായ അച്ചൻകുഞ്ഞ് മാവേലിക്കരയിൽ നിന്ന് ജനവിധി തേടിയേക്കാം എന്ന ടി ലക്കത്തിലെ പരാമർശത്തിൽ കലിപൂണ്ട ഒരു എട്ടുകാലി മമ്മൂഞ്ഞ് പ്രകോപിതനായി. ഒന്നുകൂടി ഇങ്ങനെ എഴുതാമോ എന്ന് വെല്ലുവിളി നടത്തിയിരിക്കുന്നു. അദ്ദേഹത്തിന്റെ ആവേശത്തിനുമുമ്പിൽ മേൽപ്രസ്താവന ഒരിക്കൽകൂടി ആവർത്തിക്കുന്നു. അച്ചൻകുഞ്ഞ് നാഴികയ്ക്കു നാൽപ്പതുവട്ടം നിലപാട് മാറ്റുന്ന മണ്ഡൂകമാനസകർദ്ദമശിരസനാണ്.

## വിധിയും വിചാരണയും

# നവബാന്ധവം; രാഷ്ട്രീയം, ഇനി സിനിമയും.



രാജു ആനിക്കാട്

**ഒ**രു കാലത്ത് ആത്മീകതയുടെ പേരിൽ അകറ്റിനിർത്തിയിരുന്നവയെ എല്ലാം വർദ്ധിത വീര്യത്തോടെ ആശ്ലേഷിക്കുന്നതിൽ മുൻനിരയിലാണ് ഇന്ന് പെന്തക്കോസ്ത് പ്രസ്ഥാനം. ഈ ആധുനിക കാലത്തെപ്പോലെ വിവിധ വിഷയങ്ങളെക്കുറിച്ച് അത്ര അവഗാഹം ഇല്ലാതിരുന്ന പ്രാരംഭഘട്ടങ്ങളിൽ ഈ പ്രസ്ഥാനത്തിന് അനാത്മീക കാര്യങ്ങളോട് ഉള്ള നിലപാടുകൾ യുക്തിഭദ്രമായിരുന്നു. സുശക്തമായ അത്തരം ഉപദേശനിർമ്മലതയ്ക്കുമുമ്പിൽ അവിശുദ്ധമായ ഇടപാടുകൾ എല്ലാംതന്നെ ഈ സമൂഹത്തോട് കൃത്യമായ അകലം പാലിച്ചിരുന്നു. ഏതാണ്ട് ഒരു നൂറ്റാണ്ടോടടുത്ത് ഈ കർക്കശനിലപാടുകളുമായി മുന്നോട്ടുപോകാൻ പെന്തക്കോസ്തിനു കഴിഞ്ഞു എന്നുള്ളതുകൊണ്ട് അതിന്റെ സാധ്യതകളെക്കുറിച്ച് ഇന്ന് നാം ഗവേഷണം നടത്തേണ്ടിയിരിക്കുന്നു.

ഇപ്പോൾ ഈ ആത്മീക സമൂഹത്തിന് എന്താണ് സംഭവിച്ചിരിക്കുന്നത്? മൂല്യാപജയം ഉണ്ടായത് എന്തുകൊണ്ടാണ് എന്നുകൂടെ ചിന്തിക്കേണ്ടതുണ്ട്. നാം അകറ്റിനിർത്തിയിരുന്ന പലതും ഒരു മനസ്സാക്ഷികുത്തുകൂടാതെ നമ്മുടെ സമൂഹത്തിന്റെ ദൈനംദിന ജീവിത മേഖലയിൽ ആപത്കരമായ ആധിപത്യം പുലർത്തുന്നു എന്നത് ഗൗരവമായി ചിന്തിക്കേണ്ടിയിരിക്കുന്നു.

ഇപ്പോൾ ജനാധിപത്യ ഭാരതം ഒരു തെരഞ്ഞെടുപ്പ് കൂടി അഭിമുഖീകരിക്കുവാൻ പോകുകയാണ്. പെന്തക്കോസ്തരുടെ പൊതു മനസാക്ഷി ആരംഭകാലങ്ങളിൽ അരാഷ്ട്രീയമായിരുന്നു. എന്നാൽ കാലംമാറുകയും ചിന്താഗതികൾക്ക് മാറ്റംവരുകയും ചെയ്തപ്പോൾ നമ്മുടെയിടയിലും ആളുകൾ ഏതെങ്കിലുമൊക്കെ ഒരു രാഷ്ട്രീയ പാർട്ടിയോട് ആഭിമുഖ്യമുള്ളവരായി. ഒരു ജനാധിപത്യ മതേതര രാഷ്ട്രത്തിൽ പൗരന്മാർ അങ്ങനെ ഒരു രാഷ്ട്രീയപക്ഷം തേടുന്നത് കുറ്റകരമല്ല. പൗരാവകാശം മാത്രമാണ്. എന്നാൽ എല്ലാകാര്യങ്ങളോടും ആത്മീകവീക്ഷണത്തോടുകൂടെയുള്ള സമീപനത്തിന് ശ്രദ്ധേയരായ പെന്തക്കോസ്തർ ഇക്കാര്യത്തിലും ഒരു മിതത്വം സ്വീകരിക്കേണ്ടതാണ്. അല്ലാത്തപക്ഷം അത് പ്രതിനിധാനം ചെയ്യുന്ന ആധ്യാത്മീക മണ്ഡലത്തിന് അപമാനമാണ്. ഇന്ന് ആത്മീകമൂല്യങ്ങൾ ഉയർത്തിപ്പിടിച്ചിരുന്ന പെന്തക്കോസ്തരും അതിരില്ലാത്ത രാഷ്ട്രീയ പ്രേമം മൂത്ത് ഈ രംഗത്തുള്ള വരെ കൂട്ടുപിടിക്കാൻ വേണ്ടിയുള്ള തറരാഷ്ട്രീയം കളിക്കുമ്പോൾ അതിൽ എന്തോ ഒരു പന്തികേട് തോന്നിപ്പോകുന്നു. ആധ്യാത്മീകരംഗത്തിന് പലതിനോടും അകലം സൂക്ഷിക്കേണ്ടതുണ്ട്. അതൊന്നുമില്ലാത്ത ഒരു സ്ഥിതിവിശേഷം പെന്തക്കോസ്തിനകത്ത് ഉണ്ടാക്കുന്നെങ്കിൽ അത് ഗുരുതരപ്രശ്നങ്ങൾ ഉളവാക്കും.

നവപെന്തക്കോസ്ത് സമൂഹത്തിന് ആത്മീകകർമ്മവേദികളിലെല്ലാം ഒരു രാഷ്ട്രീയക്കാരനെ പ്രതിഷ്ഠിക്കുന്നത് ഒരു ഹരമായി മാറിയിരിക്കുന്നു. അവരിൽ നിന്ന് തക്കസമയത്ത് ഒരു സഹായം ഉണ്ടാകേണ്ടതിനുവേണ്ടിയുള്ള ഒരു വാഴ്ത്തലുമാത്രമായിട്ടാണ് നാം ഇത് ചെയ്യാറുള്ളത്. എന്നാൽ ജനാധിപത്യ സമൂഹത്തിൽ ന്യൂനപക്ഷമായാലും ഭൂരിപക്ഷമായാലും ആവശ്യഘട്ടത്തിൽ ജനങ്ങളെ സഹായിക്കുക എന്നുള്ളത് ഭരണാധികാരികളുടെ കടമയാണ്. അതിൽ വിവേചനം കാണിച്ചാൽ നിയമംകൊണ്ട് നേരിടാനുള്ള സാധ്യത ഇവിടെയുണ്ട്. അല്ലാത്തപക്ഷം വോട്ടിലൂടെ പ്രതികരിക്കാനും കഴിയും. ഇതാണ് മറ്റെല്ലാ സമൂഹവും ചെയ്യുന്നത്. അല്ലാതെ ഒരു രാഷ്ട്രീയക്കാരന് പ്രത്യേകമായി എഴുന്നള്ളിക്കുന്നതുകൊണ്ട് പ്രത്യേകിച്ചൊന്നും നേടാനില്ലായെന്ന് നാം മനസ്സിലാക്കേണം.

ഭാരതത്തിലും നമ്മുടെ സംസ്ഥാനമായ കേരളത്തിലുമൊക്കെ പെന്തക്കോസ്തർ പീഡിപ്പിക്കപ്പെടാതിരിക്കാനാണ് നമ്മുടെ ആളുകൾ വേദിയായ വേദികളെല്ലാം രാഷ്ട്രീയക്കാരെ അണിനിരത്തുന്നതിന്റെ ഒരു കാരണം. എന്നാൽ നാളിതുവരെ തല്ലുമേടിക്കേണ്ടിയിടത്തെല്ലാം പെന്തക്കോസ്തുകാരൻ അടിമേടിച്ചിട്ടുണ്ട്. ഇവിടങ്ങളിൽ ഒന്നും നമ്മൾ കൂടെ വോട്ട് കൊടുത്ത് വിജയിപ്പിച്ച് വിട്ടവരാരും പെന്തക്കോസ്തിനനുകൂലമായി നിന്ന് തല്ലുതടഞ്ഞതായിട്ടും അറിയില്ല. എന്നിട്ടും ചില ആളുകൾ ദൈവമക്കൾക്ക് അനുകൂലമായ ഒരു ഭരണം വരാൻവേണ്ടി പ്രാർത്ഥിക്കുകയും വോട്ടുചെയ്യാൻ പത്രങ്ങളിൽകൂടി അഭ്യർത്ഥിക്കുകയും ചെയ്യുമ്പോൾ ലജ്ജയാണ് തോന്നുന്നത്. ഇത് എഴുതുന്ന സമയത്ത് കോഴിക്കോട് ജില്ലയിലെ പേരാമ്പ്രയിൽ ഐ. പി. സി. സഭ അടക്കമുള്ള പെന്തക്കോസ്ത് പ്രവർത്തനങ്ങൾക്കുനേരെ വർഗ്ഗീയശക്തികൾ ആക്രമണം അഴിച്ചുവിട്ടിട്ട് രണ്ട് മൂന്ന് ആഴ്ചകളായി ആരാധന തടസ്സംചെയ്യുകയും ചെയ്ത സംഭവം നിലനിൽക്കുകയാണ്. പെന്തക്കോസ്തിനനുകൂലമായ ഭരണം വരണമെന്ന് പത്രങ്ങളിലൂടെയും അല്ലാതെയും പ്രത്യക്ഷമായും പരോക്ഷമായും പ്രാർത്ഥനയ്ക്ക് ആഹ്വാനം ചെയ്യുന്ന സഭാനേതാവും, ഒരു രാഷ്ട്രീയക്കാരനും അവിടേക്ക് തിരിഞ്ഞുനോക്കിയിട്ടില്ലായെന്നുള്ളതാണ് സത്യം. അതുകൊണ്ട് ഒരു ജനാധിപത്യ രാഷ്ട്രത്തിൽ ഏത് രാഷ്ട്രീയപാർട്ടിയിലും വിശ്വസിക്കാൻ നമുക്ക് സ്വാതന്ത്ര്യമുണ്ട്. നമ്മുടെ ഇച്ഛാശക്തിയനുസരിച്ച് വോട്ടുനൽകാനുള്ള മൗലികവകാശവുമുണ്ട്. അതിനാൽ രാഷ്ട്രീയക്കാരനെ ആത്മീയ വേദിയിൽ അനാവശ്യമായി കെട്ടി എഴുന്നള്ളിക്കുന്ന പ്രവണതയ്ക്ക് ഇനിയെങ്കിലും പെന്തക്കോസ്ത് പ്രസ്ഥാനം തടയിടേണ്ടതാണ്. ഇതെല്ലാം നമ്മുടെ ഇടയിലെ ചില സ്വാർത്ഥലാഭക്കാരുടെ താൽപര്യസംരക്ഷണത്തിനുവേണ്ടിയുള്ള ആസൂത്രിതശ്രമമാണ്. രാജ്യത്ത് ഒരു നിയമം ഉണ്ടെങ്കിൽ അത് എല്ലാ പൗരന്മാർക്കും തുല്യബാധകമാണ്. അത് നമുക്ക് കിട്ടിയാൽ മതിയെന്ന ചിന്തയുള്ള ഒരു പെന്തക്കോസ്തുകാരനും അനാവശ്യമായി രാഷ്ട്രീയക്കാരനെ നമ്മുടെ വേദികളിലേക്ക് വലിച്ചിഴയ്ക്കുകയില്ല.

ഈ മതേതര സമൂഹത്തിൽ ദൈവമുള്ളവൻ ഭരിക്കണം എന്നൊക്കെയുള്ള പെന്തക്കോസ്തുകാരന്റെ ചിന്ത വെറും അബദ്ധമാണ്. നാളിതുവരെ അങ്ങനെയുള്ളവർ എന്ന് നമ്മൾ ധരിക്കുന്നവർ ഭരിച്ചിട്ടത്താണ് പെന്തക്കോസ്തുകാരൻ ഈ അനുഭവിച്ചതെല്ലാം. അതുകൊണ്ട് അത്തരത്തിലുള്ള പ്രചാരണങ്ങൾ ജനാധിപത്യവിരുദ്ധമാണ്. ജനാധിപത്യ രാഷ്ട്രീയത്തിൽ ജനപിന്തുണയുള്ള ആരും ഭരിക്കട്ടെ. ഇവിടെ പൗരാവകാശങ്ങൾ സംരക്ഷിക്കപ്പെടുകയാണ് നമ്മുടെ ആവശ്യം. അല്ലാതെ വോട്ടിനുവേണ്ടി നമ്മുടെ വേദികളിൽ വന്ന് പഞ്ചാരവാക്കുകൾ പറഞ്ഞിട്ട് തക്കസമയത്ത് നമ്മെ കണ്ടില്ലെന്ന് നടിക്കുന്ന ഒരാളെയും നാം തോളിലേറ്റേണ്ടതില്ല. പെന്തക്കോസ്ത് ഈവിധ പാതകങ്ങളിൽ നിന്ന് കരകേറേണ്ടിയിരിക്കുന്നു.

പെന്തക്കോസ്തുകാരന്റെ ഒരു ചടങ്ങിൽ ഇന്ന് അഭിഷിക്തന്മാരുടെ സാന്നിധ്യമില്ലെങ്കിലും ഒരു സിനിമക്കാരനോ രാഷ്ട്രീയക്കാരനോ ഇല്ലെങ്കിൽ വല്യപോരായ്മയായി മാറിയിരിക്കുന്നു. അടുത്തകാലത്ത് നടന്ന പല ചടങ്ങുകളിലും ഇപ്പോൾ സിനിമക്കാർ വരെ മുഖ്യാസനം കൈയടക്കുകയാണ്. സാമൂഹ്യബന്ധങ്ങൾ വേണ്ടെന്ന് നാം പറയുന്നില്ല.

09

# നിത്യതയിൽ



**പാസ്റ്റർ പി. ജെ. മാത്യു**

**തൊടുപുഴ:** ഡബ്ല്യു. എം. ഇ. നാഷണൽ പ്രസ്ബിറ്ററി അംഗവും സീനിയർ ഡിസ്ട്രിക്ട് മിനിസ്റ്ററുമായിരുന്ന എഴുമറ്റൂർ പൂവക്കര പുത്തൻപുരയ്ക്കൽ പാസ്റ്റർ പി. ജെ. മാത്യു (ജോർജ് പാസ്റ്റർ-60) കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു. തൊടുപുഴ സെന്ററിലെ ഇഞ്ചിയാനിസഭയിൽ ആരാധനാമദ്ധ്യേ വചനം ശുശ്രൂഷിക്കുമളവിൽ അനേകം ദൈവമക്കളുടെ സാന്നിദ്ധ്യത്തിൽ പ്രസംഗപീഠത്തിൽവെച്ചായിരുന്നു അന്ത്യം. അന്ത്യശ്വാസം വലിക്കുമ്പോഴും നിത്യതയെക്കുറിച്ചുള്ള പ്രസംഗം തുടർന്നുകൊണ്ടിരുന്നു. സംസ്കാരശുശ്രൂഷകൾ വമ്പിച്ച ജനാവലിയുടെയും നൂറുകണക്കിനു ദൈവദാസന്മാരുടെയും സാന്നിദ്ധ്യത്തിൽ ജനറൽ പ്രസിഡന്റ് പാസ്റ്റർ ഒ. എം. രാജുക്കുട്ടിയുടെ നേതൃത്വത്തിൽ നടത്തപ്പെട്ടു. കർത്തൃദാസന്മാരും രാഷ്ട്രീയ-സാമൂഹ്യ നേതാക്കളും പങ്കെടുത്തു.

ഡബ്ല്യു. എം. ഇ. ആരംഭകാല ശുശ്രൂഷകനായിരുന്ന കാരമലമഞ്ഞനാംകുഴിയിൽ പാസ്റ്റർ എം. എൽ. ജോണിന്റെയും മറിയാമ്മ ജോണിന്റെയും മകനാണ്. ഡബ്ല്യു. എം. ഇ. ബൈബിൾ കോളേജിൽ വേദപഠനം പൂർത്തിയാക്കി 1977-ൽ സഭാശുശ്രൂഷകനായി. ഭാര്യ ആലീസ് മാത്യു കങ്ങഴ താഴത്തുകാവുങ്കൽ കുടുംബാംഗമാണ്. മക്കൾ രാജൻ മാത്യു (ഷാജി), ഷെറിൻ (കുവൈറ്റ്), ഷിനുക്കുട്ടൻ (മസ്കറ്റ്). മരുമക്കൾ സിനി, വിജി (കുവൈറ്റ്). കൊച്ചുമക്കൾ: ജെറിൻ, മെറിൻ (വിദ്യാർത്ഥികൾ).



**അന്നമ്മ അലക്സാണ്ടർ**

**ചെങ്ങന്നൂർ:** പാണ്ടനാട് ചർച്ച് ഓഫ് ഗോഡ് സഭാംഗമായ കളത്രത്തുണ്ടിയിൽ കെ.വി.അലക്സാണ്ടർ-ഗ്രേസി ദമ്പതികളുടെ മകൾ അന്നമ്മ അലക്സാണ്ടർ (ജയ-35) സൗദി അറേബ്യയിൽ ന്യൂമോണിയ ബാധിച്ച് മരിച്ചു. അവിടെ സിഫിയ ഗവ. ഹോസ്പിറ്റലിൽ അഡ്മിറ്റായിരുന്നു. മരിക്കുമ്പോൾ 7 മാസം ഗർഭിണിയായിരുന്നു. തൃശൂർ ഒട്ടുപാറ അമൃതനഗർ പൂക്കുന്നേൽ ജയിംസ് പി. മാത്യുവാണ് ഭർത്താവ്. ജയിംസിന് സൗദിയിലാണ് ജോലി. ഏക മകൻ -ബ്ലസൻ രണ്ടാംക്ലാസ് വിദ്യാർത്ഥിയാണ്. ജെസി ജേഷ്ഠ സഹോദരിയാണ്. മൃതശരീരം നാട്ടിൽ കൊണ്ടുവന്ന് തൃശൂർ ശാരോൺ ഫെലോഷിപ്പ് സെമിത്തേരിയിൽ സംസ്കരിച്ചു.



**ഡോക്ടർ ഷീന ഫിലിപ്പ്**

**ഹൂസ്റ്റൺ:** പുല്ലാട് വേലംപറമ്പിൽ ജോൺ ഫിലിപ്പിന്റെയും അന്നമ്മയുടെയും സീമന്തപുത്രി ഡോക്ടർ ഷീന ഫിലിപ്പ് (51) നിര്യാതയായി. മക്കൾ ആഡം, സാറ, ലൈല. സംസ്കാരം ശനിയാഴ്ച (മാർച്ച് 22-ന്) റവ. ഏബ്രഹാം ചാക്കോയുടെ ചുമതലയിൽ വെസ്റ്റെമറിലുള്ള ഫോറസ്റ്റ് പാർക്ക് സെമിത്തേരിയിൽ നടത്തി.

## കൊച്ചുവർത്തമാനം





**പാസ്റ്റർ ബിജു ജോയി തുവയൂർ**
**ഗൾഫ് എഡിറ്റർ ബിലീവേഴ്സ് ജേണൽ**

# അടഞ്ഞു കിടന്ന വീട്

ഗൾഫു നാടുകളിൽ സാധാരണയായി സഞ്ചരിച്ചു വരാറുള്ള സ്വതന്ത്രനായ ഒരു ദാസന്റെ ദൂത് വളരെ കേമം എന്നു തോന്നിയ ഒരു കുടുംബം നാട്ടിലെത്തിയപ്പോൾ തങ്ങളുടെ വീട്ടിലെത്തി വീടുമായി ബന്ധപ്പെട്ട ചില "പോരുകൾ" വെളിപ്പെടുത്തി പരിഹാര നിർദ്ദേശത്തിനും മറ്റുമായി ശ്രേഷ്ഠ ഭൃത്യനെ ഭവനത്തിലേക്ക് ക്ഷണിച്ചു. അധികസമയം പ്രാർത്ഥനയിൽ പോരാടി എങ്കിലും കാര്യമായി ഒന്നും ഭൃത്യന് ബോദ്ധ്യം വരുന്നില്ല. വരാത്ത ദൂത് വരുത്തുവാൻ കഴിവുള്ള ഭൃത്യൻ ഒടുവിൽ പോകുംമുമ്പ് ഒരു പ്രഖ്യാപനം അങ്ങ് നടത്തി. ചില നാളുകളായി നിങ്ങളുടെ വീട് അടച്ചിട്ടിരിക്കയാൽ ആത്മാവിന് ഇവിടേക്ക് വരാൻ കഴിയുന്നില്ല. എങ്ങനെ ഉണ്ട് സംഗതി. അടച്ച മുറിക്കകത്ത് ഭയന്നിരുന്ന ശിഷ്യന്മാരുടെ നടുവിൽ വെളിപ്പെട്ട് സമാധാനം അരുളിയ ഈശോ തമ്പുരാന്റെ കല്ലറക്കകത്തുനിന്നും മരണത്തെ ജയിച്ചുയർത്ത മഹോന്നതന്റെ ആത്മാവിന് അടഞ്ഞുകിടന്ന വീട് തടസ്സമാണത്രെ. പ്രീയരെ ഏതു പ്രസിദ്ധരായ പ്രവാചകന്മാർക്കും ചിലപ്പോൾ 'ദൂതുകൾ' വേണ്ടും പോലെ വെളിപ്പെട്ടു എന്നു വരികയില്ല. എന്നാലും പ്രവാചക ആശ്രയത്തിന് അപ്പുറം ദൈവാശ്രയത്തിന്റെയും ദൈവകൃപയാൽ ഉള വാകുന്ന ധൈര്യത്തിന്റെയും വിശ്വാസത്തിന്റെ ശക്തിയാൽ നമുക്ക് പ്രതിസന്ധികളെ തരണം ചെയ്യാം -നാം കേൾക്കുന്നതും - കാണുന്നതുമായ കാര്യങ്ങളും, വിടുതലുകളും ദൈവവചനവുമായി തുലനം ചെയ്താൽ നമുക്കറിയാം ദൈവീകമോ മാനുഷീകമോ എന്ന് - പ്രവചനം തുച്ഛീകരിക്കരുത് - എന്നാൽ ശോധനചെയ്ത് നല്ലത് മുറുകെ പിടിക്കാം - തീയത് ഒഴിവാക്കുകയാം - അറിവും ജ്ഞാനവും വിദ്യാഭ്യാസവും ഒക്കെ ഉണ്ടായിട്ടും കർത്താവിനെക്കാളുപരി അബദ്ധധാരണകളെ മുതലാക്കുന്ന ആത്മീയ വികലന്മാരെ ഒഴിഞ്ഞിരിക്കാൻ നമ്മിൽ പലർക്കും കഴിയാതെ പോകുന്നത് വിചിത്രം തന്നെ. ദൈവമർമ്മങ്ങളുടെ ഗൃഹവിചാരകന്മാർ വിശ്വസ്തരായിരിക്കണം എന്ന തിരുവെഴുത്തു മറക്കാതിരിക്കുന്നത് നല്ലത് - കർത്താവ് കരുണ ചെയ്യട്ടെ.

## 02 യുവജനപംക്തി.....

ർച്ചുകളിൽ ഈ അവധിക്കാലത്ത് ഒരു വിബിഎസ്സ് നിർബന്ധമായും ഉണ്ടാകണം.

**യുവജന ക്യാമ്പുകൾ/ പൊതുപ്രവർത്തനം**

യുവതി യുവാക്കളെ ഏകോപിപ്പിക്കുവാനും ആത്മീകമായി വളർത്തുവാനും യുവജനക്യാമ്പുകൾ പ്രയോജനം ചെയ്യും. പൊതുപ്രവർത്തനത്തിലൂടെ ഐക്യതയും സാമൂഹിക കടപ്പാടും ദൈവസ്നേഹവും യുവജനങ്ങളിൽ പകരുവാൻ കഴിയും. കായീകമായ പങ്കെടുക്കലുകൾ യുവജനങ്ങൾ കൂടുതൽ ഇഷ്ടപ്പെടുന്ന ഒന്നാണ്. മദ്യം, മയക്കുമരുന്ന്, പാൻമസാലേക്ക് എതിരെയുള്ള സൈക്കിൾ/ ബൈക്ക് റാലികൾ തുടങ്ങിയവയും നല്ലതാണ്. യുവജനക്യാമ്പുകൾ വെറും സംഗമങ്ങൾ ആകാതെ ആത്മീയസത്യങ്ങൾ, യുവജനങ്ങൾക്കുള്ള മാർഗ്ഗനിർദ്ദേശങ്ങൾ ഇവ നൽക്കുന്ന വേദിയാകണം.പല യുവജനക്യാമ്പുകളും നേതാക്കന്മാർക്ക് വിളങ്ങാനുള്ള വേദിയായും പരസ്പരം ഉയർത്താനുള്ള വേദിയായും തീരാറുണ്ട്. ഇത്തരം പ്രവണതകൾ മാറി, കുഞ്ഞുങ്ങൾ, യുവജനങ്ങൾ തുടങ്ങിയവർക്ക് അവരുടെ പ്രായം അറിഞ്ഞ് ആനുകാലിക പ്രസ്ക്തമായ വചനങ്ങൾ പങ്കിടുന്നവരെ മാത്രം ക്ഷണിക്കണം. ഇത്തരം വേദികൾ സ്വാഗതവും, ആശംസയും, പൊക്കിപറച്ചിലും ഒക്കെയായി മാറാതെ പ്രത്യേകം ശ്രദ്ധിക്കണം......

**കുട്ടികൾക്കായുള്ള ധ്യാനയോഗങ്ങൾ.**

കുഞ്ഞുങ്ങൾക്കായി ഉപവാസപ്രാർത്ഥനയോ, ധ്യാനയോഗങ്ങളോ നടത്തണം. പ്രമുഖ ഉണർവ്വ് പ്രസംഗകാരെ ഒഴിവാക്കി കുഞ്ഞുങ്ങളുമായി ആശയവിനിമയം നടത്തുന്നവരെ മാത്രം ക്ഷണിക്കുക. വചനം ലളിതമായി കുഞ്ഞുങ്ങൾക്ക് നൽകുന്നതാണ് അവർക്ക് പ്രയോജനം... "വെളിപ്പാടു പുസ്തകം പുതിയയെരുശലേമും" തുടങ്ങിയ വിഷയങ്ങൾക്ക് പകരം ദൈനംദിന ജീവിതത്തിലെ പ്രലോഭനങ്ങളെ എങ്ങനെ അതിജീവിക്കാം എന്നും, ദൈവഹിതമറിഞ്ഞ് ജീവിക്കുന്നതിനെ പറ്റിയും തലമുറയെ പഠിപ്പിക്കണം.

ആത്മീകതാല്പര്യം വർദ്ധിക്കുവാനായി ഉതുകുന്ന നല്ല കൂട്ടായ്മകൾ ഉണ്ടാകണം. നമ്മുടെ കുഞ്ഞുങ്ങൾ നാളത്തെ സഭയാണ്, സമൂഹമാണ്. അതുകൊണ്ട് തന്നെ അവരെ നന്നായി പരിശീലിപ്പിക്കണം.

കുഞ്ഞുങ്ങളുടെ പരിശീലത്തിന് നാം എന്താണ് നൽക്കേണ്ടത്, നിങ്ങളുടെ നിർദ്ദേശങ്ങൾ ബിലിവേഴ്സ് ജേർണലിലേക്ക് തുറന്നെഴുതുക.... നല്ല ആശയങ്ങൾ മറ്റുള്ളവർക്ക് കൂടി പ്രയോജനമാകട്ടെ.

## 10 വിധിയും വിചാരണയും....

ഇങ്ങനെയുള്ളവർ നമ്മുടെ ചടങ്ങിൽ വരുന്നത് പാപമാണെന്നും കരുതുന്നില്ല. എന്നാൽ വിദൂരങ്ങളിൽ നിന്ന് ഇവരെ എഴുന്നള്ളിച്ചുകൊണ്ടുവന്ന് നമ്മുടെ ആത്മീകശുശ്രൂഷകളിലെ ശ്രദ്ധതിരിച്ചുവിടുന്ന ഈ അവിശുദ്ധ ബന്ധം എങ്ങനെ ഉണ്ടായി എന്നാണ് അറിയേണ്ടത്. സ്വാഭാവികമായി കൊടുക്കൽവാങ്ങൽ അതിഥി ആതിഥേയബന്ധം ഒക്കെ സംഭവിക്കട്ടെ. പക്ഷെ സമീപകാലത്ത് നമ്മുടെ പലവേദികളിലും കാണുന്ന അസ്വാഭാവികത ആണ് ഇങ്ങനെയൊക്കെ ചിന്തിക്കാൻ നമ്മെ പ്രേരിപ്പിക്കുന്നത്. ഒരു കാലത്ത് നാം പടിക്ക് പുറത്തു നിർത്തിയതിനെ ഇരുകരവും നീട്ടി സ്വീകരിക്കുന്നത് കാണുമ്പോൾ ഒരു അവിശുദ്ധ കൂട്ടുകെട്ടിന്റെ ദുരൂഹത പെന്തക്കോസ്തിൽ ഉണ്ടെന്ന് തോന്നുന്നു. അങ്ങനെയില്ലെങ്കിൽ ഈ സമൂഹത്തിന്റെ മുമ്പിൽ അത് സുതാര്യമാക്കേണ്ട ബാധ്യതയും ഇതൊക്കെ ചെയ്യുന്നവർക്കുണ്ട്.

നാം അനാത്മീകരെന്ന് പറയുന്ന രാഷ്ട്രീയക്കാരുടെ ധാർമ്മികതയെന്താണ്. രണ്ട് വ്യത്യസ്ത ധ്രുവങ്ങളിലുള്ള രാഷ്ട്രീയകക്ഷികൾ ഒന്നിച്ചുവേദി പങ്കിടുന്നതുപോലും അവരുടെ രാഷ്ട്രീയമര്യാദയ്ക്ക് യോജിച്ചതല്ലെന്ന് വിശ്വസിക്കുകയും അങ്ങനെ ചെയ്യുന്നവരെ അന്വേഷണവിധേയമായി അച്ചടക്കനടപടികൾക്ക് ഏൽപ്പിക്കുകയും ചെയ്യുന്ന ഒരു സമൂഹത്തിലാണ് ആത്മീകരെന്ന് അഭിമാനിക്കുന്നവർ സകല ആധ്യാത്മിക മര്യാദയും ലംഘിച്ചുകൊണ്ട് പവിത്രമായ നമ്മുടെ ശുശ്രൂഷകളിൽ രാഷ്ട്രീയക്കാരനും സിനിമക്കാരനും ഒക്കെയായുള്ള ബാന്ധവം ഉറപ്പിക്കുന്നത്. ഇത് നമ്മുടെ സമൂഹം ഉണർന്ന് ചിന്തിക്കേണ്ടിയിരിക്കുന്നു.

## 01 സോൾ വിന്നേഴ്സ് ഇന്ത്യ വാർഷിക....

റിച്ച് വെല്ലർ, പാസ്റ്റർ റാഫേൽ മേലേൻഡസ്, പാസ്റ്റർ ഡാനിയേൽ ജോസഫ്, സുവിശേഷകൻ ഷാജു ഈശോ, പാസ്റ്റർ സന്തോഷ് ഈശോ എന്നിവരും വിവിധ യോഗങ്ങളിൽ പ്രസംഗിച്ചു. 22ന് നടന്ന ബഥേൽ ബൈബിൾ സെമിനാരികളുടെ സംയുക്ത ഗ്രാജുവേഷന് പ്രിൻസിപ്പൾ പാസ്റ്റർ അനിയൻകുഞ്ഞ് കെ. കെ.യും രജിസ്ട്രാർ പാസ്റ്റർ എൻ. ജെ. ജേക്കബും നേതൃത്വം നൽകി. കേരളം, ആന്ധ്രാ, മദ്ധ്യപ്രദേശ്, ഛത്തീസ്ഗഡ് എന്ന സംസ്ഥാനങ്ങളിൽ നിന്നായി 25പേർ ഗ്രാഡുവേറ്റ് ചെയ്തു. ഈ പ്രാവശ്യം സ്ഥലം എം. എൽ. എ. ജിതേന്ദ്ര സിംഗ് - സോളങ്ക് ആശംസകൾ അറിയിച്ചു. റോട്ടറി ക്ലബ്, ലയൺസ് ക്ലബ്, പത്രപ്രതിനിധികൾ വിവിധ രാഷ്ട്രീയ നേതാക്കന്മാർ എന്നിവർ ആശംസകൾ അറിയിച്ചു. 23ന് നടന്ന സംയുക്ത സഭായോഗത്തിലും തിരുവത്താഴ ശുശ്രൂഷയ്ക്കും പാസ്റ്റർ ജോൺസൺ ഏബ്രഹാം നേതൃത്വം നൽകി. ഇന്ത്യയുടെ 25 സംസ്ഥാനങ്ങളിൽ നിന്നും നേപ്പാൾ ഭൂട്ടാൻ തുടങ്ങിയ അയൽരാജ്യങ്ങളിൽ നിന്നും സോൾ വിന്നേഴ്സിന്റെ പ്രതിനിധികൾ പങ്കെടുത്തു. സോൾ വിന്നേഴ്സ് ഇന്ത്യാ ചർച്ച് ഓഫ് ഗോഡിന്റെ 350 ഓളം പാസ്റ്റർമാരും മിഷണറിമാരും പ്രതിനിധികളും അവരുടെ കുടുംബാംഗങ്ങൾ ഉൾപ്പെടെ ഇന്ത്യയ്ക്ക് അകത്തും പുറത്തും നിന്നുമായി 3500പേർ യോഗങ്ങളിൽ പങ്കെടുത്തു.

## 02 നോവൽ.......

ല്ലേ എല്ലാവരും..

സോറി സാറേ...ഒരു കുട്ടിയുടെ കണ്ണു നിറഞ്ഞത് ആൽബർട്ട് കണ്ടു. ഞാ ഇനീം രാവിലെ കുളിക്കാതെ ഇരിക്കത്തില്ല. യേശു അപ്പായോടും സോറി സാറേ..

ഞാനും സോറി സാറേ...ആൽബർട്ട് അവിടേക്ക് മുഖം തിരിച്ചു. ഒരു പെൺകുട്ടി.

സാറിനു വേണ്ടി പ്രാർത്ഥിച്ചവരാരാ...?

പെട്ടന്നാണ് എല്ലാവരും കൈകൾ പൊക്കിയത്. ആൽബർട്ടിൽ പിതൃവാത്സല്യം നിറഞ്ഞു. തന്റെ കുഞ്ഞുങ്ങൾ....

നാളെ മുതൽ എല്ലാവരും സ്ളേറ്റും പെൻസിലും കൊണ്ടു വരേണം കേട്ടോ എല്ലാവരും തലകുലുക്കുന്നു. പിന്നെയും എന്തെല്ലാമോ പറഞ്ഞ് ആൽബർട്ട് സ്കൂളിൽ തന്നെ ഇരുന്നു.

മടങ്ങുമ്പോൾ ആൽബർട്ട് ആണ്ടെന്റെ കുടിലിൽ കയറി.

ആണ്ടൻ നല്ല ഉറക്കത്തിലാണ്. മാഞ്ചിയും പിള്ളാരും എവിടെ? ആൽബർട്ട് മുരടനക്കി. ആണ്ടൻ കേട്ടു കാണണം. ഞരക്കത്തോടെ തിരിയുന്നു. ഒരു നിമിഷം പതറി സംശയവും ആശ്ചര്യവും കലർന്ന് ആണ്ടൻ ചാടി എഴുന്നേറ്റു. അയാളുടെ അരികിലായി കിടന്ന ഒരു പൂച്ച കരച്ചിലോടെ ഏന്തിവലിഞ്ഞോടുന്നത് ആൽബർട്ട് കണ്ടു.

ദൈവം കുട്ട്യേ, ഞാ തളർച്ച കൊണ്ടാ

മാഞ്ചീം പിള്ളാരും എവിടെ?

മൂപ്പന്റെ ഭാഗത്തിൽ പണിയൊണ്ട്. ചീരും ചീതേം തോട്ടിലോട്ടങ്ങാണ്ട് പോയി...

ആണ്ടൻ സംസാരിച്ചു കൊണ്ട് തന്നെ അടുപ്പിൽ തീ പൂട്ടി.

ഇന്ന് രാത്തിരി ചോമന്റെ കൂടീലല്ലേ കൂട്ടമൊള്ളേ, ആ അത് പറഞ്ഞപ്പോഴാ ഓർത്തേ, മാഞ്ചീടെ തള്ള സൂക്കേടായി കിടപ്പാ, ദൈവം കുട്ട്യേ കാണാൻ അവൾ വരാനിരുന്നതാ...., യ്യോ, ഞാ ചോദിച്ചില്ലല്ലോ ദൈവം കുട്ടീ, തലേലെ മുറിവെങ്ങനെയൊണ്ട്...?

ആണ്ടൻ നിർത്താതെ പറഞ്ഞു കൊണ്ടിരുന്നു.

കുറവുണ്ട് ആണ്ടാ, ഇനീം കിടക്കുന്നില്ലേൽ മാഞ്ചീടെ തള്ളേക്കാണാൻ വരൂ, യേശു ദൈവം പ്രവൃത്തിക്കും

ദേണ്ടേ കാപ്പിയായി, കാപ്പികുടിച്ചിട്ട് പാം

ആണ്ടനോടൊത്ത് ചരിവിറങ്ങുമ്പോൾ അരമണിയുടെ കിലുക്കം കേട്ടു തുടങ്ങി. എതിരേ കാട്ടുതലപ്പുകൾ വെട്ടിയരിഞ്ഞ് കുമ്മാശൻ വരുന്നു. അന്തരീക്ഷമാകെ കാടൻ ചാരായത്തിന്റെ ദുഷിച്ച ഗന്ധം പടരുന്നു. ആൽബർട്ടിനെ കണ്ടതോടെ കുമ്മാശനിൽ കോപമാളി. കൊടുവാൾ നെറ്റിക്കുനേരെ ഉയർത്തി വൈരം നിറച്ച കണ്ണുകളുമായി കുമ്മാശൻ നിലത്ത് തുപ്പി...!

(തുടരും)

ലേഖനം

# ഉപ്പുതൂണുകൾ പെരുകുന്നു: നിത്യതയോ ലക്ഷ്യം?



ഷൈജു ഡാനിയേൽ
അടൂർ
shyjudani@gmail.com

ഒരു പട്ടണത്തിലേക്ക് ന്യായവിധിയുടെ തീ ഇറങ്ങുന്നതിനു മുമ്പ് ദൈവം തനിക്കുള്ളവരെ സുരക്ഷിത സ്ഥാനങ്ങളിലേക്ക് മാറ്റുന്ന കരുതലിൽ ചിത്രം വർണ്ണാഭമാണ്. അധാർമ്മികതയുടെ വിളനിലമായി അധഃപതിച്ച സൊദോമിനെ അഗ്നി നാവുകൾ വിഴുങ്ങും മുമ്പേ ലോത്തിനെയും തന്റെ കുടുംബത്തെയും രക്ഷക്കായി പർവ്വതത്തിലേക്ക് ഓടുവാൻ ബദ്ധപ്പെടുത്തുന്ന സ്നേഹനിധിയായ ദൈവം!! ശീഘ്രഗതിയിൽ എങ്ങനെയും തൊട്ടടുത്ത പട്ടണത്തിൽ എത്തിപ്പെടുവാൻ കഠിന പ്രയത്നം ചെയ്യുന്ന ലോത്തും കുടുംബവും!! രക്ഷക്കായി ചെന്ന് ചേരേണ്ട ഇടം ദൂരവേ ദർശിച്ചുകൊണ്ട് ഭർത്താവ് പായുമ്പോൾ ദർശനം പാളിയ ഭാര്യ പിന്നിലെക്കൊന്നു നോക്കി. ഉടനടിയവളൊരു ഉപ്പുതൂണായി....കാലങ്ങൾ കൊണ്ട് കരുതി കൂട്ടിയതൊക്കെ കാര്യമില്ലാത്തതായി കാണുവാൻ അവൾക്കായില്ല. പുറപ്പാടിന് മുമ്പേ ദൈവം പുറപ്പെടുവിച്ച കൽപ്പനക്ക് വിലകൊടുക്കാതെ വിട്ടുപോന്നതിലേക്കുള്ള തിരിഞ്ഞുനോട്ടം അവളെ തകർത്തുകളഞ്ഞു. "പുറകോട്ടു നോക്കരുത്, ഈ പ്രദേശത്തെങ്ങും നിൽക്കയുമരുത്" എന്നുള്ള മഹാദൈവത്തിന്റെ കൽപ്പന കേട്ടിട്ടധിക സമയം കഴിയും മുമ്പേ നടത്തിയ നിയമലംഘനം വരുത്തിവെച്ചത് അസാധാരണമായ ഒരു ദുരന്തം! പേരിലുണ്ടായിരുന്നതൊക്കെ പെട്ടെന്ന് വിട്ടിട്ടോടിയെങ്കിലും വിലമതിക്കാനാകാത്തതൊക്കെ നൊടിയിടക്കുള്ളിൽ കൈവിട്ടു പോയതിലുള്ള ദുഃഖം നിമിത്തം പിഴച്ച ദർശനത്തിനു കൊടുക്കേണ്ടിവന്ന പിഴ – മാനവ ചരിത്രത്തിൽ ആർക്കുമുണ്ടാകാത്ത മഹാദുരന്തത്തിനു കാരണമായി. പിറകോട്ടു നോക്കരുത് എന്ന് ദൈവം പറഞ്ഞിരിക്കെ, പിന്നെയും പിന്നിലേക്ക് നോക്കിയതെന്തിന്? ന്യായവിധിയുടെ തീ ആകാശത്ത് നിന്നും പുറപ്പെട്ടു കഴിഞ്ഞു...രക്ഷക്കായി പർവ്വതം മുന്നിൽ...അതിനിടയിൽ ജീവങ്കലേക്കുള്ള ത്വരിത പ്രയാണത്തിൽ എവിടെയാണ് പിന്നിലേക്കുള്ള നോട്ടം അനുവദിക്കപ്പെട്ടിട്ടുള്ളത്? ലോത്തിന്റെ ഭാര്യ തന്റെ പിന്നിൽ നിന്നും പുറകോട്ടു തിരിഞ്ഞുനോക്കി...ലോത്ത് കണ്ടുകാണില്ല....പക്ഷെ പുറകോട്ടു നോക്കരുത് എന്നു പറഞ്ഞ് അവരെ പുറപ്പെടുവിച്ച ദൈവംകണ്ടു! നമ്മുടെ തിരിഞ്ഞു നോട്ടങ്ങൾ മുന്നിൽ പോകുന്നവർ ഒരു പക്ഷേ കണ്ടില്ലെന്നു വരാം....പക്ഷെ മുകളിൽ നിന്നും ഒരുവൻ നോക്കുന്നുണ്ട്, അവനെല്ലാം കാണാം.!! അവനുമാത്രമേ എല്ലാം കാണുവാൻ കഴിയൂ!!!.

ഒരു ന്യായവിധിയുടെ പ്രഹരം ഈ ലോകം ഏറ്റുവാങ്ങുവാൻ പോകുന്നു എന്നറിഞ്ഞ് പല കാലങ്ങളായി മൂല്യമുള്ളതായി കണ്ടിരുന്ന പലതും വിട്ടിട്ടു പർവ്വതം ലാക്കാക്കി ഓടാനിറങ്ങി തിരിച്ചവരാണ് നാം. പെന്തക്കോസ്തിന്റെ പൂർവ്വ പിതാക്കന്മാർക്കു ഈ വെളിപ്പാട് ലഭിച്ചപ്പോൾ വെളിപ്പെടുവാനുള്ള തേജസ് മുന്നിൽ കണ്ടുകൊണ്ടു അവർ തങ്ങൾക്കുണ്ടായിരുന്നതൊക്കെ ത്യജിച്ചുകൊണ്ട് മുന്നിലേക്കോടി. അവരുടെ പിന്നാലെ ചില തലമുറകൾ കൂടി ആ ലക്ഷ്യത്തിലേക്ക് ഓടി എങ്കിലും നാം ഉൾപ്പെട്ടു നിൽക്കുന്ന ഈ കാലമെത്തിയപ്പോഴേക്കും കാര്യങ്ങളുടെ ഗതി മാറി. അവർ ഒന്നുമില്ലാത്തതായി കണ്ട പലതും നാം ഇന്ന് എല്ലാമായി കാണുന്ന വിരോധാഭാസം! നിത്യത ലാക്കാക്കുക' ഓടുന്ന ഒരുവൻ എപ്പോഴും അവന്റെ നോട്ടം വേദപുസ്തകത്തിന്റെ ഏറ്റവും കരുത്തുറ്റ സന്ദേശവും നേടുവാനുള്ളതിനെ കുറിച്ചുള്ള ബോധ്യം ഇല്ലാതാകുമ്പോഴാണ് വിട്ടതിലേക്ക് മടങ്ങുവാൻ ഉള്ള പ്രേരണ ഉണ്ടാകുന്നത്. ദൈവനാമത്തിന്റെ പിൻഗമനത്തിനായി നാം ഉപേക്ഷിച്ച പലതും തെറ്റായിപോയി എന്ന തോന്നൽ നമ്മിൽ ഉണ്ടാകുന്നത് അനുഗമനത്തിന്റെ പാതകളിൽ സംഭവിക്കുന്ന പിന്മാറ്റമാണ്. ഒരിക്കൽ ലജ്ജ ആയിരുന്നതിൽ ഇന്ന് നമുക്ക് തോന്നുന്ന മാനം നാം നേരിടുവാൻ പോകുന്ന ദുരന്തത്തിന്റെ മുന്നറിയിപ്പാണ്. ക്രിസ്തുവിന്റെ നിന്ദ വലിയ ധനമെന്നു മോശ എണ്ണിയപ്പോൾ താൻ വിട്ടുപോന്ന മിസ്രയീമിലെ നിക്ഷേപങ്ങളിലേക്ക് പിന്നീട് ഒരിക്കലും മടങ്ങിയില്ല. വിട്ടുകളഞ്ഞതെല്ലാം ചപ്പെന്നും ചവറെന്നും കാണുവാൻ കഴിയണമെങ്കിൽ ക്രിസ്തുവിനെകുറിച്ചുള്ള ആഴമേറിയ വെളിപ്പാട് നമ്മിൽ ഉളവാകണം. 'അവർ വിട്ടുപോന്നതിനെ ഓർത്തു എങ്കിൽ മടങ്ങിപ്പോകുവാൻ ഇട ഉണ്ടായിരുന്നുവല്ലോ' എന്ന വചനം ഇടയ്ക്കിടക്ക് ഓർക്കേണ്ടതാണ്.

നമ്മുടെ വിരുതിനെ തെറ്റിക്കുന്ന ലോകത്തിന്റെ പ്രലോഭനങ്ങൾ പിന്നിൽ നിന്നും നമ്മെ വശീകരിക്കുമ്പോൾ അതിനെ ജയിച്ചു വീണ്ടും മുന്നിലെക്കോടണമെങ്കിൽ എത്തിപ്പെടുന്ന ഇടത്തെക്കുറിച്ച് നന്നായി നാം അറിയണം. ഒരിക്കൽ നമ്മെ കണ്ടാൽ ലോകം തിരിച്ചറിഞ്ഞിരുന്നു. എന്തെന്നാൽ ലോകം നമ്മെ സ്നേഹിച്ചിരുന്നില്ല. അതിന്റെ കാരണം ലോകസ്നേഹം ദൈവത്തോട് ശത്രുത്വമാകുന്നു എന്നത് തന്നെ, ലോകവും ലോകക്കാരും ഇന്ന് നമ്മെ വല്ലാതെ സ്നേഹിക്കുന്നെങ്കിൽ ദൈവത്തിൽ നിന്നും നാം അകലുവാൻ തുടങ്ങിയിരിക്കുന്നു എന്ന് വേണം ഗണിക്കുവാൻ. ഇന്നലകളിൽ നാം പാപമെന്നു മനസിലാക്കി തള്ളിയ പലതും നമുക്കിടയിൽ കടന്നു കൂടിയ നവീന ഉപദേശങ്ങളുടെയും പുത്തൻ വ്യാഖ്യാനങ്ങളുടെയും സ്വാധീനതകൾ കൊണ്ട് ഇന്നത് പാപമല്ലാത്തതായി തീർന്നിരിക്കുന്നു. ഒന്നുമില്ലാതിരിക്കുമ്പോഴും ഭാവിയെകുറിച്ചുള്ള ആശങ്കകൾ നിഴൽമൂടിയിരിക്കുമ്പോഴും തലമുറകളെ പ്രതി ഉള്ളിൽ വേദനിക്കുമ്പോഴും ഒന്നിച്ചുകൂടി വലിപ്പ ചെറുപ്പ വ്യത്യാസമില്ലാതെ കൊട്ടി പാടി ആത്മാവിൽ ആരാധിച്ച്, ജീവിതത്തിലെ വൈഷമ്യങ്ങളെ വകവയ്ക്കാതെ കരുതുന്ന ഒരു ദൈവമുണ്ടെന്നു മനസിലാക്കി നിത്യരാജ്യ പ്രവേശനത്തിന് തടസ്സം നിൽക്കുന്നതെല്ലാം വലിച്ചെറിഞ്ഞു കൊണ്ട്, വിട്ടതിനെകുറിച്ചുള്ള കുറ്റബോധം തെല്ലുമില്ലാതെ ആത്മാവിൽ ആനന്ദിച്ചിരുന്ന ഒരു മുൻതലമുറ നമുക്കുണ്ടായിരുന്നു. ആയുസ്സ് മുഴുവൻ അത്യധ്വാനം ചെയ്തു വേണ്ടുന്നതൊന്നും കരുതാതെ ഇവിടുത്തെ വാസം ഉറപ്പിക്കുവാനായി നാം വീണ്ടും പിന്നിലേക്ക് തിരിയുമ്പോൾ ദൈവം അയക്കുന്ന ന്യായവിധിയിൽ ഈ ലോകത്തോടൊപ്പം നാം നശിക്കാൻ സാധ്യതയുണ്ട്. ആകയാൽ ഇളകാത്ത രാജ്യം പ്രാപിക്കുന്നതു കൊണ്ടു നാം നന്ദിയുള്ളവരായി ദൈവത്തിനു പ്രസാദം വരുമാറു ഭക്തിയോടും ഭയത്തോടുംകൂടെ സേവ ചെയ്ക. നമ്മുടെ ദൈവം ദഹിപ്പിക്കുന്ന അഗ്നിയല്ലോ (എബ്രാ. 12:28).

ഒന്നിച്ചിറങ്ങി പുറപ്പെട്ടെങ്കിലും പട്ടണത്തിൽ എത്തിയപ്പോൾ ഇറങ്ങിയ പലരും ഇല്ല. വഴിയിൽ വച്ച് നശിച്ചുപോയി ഉപ്പു തൂണായി വഴിത്തലയ്ക്കൽ നിൽക്കുന്നു!!! സഭകളിലും ആത്മീക സമൂഹങ്ങളിലും ഉപ്പു തൂണുകൾ അസംഖ്യാമം വിധം പെരുകുന്നു. ഇന്നലെകളിൽ മുന്നിലേക്കോടിയവർ ഇന്ന് ഉപ്പു തൂണുകളായി നിൽക്കുന്നത് കണ്ടു

05

ഭാവന

# പാട്ടുകൾ വാദിക്കുന്നു....



ബിനു വടക്കുംച്ചേരി

പഴയ ആത്മീയ ഗാനങ്ങൾ സഭകളിൽ നിന്നും അപ്രത്യക്ഷമാകുകയും, പുതിയ ഗാനങ്ങൾ കീഴടക്കുകയും ചെയ്യുമ്പോൾ, പുതിയ പാട്ടുകൾക്ക് പഴമയുടെ പകിട്ടുണ്ടോന്നു പരിശോധിക്കണം എന്നു ആവശ്യപ്പെട്ടു, പഴയ പാട്ടു കൊടുത്ത ഹർജി പരിഗണിച്ചു, പഴയ പാട്ടിന്റെയും, പുതിയ പാട്ടിന്റെയും വാദങ്ങൾ വിസ്തരിക്കുന്ന ആത്മീയ കോടതിയിലേക്ക് ഏവർക്കും സ്വാഗതം!

ഇവിടെ വാദി: പഴയ പാട്ടും, പ്രതി: പുതിയ പാട്ടുമാണു.

ജഡ്ജി: കേസിനെക്കുറിച്ച് വാദിക്കു പറയാനുള്ളതു പറയാം.

വാദി: ഈ നിൽക്കുന്ന എന്റെ സ്നേഹിതൻ 'പുതിയ പാട്ടു', കുറച്ചു കാലമായി അനുഭവങ്ങൾ ഇല്ലാത്ത പാട്ടുകളുമായി ദൈവസഭകളിൽ ഇടം പിടിക്കാൻ ശ്രമിക്കുന്നു. പണ്ട് കഷ്ടാനുഭവങ്ങളിൽ നിന്നും മനതാരിൽ ഉരിത്തിരിഞ്ഞ വാക്കുകൾക്കു ഈണം നൽകിയപ്പോൾ അനേകായിരങ്ങളുടെ ആത്മാവിനു ആശ്വാസം പകരുന്നതായിരുന്നു പഴയ പാട്ടുകൾ. എന്നാൽ ഇന്ന്, ഒരു നല്ല പാട്ടും ബാക്കി തട്ടി-മുട്ടി ഒപ്പിച്ച ഗാനങ്ങൾ ആൽബമായി ഇറങ്ങുന്ന കാഴ്ച വേദനാജനകമാണ്. ഇവിടെ പുതിയ നല്ല പാട്ടുകൾ ശ്രദ്ധിക്കാതെ പോകുകയാണ്.

പ്രതി: എന്റെ സ്നേഹിതൻ പറയുന്ന കാര്യങ്ങളോട് എനിയ്ക്ക് യോജിക്കാൻ കഴിയുകയില്ല. കാരണം ഇപ്പോഴത്തെ തലമുറ പുതിയ പാട്ടുകൾ പാടാൻ ആഗ്രഹിക്കുന്നവരാണ്, മാത്രവുമല്ല ഒട്ടുമിക്ക സഭകളിലും 'ക്വയർ ഗ്രൂപ്പ്' കൂടുതൽ പുതിയ പാട്ടുകൾ പാടുന്നുണ്ടെങ്കിലും, പഴയ പാട്ടുകളും പാടാൻ ശ്രമിക്കുന്നുണ്ട്. അനുഭവങ്ങൾ ഇല്ലാത്ത പുതിയ പാട്ടുകൾ ഇല്ല എന്നില്ല, പക്ഷെ വീടുകളിലും സഭകളിലും അവർ അതു പാടുന്നില്ല എന്നുണ്ടെങ്കിൽ അതിനു എങ്ങനെ കുറ്റം പറയാൻ സാധിക്കും?

വാദി: ഇന്ന് ക്വയർ എന്ന ഗ്രൂപ്പാണു സഭകളുടെ ആരാധനയെ നിയന്ത്രിക്കുന്നത് കൂടാതെ കൂട്ടത്തിൽ ഇൻസ്ട്രമെന്റ്സ് ഉണ്ട്. അവയുടെ താളം നിന്നാൽ ആരാധന നിൽക്കും. അവയുടെ താളം മുറുകിയാൽ ആരാധന മുറുകും.... പഴയ കാലത്ത് ഇൻസ്ട്രമെന്റ്സ് ഇല്ലതിനാൽ ആത്മാവിനു ഇമ്പമുള്ള ഗാനങ്ങൾ ആയിരുന്നു.

പ്രതി: ഇപ്പോഴത്തെ അവസാനത്തെ എഡിഷൻ ഇറക്കിയ എല്ലാ ആത്മീയ ഗാന പുസ്തകങ്ങളിലും പുതിയ പാട്ടുകൾ കാണാം. കാരണം ജനങ്ങൾ അതു ഇഷ്ടപ്പെടുന്നു എന്നതാണ് അതിന്റെ അർത്ഥം, മാത്രവുമല്ല നാം ബൈബിൾ പരിശോധിച്ചാൽ പുതിയ പാട്ടുകളെ കാണാം....

സങ്കീർത്തനങ്ങൾ- 96: 1: യഹോവയ്ക്കു ഒരു പുതിയ പാട്ടു പാടുവിൻ; സകലഭൂവാസികളുമായുള്ളോരേ, യഹോവയ്ക്കു പാടുവിൻ.

സങ്കീർത്തനങ്ങൾ- 98: 1: യഹോവയ്ക്കു ഒരു പുതിയ പാട്ടു പാടുവിൻ; അവൻ അത്ഭുതങ്ങളെ പ്രവർത്തിച്ചിരിക്കുന്നു

സങ്കീർത്തനങ്ങൾ- 144: 9: ദൈവമേ, ഞാൻ നിനക്കു പുതിയൊരു പാട്ടുപാടും; പത്തു കമ്പിയുള്ള വീണകൊണ്ടു ഞാൻ നിനക്കു കീർത്തനം ചെയ്യും.

സങ്കീർത്തനങ്ങൾ - 149: 1 : യഹോവയെ സ്തുതിപ്പിൻ; യഹോവയ്ക്കു പുതിയോരു പാട്ടും ഭക്തന്മാരുടെ സഭയിൽ അവന്റെ സ്തുതിയും പാടുവിൻ.

വാദി: 'യഹോവയ്ക്കു ഒരു പുതിയ പാട്ടു പാടുവിൻ' എന്നത് ശരി തന്നെ. പണ്ട് പാട്ടുകൾ ചുരുക്കമായിരുന്നു, ഇതുപോലെ ആൽബങ്ങളും, ഗീതാവലിയും ഇല്ലായിരുന്നു. ആദിമ പിതാക്കന്മാരുടെ സ്വന്തം ജീവിത അനുഭവത്തിൽ നിന്നും ഞങ്ങൾ പിറവിയെടുത്തത്.... അതു അന്ന് പുതിയ പാട്ടു തന്നെ. എന്നാൽ ഇന്ന് പുതിയ പാട്ടുകൾ പിറവിയെടുക്കുന്നുണ്ടെങ്കിലും പഴയ ഗാനങ്ങൾ പകരുന്ന സുഖം അതിനുണ്ടോ? അതിലെ വരികളിൽ , സാമ്പത്തിക ഉയർച്ചയും, അനുഗ്രഹങ്ങളും മാത്രം നിറഞ്ഞു നിൽക്കുമ്പോൾ പഴയ പാട്ടുകൾ ജനിക്കാൻ ഇടയായ സാഹചര്യങ്ങൾ മനസ്സിലാക്കാൻ ചില ഉദാഹരണങ്ങൾ ഞാൻ പറയാം....

> സ്വന്തം കുഞ്ഞിന്റെ ചേതനയറ്റ ശരീരം കൈകളിൽ എടുത്ത്

" ദുഃഖത്തിന്റെ പാനപാത്രം കർത്താവെന്റെ കൈയിൽ തന്നാൽ സന്തോഷത്തോടതു വാങ്ങി ഹല്ലേലുയ്യ പാടുമെന്ന്" പറഞ്ഞ സാധു കൊച്ചുകുഞ്ഞുപദേശി.

> രക്ഷയിലേക്ക് വന്നതിനു ശേഷം, സ്വന്തം കുഞ്ഞിനെ മാമോദിസ മുക്കുവാൻ വിസ്സമ്മതിച്ചതു മൂലം, തന്നെയും കുടുംബത്തെയും പൊരിവെയിലിൽ ഇറക്കിവിട്ടപ്പോൾ, തന്റെ പൊടികുഞ്ഞിനെ പിടിച്ചു യാത്രയായ, കെ. വി. ചേറു പാടി "കൂട്ടം വെറുത്തു കുലവും വെറുത്തെന്ന കൂട്ടുക്കാരും വെറുത്തു, എന്നാൽ കൂട്ടായി തീർന്നെന്റെ സ്വർഗ്ഗീയ സ്നേഹിതന്, കഷ്ടകാലത്തും വിട...."

>അധ്യാപക ജീവിതം വെടിഞ്ഞു, കാട്ടു ജാതികളിൽ സുവിശേഷം അറിയിച്ചും, 70–ാം വയസ്സിൽ രക്തവാതം പിടിച്ചു രോഗകിടക്കയിൽ കിടക്കുമ്പോൾ, കർത്താവിന്റെ ദാസൻ റ്റി. ജെ. അന്ത്രയോസ് പാടി....... "രോഗം എന്നെ പിടിച്ചെൻ ദേഹം ക്ഷയിച്ചാലുമേ.. വേഗം വരും എൻ നാഥൻ ദേഹം പുതുതാക്കിടാൻ..."

> കർത്താവിന്റെ കൽപ്പന അനുസരിച്ചതിനു സ്വന്തം അമ്മ വീട്ടിൽ നിന്നും ഇറക്കിവിടുകയും, തനിക്കു ലഭിച്ച ഒരു ' മാസിഡോണ്' ദർശനം അനുസരിച്ച് ജോലി രാജി വെച്ചു മിഷനറി പ്രവർത്തനം തുടങ്ങിയപ്പോൾ തന്റെ മനസ്സിൽ ഉയർന്ന പലവിധ ചോദ്യങ്ങൾക്കു മറുപടിയായി, മഹാ കവി കെ. വി. സൈമൺ സാർ ഇങ്ങനെ പാടി.. ." എന്റെ ഭാവി എല്ലാം എന്റെ ദൈവം അറിയുന്നു എന്ന പൂർണസമാധാനമോടെ നാൾ മുഴുവൻ പാർത്തിടും ഞാൻ. . . "

ഇത്തരത്തിൽ ഉള്ള കഷ്ട അനുഭവങ്ങൾ നിറഞ്ഞ ഗാനങ്ങൾ അന്യപ്പെടുകയും, അനുഗ്രഹങ്ങളും, നന്മകളും നിറഞ്ഞ പുതുഗാനങ്ങൾ ഇൻസ്ട്രമെന്റ്സ് അതിഷ്ഠിതമായ കാഴ്ചകൾ ഇന്ന് ആത്മീയ ഗോളത്തിൽ ഏറെയും... ഇൻസ്ട്രന്റ്സ് ഇല്ലെങ്കിൽ ഇത്തരം പാട്ടുകൾ പാടുവാൻ ബുദ്ധിമുട്ടും എന്നതു ദുഖ സത്യമാണ്.

പ്രതി പുതിയ പാട്ട്, പ്രതികരിക്കാൻ തുടങ്ങുന്നതിനിടയ്ക്കു ജഡ്ജി ഇരുവരുടെയും വാദത്തിനുള്ള സമയം കഴിഞ്ഞതായി പ്രസ്താവിച്ചു. ശേഷം ഈ കേസിൽ ഉള്ള തീരുമാനം അറിയിക്കുകയും ചെയ്തു.

ജഡ്ജി: ഇന്നത്തെ ആരാധനയിൽ പഴയ പാട്ടുകൾക്ക് സ്ഥാനം നന്നേ കുറവായതിനാൽ നവയുഗ തലമുറകൾക്ക് പഴയ പാട്ടുകളെ കുറിച്ചുള്ള ഗ്രാഹ്യം കുറവാണ്. പുതിയ പാട്ടുകൾ 'ഹിറ്റുകൾ' ആയാലും അവ കുറച്ചുനാൾ പിന്നിടുമ്പോൾ പലരും മറന്നുപോകുന്നു. പക്ഷെ അനുഭവത്തിൽ നിന്നും ആത്മാവിൽ രചിച്ച ഗാനങ്ങൾ അനശ്വരമായി തന്നെ ഇന്നും നിലനിൽക്കുന്നു എന്നതൊരു വസ്തുതയാണ്. പാട്ടുകൾ എന്തായാലും നമ്മുക്കു പാടിയേ പറ്റൂ, അതു പഴയതെങ്കിലും, പുതിയതാണെങ്കിലും ആത്മാവിനു ഇമ്പം പകരുന്ന ഗാനങ്ങൾ തിരഞ്ഞെടുക്കാൻ സഭയും, കുടുംബങ്ങളും തയ്യാർ ആകട്ടെ എന്നോർപ്പിച്ചു കൊണ്ട് ഇരുവരും സമാധാനമായി പിരിഞ്ഞു പോകണം എന്ന് നിർദ്ദേശിച്ച് ആത്മീയ കോടതി ഈ വിഷയതിലുള്ള അന്തിമ തീരുമാനം അറിയിച്ചു.

# മരുഭൂമിയിൽ ആത്മാക്കളെ തേടി ഒരു ക്രിസ്തു ഭടൻ



പത്തനംതിട്ട ജില്ലയിലെ കൂടലിൽ ഒരു ഓർത്തഡോക്സ് കുടുംബത്തിൽ 1970ലാണ് പാസ്റ്റർ പി. എം. ശാമുവേൽ ജനിച്ചത്. പുത്തൻതോപ്പിൽ വർഗീസ് മത്തായിയുടെയും ഏലിയാമ്മയുടെയും ഏഴുമക്കളിൽ ഇളയവനായിരുന്നു സാം എന്ന ഓമനപ്പേരിൽ അറിയപ്പെട്ട പാസ്റ്റർ പി. എം. ശാമുവേൽ. സഹോദരങ്ങളുടെയും മാതാപിതാക്കളുടെയും ലാളന വളരെ ലഭിച്ച സാം ഓർത്തഡോക്സ് സണ്ടേസ്കൂളിലും യുവജനപ്രസ്ഥാനത്തിലും സജീവമായി പ്രവർത്തിച്ചു. പള്ളിയുമായി ബന്ധപ്പെട്ട എല്ലാകാര്യങ്ങളിലും മുൻപന്തിയിലായിരുന്നു താൻ. ബാല്യകാലത്തിലെ മികച്ച സംഘാടക വൈഭവം സാം പ്രദർശിപ്പിച്ചിരുന്നു. അഖിലകേരള ബാലജനസഖ്യത്തിന്റെ സജീവപ്രവർത്തകനായിരുന്ന താൻ അതിന്റെ നേതൃത്വനിരയിലും പ്രവർത്തിച്ചുവന്നു. ഒപ്പം രാഷ്ട്രീയപ്രവർത്തനത്തിലും സജീവമായിരുന്ന താൻ സഭാ തലത്തിൽ യുവജനപ്രസ്ഥാനത്തിന് നേതൃത്വം കൊടുത്തു. വിദ്യാഭ്യാസാനന്തരം നാട്ടിൽതന്നെ ബിസിനസ്സിലേർപ്പെട്ടു. സാമൂഹ്യസേവനരംഗത്തും ഓർത്തഡോക്സ് സഭയുടെ യുവജനപ്രസ്ഥാനത്തിലും വളരെ സജീവമായിരുന്ന അക്കാലത്ത് ചില കൂട്ടുകെട്ടിൽ അകപ്പെട്ട് മദ്യപാനത്തിന് അടിമയായി മാറി.

ജീവിതത്തിലെ സമാധാനവും സന്തോഷവും നഷ്ടപ്പെട്ട് ലോകമോഹത്തിന് അടിമയായി ജീവിച്ച കാലം. 26-ാം വയസ്സിൽ കോന്നിയിൽ എഴിയത്ത് മത്തായി - മറിയാമ്മ ദമ്പതികളുടെ മകൾ ഡെയ്സി ജീവിതസഖിയായിയെത്തി. സന്തോഷത്തോടെ ആരംഭിച്ച കുടുംബജീവിതം തന്റെ മദ്യപാനം മൂലം താളപ്പിഴകൾ നിറഞ്ഞതായി മാറി. കുടുംബജീവിതം സമാധാനം ഇല്ലാത്ത അവസ്ഥയിൽ കൂടുതൽ പ്രക്ഷുബ്ദമായ നാളുകൾ. ഇതിൽ നിന്നെല്ലാം രക്ഷപ്പെടണമെന്നും സമാധാനപൂർണ്ണമായ കുടുംബജീവിതം നയിക്കണമെന്നും ഹൃദയത്തിൽ ആഗ്രഹിച്ചെങ്കിലും സാധിക്കാതെ നിരാശനായി മാറി. ഈ കാലത്താണ് പത്തനാപുരത്ത് നടന്ന ഹാരി ഗോമസിന്റെ കൺവൻഷനിൽ യാദൃശ്ചികമായി സംബന്ധിപ്പാൻ ഇടയായി. റോഡിലൂടെ യാത്രചെയ്യുമ്പോൾ മൈക്കിലൂടെ കേട്ട പാട്ട് തന്നെ യോഗസ്ഥലത്തേക്ക് ആകർഷിച്ചു. മദ്യപിച്ച് അവിടെയെത്തിയ താൻ പെന്തക്കോസ്തുകാരോടുള്ള അമർഷം മൂലം അവിടെ പ്രശ്നമുണ്ടാക്കുവാനാണ് എത്തിയത്. എന്നാൽ ഏതോ അദൃശ്യശക്തി പിടിച്ചിരുത്തുംപോലെ താൻ അവിടെ ശാന്തനായി ഇരുന്ന് പ്രസംഗം ശ്രവിച്ചു. പരിശുദ്ധാത്മാവ് ആ പ്രസംഗത്തിലൂടെ തന്നോടിടപെടുകയും തന്നിൽ പാപബോധം ഉളവാകുകയും ചെയ്തു. അന്ന് യേശുക്രിസ്തുവിനെ സ്വന്തരക്ഷിതാവായി സ്വീകരിച്ചാണ് താൻ ഭവനത്തിലേക്ക് മടങ്ങിയത്.

ഈ സംഭവം തന്റെ ജീവിതത്തെ ആകമാനം മാറ്റിമറിച്ചു. ഹൃദയത്തിലുണ്ടായ രൂപാന്തരം ദൈവത്തോട് കൂടുതൽ അടുപ്പിച്ചു. കൂടുതലായി ദൈവവചനം വായിക്കുവാനും ദൈവമക്കളുമായി ബന്ധപ്പെടുവാനും താൻ ഉത്സാഹിച്ചു. ദൈവവചനം മനസ്സിലാക്കിയതുപ്രകാരം 1998 ഒക്ടോബർ 19-ാം തീയതി വിശ്വാസസ്നാനം സ്വീകരിച്ചു. ഇത് കുടുംബത്തിൽ വലിയ കോലിളക്കം ഉണ്ടായി. സുഹൃത്തുക്കളും സഹോദരങ്ങളും ബന്ധുക്കളും ഇടവകക്കാരും നാട്ടുകാരുമെല്ലാം പരിഹസിക്കുകയും ഒറ്റപ്പെടുത്തുകയും ചെയ്തു. പ്രതികൂലത്തിന്റെ ആ പരീക്ഷണഘട്ടത്തിൽ ദൈവജനത്തോടൊരുമിച്ചുള്ള കൂട്ടായ്മയാണ് അല്പമെങ്കിലും ആശ്വാസമായത്. എല്ലാവരാലും ഒറ്റപ്പെട്ട സാഹചര്യത്തിൽ ബിസിനസ്സ് വേണ്ടനിലയിൽ മുന്നോട്ടുകൊണ്ടുപോകുവാൻ കഴിയാതെയായി. അങ്ങനെ നാട്ടുകാരുടെ മുമ്പിൽ പരിഹാസവിഷയമായ കുടുംബത്തിന് പരിഹാരം എന്നോണം സഹോദരന്മാർ തന്നെ അബുദാബിയിൽ എത്തിച്ചു. 1999 ജനുവരി 30നാണ് താൻ അവിടെയെത്തിയത്. പുരോഗതിയിലേക്ക് കുതിച്ചുയരുന്ന അബുദാബിയിൽ കൂട്ടിനും കൂട്ടായ്മയ്ക്കുമായി ദൈവജനത്തെ താൻ തേടി. ഓർത്തഡോക്സ് പള്ളിയിൽ ചെല്ലുവാനുള്ള സഹോദരന്മാരുടെ സമ്മർദ്ദത്തെ അതിജീവിച്ച് ജോലിക്ക് ശേഷം മൈലുകളോളം നടന്ന് കൂട്ടായ്മയ്ക്കായി താൻ പൊയ്ക്കൊണ്ടിരുന്നു. അങ്ങനെയിരിക്കെ യാദൃശ്ചികമായി പരിചയപ്പെട്ട ഒരു വിശ്വാസി തന്നെ അബുദാബി ഐ. പി. സി. സഭയിലെത്തിച്ചു. അത് തന്റെ ആത്മീയ ജീവിതത്തിലെ വഴിത്തിരവായി. പാസ്റ്റർ എം. സി. ചാക്കോ എന്ന ശ്രേഷ്ഠനായ ദൈവദാസന്റെ പിതൃതുല്യനായ കരുതലും സ്നേഹവും ആത്മീയ കൈത്താങ്ങലും തനിക്ക് ഉത്തേജനമായി. ഒപ്പം മറ്റ് ദൈവദാസന്മാരുടെയും ദൈവമക്കളുടെയും പ്രോത്സാഹനവും കൈത്താങ്ങലും തന്നെ ആത്മീയജീവിതത്തിൽ വളർത്തി. ജോലിയോടൊപ്പം ദൈവദാസനോട് ചേർന്ന് ലേബർക്യാമ്പുകളിൽ പോയി ദൈവവചനം അറിയിക്കുകയും തന്റെ അനുഭവസാക്ഷ്യം പങ്കിടുകയും ചെയ്തുവന്നു. ഒപ്പം സഭയുടെ ആത്മീയപ്രവർത്തനങ്ങളിൽ സജീവമാകുകയും ചെയ്തു.

ഈ സമയത്ത് സഹധർമ്മിണി ഡെയ്സിയെയും മക്കളെയും അബുദാബിയിലേക്ക് കൊണ്ടുവരുവാൻ ദൈവം അവസരം ഒരുക്കി. രണ്ട് പെൺകുഞ്ഞുങ്ങളെ ദൈവം ദാനമായി നൽകിയിരുന്നു. 12-ാം ക്ലാസ്സ് വിദ്യാർത്ഥിനിയായ അഞ്ചുവും 9-ാം ക്ലാസ്സ് വിദ്യാർത്ഥിനിയായ അൻസുവും ആത്മീയ പ്രവർത്തനങ്ങളിൽ സജീവമാണ്. വിദ്യാർത്ഥികളുടെ ഇടയിൽ സജീവപ്രവർത്തകരും നല്ല ഗായകരുമാണ്.

അബുദാബി ഐ. പി. സി. സഭയുടെ ഔട്ട്സ്റ്റേഷൻ വർക്ക് 2008-ൽ മുസ്സഫയിൽ ആരംഭിച്ചു. അന്നുമുതൽ അവിടെ സുവിശേഷവേലയിൽ വ്യാപൃതനാകുവാൻ ദൈവം അവസരം നൽകി. 2010 ഫെബ്രുവരി മാസം 10-ാം തീയതി സീയോൻ ഐ. പി. സി. ചർച്ച് എന്ന പേരിൽ പ്രവർത്തനം ആരംഭിച്ചു. പാസ്റ്റർ എം. സി. ചാക്കോയോടൊപ്പം പാസ്റ്റർ കെ. സി. ജോൺ തന്നെ പ്രാർത്ഥിച്ച് സുവിശേഷവേലയ്ക്കായി വേർതിരിച്ചു. 2012 ഏപ്രിൽ 15-ാം തീയതി ഇന്ത്യാ പെന്തക്കോസ്ത് സഭയുടെ ഓർഡെയ്ൻ ശുശ്രൂഷകനായി തന്നെ വേർതിരിച്ചു. ഇന്ന് അബുദാബി മുസ്സഫയിലെ പ്രധാന സഭകളിൽ ഒന്നാണ് ഐ. പി. സി. സീയോൻ ചർച്ച്. ഞായർ, വെള്ളി, വ്യാഴം ദിവസങ്ങളിൽ ആരാധനയും കൂട്ടായ്മകളും സജീവമായി നടക്കുന്നു. മുസ്സഫയിലെ ലേബർ ക്യാമ്പുകളിൽ മുടങ്ങാതെ സുവിശേഷം എത്തിക്കുന്നതിൽ സഭയും പാസ്റ്റർ പി. എം. ശാമുവേലും മുൻപന്തിയിലാണ്. തന്മൂലം അനേകർ ക്രിസ്തുവിനെ അറിയുവാനും സത്യാരാധനക്കാരായി തീരുന്നതിനും ദൈവം സംഗതിയാക്കുന്നു. അബുദാബിയിലെ പെന്തക്കോസ്ത് സഭകളുടെ പൊതുവേദിയായ ആപ്കോണിന്റെ ജോയിന്റ് സെക്രട്ടറിയായും അബുദബി ഐ. പി. സി. സഭയുടെ സുവിശേഷകനും കമ്മറ്റി അംഗവുമായും പ്രവർത്തിച്ചു.

തിരിഞ്ഞുനോക്കുമ്പോൾ പ്രതികൂലങ്ങളുടെ തീച്ചൂളയും തരണം ചെയ്യാൻ സാധിക്കുമോ എന്ന് സംശയിച്ചുപോയ ചെങ്കടലുകളും താണ്ടുവാൻ സർവ്വകൃപാലുവായ ദൈവം സഹായിച്ച് സന്ദർഭങ്ങൾ അനവധിയാണ്. രാത്രിയുടെ യാമങ്ങളിൽ മണിക്കൂറുകളോളം കുടുംബമായി മുഴങ്കാലിൽ ഇരുന്ന് ദേശത്തിനുവേണ്ടിയും ദൈവമക്കൾക്കുവേണ്ടിയും മധ്യസ്ഥത അണയ്ക്കുന്ന ഈ ദൈവദാസൻ പ്രാർത്ഥനയിലൂടെയുള്ള വിടുതലുകൾക്ക് അത്ഭുതസാക്ഷിയാണ്. ഏതുവിധേനയും ആത്മാക്കളെ നേടുക എന്ന ലക്ഷ്യത്തോട് ക്യാമ്പുകളിലും മറ്റിടങ്ങളിലും തനിക്ക് ലഭിക്കുന്ന അവസരങ്ങളൊക്കെയും സുവിശേഷം പങ്കിടുവാൻ മടിക്കാട്ടാത്ത ഈ ദൈവദാസൻ തന്റെ ജീവിതത്തിൽ ഏകലക്ഷ്യത്തോട് ഓടുകയാണ്. നല്ല പോർ പൊരുതു ഓട്ടം തികയ്ക്കണം. കാരണം ഇത്രത്തോളം സഹായിച്ചത് സർവ്വശക്തനാണ്. അവൻ തന്നതല്ലാതെ മറ്റൊന്നുമില്ല. മരുഭൂമിയിൽ ദൈവം നൽകിയ കൃപ ഒന്നു മാത്രം. പട ചേർത്തവനെ പ്രസാദിപ്പിക്കുന്ന പടയാളിയെപ്പോലെ ഒരു നല്ല ഭടനായി തന്നെതന്നേ സമർപ്പിച്ചു താൻ ഓടുകയാണ്. ചിലരെയെങ്കിലും തീയിൽ നിന്ന് വലിച്ചെടുക്കുവാൻ.

## ഹൂസ്റ്റൺ പെന്തക്കോസ്തൽ ഫെലോഷിപ്പിന് പുതിയ സാരഥികൾ









**ഹൂസ്റ്റൺ:** ഹൂസ്റ്റൺ പട്ടണത്തിലും സമീപപ്രദേശങ്ങളിലുമുള്ള 14 സഭകളുടെ ഐക്യ കൂട്ടായ്മയായ പെന്തക്കോസ്തൽ ഫെലോഷിപ്പിന് പുതിയ ഭാരവാഹികളെ തെരഞ്ഞെടുത്തു. പാസ്റ്റർ കെ. സി. ചാക്കോ (പ്രസിഡന്റ്), പാസ്റ്റർ റഞ്ചൻ പി. ചെറിയാൻ (വൈസ് പ്രസിഡന്റ്), ജോസ് കുര്യൻ (സെക്രട്ടറി), ഏലിയാസർ ചാക്കോ (ട്രഷറർ), ജോയ് തുമ്പമൺ (മീഡിയ കോർഡിനേറ്റർ) എന്നിവരാണ് ഭാരവാഹികൾ. ഫെലോഷിപ്പിന്റെ ആഭിമുഖ്യത്തിൽ കൺവൻഷൻ, പാസ്റ്റേഴ്സ് സെമിനാർ, ജീവകാരുണ്യ പ്രവർത്തനങ്ങൾ എന്നിവ നടത്തിവരുന്നു.

പ്രസിഡന്റായി തെരഞ്ഞെടുക്കപ്പെട്ട റവ. കെ. സി. ചാക്കോ ഐ. പി. സി. ഫെലോഷിപ്പിന്റെ മുൻ പ്രസിഡന്റായിരുന്നു. ബഥേൽ ഐ. പി. സി.യുടെ സീനിയർ പാസ്റ്റർ കൂടിയാണ്. വൈസ് പ്രസിഡന്റ് റവ. റഞ്ചൻ ഫിലിപ്പ് ശാരോൻ ഫെലോഷിപ്പിന്റെ പാസ്റ്ററാണ്. സെക്രട്ടറിയായി തെരഞ്ഞെടുക്കപ്പെട്ട ജോസഫ് കുര്യൻ ഐ. പി. സി. ഫാമിലി കോൺഫറൻസിന്റെ മുൻ നാഷണൽ സെക്രട്ടറി, പെന്തക്കോസ്തൽ കോൺഫറൻസിന്റെ ലോക്കൽ കോർഡിനേറ്റർ തുടങ്ങി വിവിധ സ്ഥാനങ്ങൾ വഹിച്ചിട്ടുണ്ട്. മികച്ച സംഘാടകൻ കൂടിയാണ്. ട്രഷറാർ ഏലിയാസർ ചാക്കോ മോഡേൺ ഒപ്റ്റിക്കലിന്റെ ഉടമസ്ഥനാണ്.

## സംവാദവേദി

**പെന്തക്കോസ്ത് സഭകളിൽ നുഴഞ്ഞുകയറുന്ന നവപ്രവണതകളെയും വചനവിരുദ്ധനിലപാടുകളെയും പ്രതിരോധിക്കുകയും പുറമേ നിന്നുള്ള വെല്ലുവിളികളെ ആശയപരമായി നേരിടുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെ പ്രാർത്ഥന, വചനപഠനം, ചർച്ചകൾ, സെമിനാറുകൾ സംഘടിപ്പിക്കുന്നതിനും വിശാലമായ ആത്മീക സൗഹൃദം കെട്ടിപ്പടുക്കുന്നതിനും തൽപരരായവരുടെ ഒരു സംവാദവേദി രൂപപ്പെടുന്നു.**

**സഹകരിക്കുവാൻ താൽപര്യപ്പെടുന്നവർ ബന്ധപ്പെടുക:**
**ഫോൺ. 9961080133**

08

## മാധ്യമവിചാരം.....

കൊണ്ട് പി. എം. ഏബ്രഹാം ചെറുപുഴ എന്ന ബ്രദറൺ എഴുത്തുകാരനും സി. റ്റി. ജോണിക്കുട്ടി എന്ന മറ്റൊരാളും രംഗത്തുവന്നു. പി. എം. ഏബ്രഹാമിന്റെ ലഘുകൃതിയുടെ പേര് ആട്ടിൻതോലണിഞ്ഞ ചെന്നായ്ക്കൾ എന്നായിരുന്നു. അദ്ദേഹം തന്റെ കൃതിയിലൂടെ ദേവിനെ ആക്ഷേപിക്കുന്നിടത്ത് ആവേശപൂർവ്വം സൂചിപ്പിക്കുന്നത് ദേവ് സഭ മാറുന്നത് തന്റെ കുടുംബപരമായ പ്രശ്നങ്ങളാലാണ് അല്ലാതെ ആശയപരമല്ല. ഇപ്പോഴിതാ ദേവ് തിരിച്ച് ബ്രദറൺ സഭയിൽ വന്നിരിക്കുന്നു. പി. എം. ഏബ്രഹാമിന് എന്തു പറയാനുണ്ട്?

പരിശുദ്ധാത്മാവ് പ്രവർത്തനവും പരമാധികാരവും എന്ന പേരിൽ ഒരു ബൃഹത്കൃതി ദേവ് പ്രസിദ്ധം ചെയ്യുമെന്ന് അന്ന് സൂചിപ്പിച്ചിരുന്നു. ഇപ്പോഴത്തെ സാഹചര്യത്തിൽ ദേവ് ഖണ്ഡിക്കേണ്ടിവരുന്നത് സ്വന്തം കൃതിയായ പരിശുദ്ധാത്മയുഗത്തെയാണ്. ഒരുവന് തന്റെ ഭൂതകാലത്തോട് പോരാടേണ്ടിവരുന്ന മാനസികാവസ്ഥ എത്രമാത്രം സമ്മർദ്ദാധിഷ്ഠിതമാകും എന്നതാണ് ഇനി ജെ. സി. ദേവ് തെളിയിക്കുക. നിസാര (?) പ്രശ്നങ്ങളാൽ ബ്രദറൺ സഭ വിടുക, പെന്തക്കോസ്തിൽ ചേരുക, അന്തരീക്ഷം തണുക്കുമ്പോൾ തിരിച്ചുചെല്ലുക, ചെന്നിടത്തേക്കുറിച്ച് പുകഴ്ത്തി പറയുക, വിട്ട് പോന്നയിടത്തെ അവഹേളിക്കുക ഇത്തരം ഒരു നയം ഒരാൾ ജീവിതശൈലി ആക്കിമാറ്റുമ്പോൾ എന്താണാവോ നമുക്ക് പറയാനാവുക.

സഭാചരിത്ര പണ്ഡിതൻ, ബൈബിൾ ചിന്തകൻ, സൗമ്യഭാവനായ സുവിശേഷകൻ, മിതഭാഷി ഇത്യാദി വിശേഷണങ്ങളാൽ കേരള സഭാ ചരിത്രത്തിൽ സ്ഥാനം പിടിക്കേണ്ട ഒരാൾ വഴകൊഴ മാനസികാവസ്ഥയുടെ മാറാപ്പുമേന്തി പെന്തക്കോസ്ത് സഭകളിലും ബ്രദറൺ സഭകളിലും മാറിമാറി ഭാഗ്യപരീഷണം നടത്തുന്നതിൽ പെന്തക്കോസ്തുകാരും ബ്രദറൺകാരും സഹതപിക്കുക. സഭ മാറാനും മതം മാറാനും ദൈവത്തെ അനുഗമിക്കാനും നിഷേധിക്കാനും സ്വാതന്ത്ര്യം അനുവദിക്കുന്ന രാജ്യത്ത് ദേവിനെന്നല്ല ആർക്കും എങ്ങോട്ടും മാറാം. പക്ഷെ മാജിക്കുകാരൻ വ്യത്യസ്ത തൊപ്പികളിൽ നിന്ന് അതിശീഘ്രം മുയലുകളെ പുറത്തെടുക്കുന്ന വിദ്യയെ അനുസ്മരിപ്പിക്കുംവിധം സഭ ചാടുന്ന പരിപാടിയെ അവസരവാദം എന്നുവിളിക്കുവാനുള്ള ലേഖകന്റെ സ്വാതന്ത്ര്യത്തെയും ബഹുമാനിക്കുക. പെന്തക്കോസ്തുകാർ അറിയേണ്ടത് ബ്രദറൺ സഭയിൽ ദേവിന് പഴയ അംഗീകാരം കിട്ടാൻ കഴിഞ്ഞു എന്നുവരില്ല. അദ്ദേഹം അപ്പോഴേ തിരിച്ചുവന്നേക്കാം. ഇനിയും അബദ്ധം പറ്റാതെ സൂക്ഷിക്കണം. ബ്രദറൺ സഹോദരങ്ങളോട് ഒരു വാക്ക് ദേവിന് പരമാവധി അവസരം നൽകുക ഇല്ലെങ്കിൽ കക്ഷി കളം വിടും.

MOB: 9447368795
beljourn@gmail.Com
beljourn.com/ www.bjournal.org
VOL 07, ISSUE 07
RNI. NO. KERMAL/2008/26530 | POSTAL REG. NO. KL/7LA/225/2012-14

BELIEVERS JOURNAL

BELIEVERS JOURNAL
P. O. BOX NO. 31, MANJADI P.O
THIRUVALLA, KERALA - 689 105
Publishing Date
10/04/2014

# ഏബനേസർ എഡ്യൂക്കേഷണൽ ഇൻസ്റ്റിറ്റ്യൂഷൻസ്
## ബാംഗ്ലൂർ, കർണ്ണാടക

**ഏബനേസർ ഡിഗ്രി കോളേജ്**
ബി. കോം, ബി ബി എം,
ബി.സി.എ
കോഴ്സുകളിലേക്ക് ഉടൻ
അഡ്മിഷൻ ആരംഭിക്കുന്നു

**ഏബനേസർ കോളേജ് & സ്കൂൾ ഓഫ് നേഴ്സിംഗ്**
(രാജീവ് ഗാന്ധി യൂണിവേഴ്സിറ്റി ഓഫ് ഹെൽത്ത് സയൻസ് അഫിലിയേഷൻ, കെ.എൻ.സി. & ഐ. എൻ. സി. അംഗീകാരം)

**ബി.എസ്.സി. നേഴ്സിംഗ്** കാലാവധി - 4 വർഷം / യോഗ്യത - 10 +2/ 45% സയൻസ് ഗ്രൂപ്പ്
**ജി. എൻ.എം.** കാലാവധി - 3 വർഷം / യോഗ്യത - 10 +2/ 40%

മികച്ച പ്രാക്ടിക്കൽ സൗകര്യം, മെച്ചപ്പെട്ട ഹോസ്റ്റൽ സൗകര്യങ്ങൾ, മികച്ച അദ്ധ്യാപനം, മികച്ച ആത്മീക നിലവാരം, ആരാധന സൗകര്യം, കേരളാ ഭക്ഷണം, ഇന്ത്യയിലെ ഐറ്റി നഗരത്തിൽ മികച്ച അദ്ധ്യയനത്തിന് ശാന്തമായ അന്തരീക്ഷത്തിൽ കുട്ടികളുടെ ആത്മീയ നിലവാരം കാത്തു സൂക്ഷിക്കുന്ന വിശ്വാസികളുടെ സ്ഥാപനം.

**Brisbane North**
INSTITUTE OF TAFE
**Diploma in Hospitality** (Australian Degree)
Brisbane North Institute of TAFE - Queensland
Academic Requirements:
Grade 12 (10+2) Minimum 50%
Intake: June
Course Details
Duration: 12 Months,
Full Time
Eben-Ezer Campus Banglore
Outcome
BNIT's Diploma Programs also offer established direct entry pathways into Bachelor Degree programs at top Queensland universities with up to 1 year credit

വിജയത്തിന്റെ പടവുകൾ താണ്ടുന്ന ഏബനേസർ ഗ്രൂപ്പ് ഓഫ് ഇൻസ്റ്റിറ്റ്യൂഷനിൽ അഡ്മിഷൻ ആരംഭിച്ചിരിക്കുന്നു

Web Site
www.ebenezerblr.org

The Administrator
Eben-Ezer Institutions, No. 19, Ebenezer Nagar,
Kothanur P.O, Bangalore - 560 077
Tel: 080 - 28444201, 65654909, 28445678, 09740157249,
09448476968, 09845890178
E -mail : ebenezerblr@yahoo.co.in

UNITED IN HOLY SPIRIT

# 4-ാമത് ഓസ്ട്രേലിയൻ ഇന്ത്യൻ പെന്തെക്കോസ്തൽ കോൺഫറൻസ്
## 2014 ഏപ്രിൽ 18,19,20 സിഡ്നിയിൽ
(റെഡ്ഗം സെന്റർ, 2 ലെയ്ൻ സ്ട്രീറ്റ്, വെന്റ്വർത്ത്‌വില്ലെ ന്യൂ സൗത്ത് വെയിൽസ് 2145)

ചിന്താവിഷയം: **ഉയിർപ്പിന്റെ ശക്തി**


പാസ്റ്റർ തോമസ് ജോർജ്ജ്
(നാഷണൽ പ്രസിഡന്റ്)


റവ. ഡോ. ജോൺ കെ മാത്യു
(യു. എസ്. എ)


റവ. കെ ജോയി
(ന്യൂഡൽഹി)


റവ. എം. കെ ജോർജ്ജ്
(കേരളം)

ഉദ്ഘാടനം : പാസ്റ്റർ തോമസ് ജോർജ്ജ്, ഗാനശുശ്രൂഷ : പാസ്റ്റർ വില്യം മല്ലശ്ശേരി

- യുവജനങ്ങൾക്കും, വനിതകൾക്കും, കുടുംബങ്ങൾക്കും പ്രത്യേക സെക്ഷനുകൾ
- സമാപന ദിവസമായ 20ന് സഭായോഗത്തിന് കർത്തൃമേശയും തുടർന്ന് പൊതുയോഗവും

കൂടുതൽ വിവരങ്ങൾക്ക് : പാസ്റ്റർ ഏലിയാസ് ജോൺ ( പബ്ലിസിറ്റി ബോർഡ് ചെയർമാൻ ) 61423804644

Printed & Published by Peter Mathew Owned By M.V. Philip Mekkattu House, Payippad P.O, Alappuzha- 690 556, Samkutty Mathew Koipurath House, Makkapuzha.P.O., Ranni,PTA - 689 676, Peter Mathew, Valliyathu House, Kallumkal P.O., Thiruvalla, PTA- 689 111. Published From P.B. No. 8, R.S.P.O.Thiruvalla, Pin: 689 111 Pathanamthitta (Dist) & Printed at Cochin Printech Pvt Ltd., Udyogamandal P.O., Ernakulam Dist. Kerala, Editor - Samkutty Mathew.